2026 NOVEMBER 23

emalayalee.com

The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



സുവർണ ജൂബിലിക്ക് വർണാഭമായ സമാപനം

അമ്പതുവർഷത്തെ സാംസ്കാരിക സേവനനിറവിൽ കെ.സി.എ.എൻ.എ.



മിസിസ് യൂണിവേഴ്സ് 2026: ടോപ് 25–ൽ ഇടം നേടി സ്മിത ഭാസി സഞ്ജീവ്

450+ SHOWROOMS
14 COUNTRIES

MALABAR
GOLD & DIAMONDS



BLACK FRIDAY SALE

GIFT VOUCHERS

GET
$75
WORTH DIAMOND VOUCHER
on Every Purchase of Diamond & Precious Gem Jewellery worth $2,000

UP TO
50% OFF
On Diamond Value & Making Charges of Gold Jewellery

GET
$25
WORTH DIAMOND VOUCHER
on Every Purchase of Gold Jewellery worth $2,000

0%
ZERO DEDUCTION
on 22K and 24K Gold Exchange

T&C Apply*

20th Nov to 29th Nov, 2026

അമ്പതുവർഷത്തെ സാംസ്കാരിക സേവനനിറവിൽ കെ.സി.എ.എൻ.എ.; സുവർണജൂബിലിക്ക് വർണാഭമായ സമാപനം

വർഗീസ് കോരസൺ
പബ്ലിക് റിലേഷൻസ് ഓഫീസർ
കെ.സി.എ.എൻ.എ.

ന്യൂയോർക്ക് : അരനൂറ്റാണ്ടിന്റെ സാംസ്കാരിക പ്രവർത്തനങ്ങളും സമൂഹസേവനവും അടയാളപ്പെടുത്തി കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.എ.എൻ.എ.) സുവർണജൂബിലി സമാപനാഘോഷം നടന്നു. നവംബർ 14 ശനിയാഴ്ച എൽമോണ്ടിലെ സെന്റ് വിൻസന്റ് ഡി പോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ആഘോഷത്തിൽ അംഗങ്ങളും കുടുംബങ്ങളും സുഹൃത്തുക്കളും പങ്കെടുത്തു. പൊതുസമ്മേളനം, കലാസാംസ്കാരിക പരിപാടികൾ, ആദരിക്കൽ, സ്മരണിക പ്രകാശനം എന്നിവ ആഘോഷത്തിന്റെ ഭാഗമായി.

അസോസിയേഷൻ പ്രസിഡന്റ് റെജി കുര്യൻറെ അധ്യക്ഷതയിൽ ആരംഭിച്ച പൊതുസമ്മേളനം ന്യൂയോർക്ക് സ്റ്റേറ്റ് അസ്സെംബ്ലിമാൻ എഡ്വേഡ് ബ്രൗൺസ്റ്റെയിൻ ഉത്ഘാടനം ചെയ്തു.നോർത്ത് ഹെമ്പ്സ്റ്റഡ് ടൌൺ ക്ലാർക്ക് രാഗിണി ശ്രീവാസ്തവ, നസ്സോ കൗണ്ടി ലെജിസ്ലേറ്റർ തോമസ് മക്കെവിറ്റ്, സ്റ്റേറ്റ് അസിസ്റ്റന്റ് കോംപെട്രോളർ ജോസഫ് ഗാലൻറ്റെ എന്നിവർ ആശംസകൾ നേർന്നു.അസോസിയേഷൻ സെക്രട്ടറി ബാഹുലേയൻ രാഘവൻ സ്വാഗതം ആശംസിച്ചു.

1976-ൽ സ്ഥാപിതമായ കെ.സി.എ.എൻ.എ., കഴിഞ്ഞ അമ്പതുവർഷമായി ന്യൂയോർക്കിലും പരിസരപ്രദേശങ്ങളിലും മലയാളികളുടെ സാമൂഹികബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഭാഷയും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും വേദിയൊരുക്കിവരുന്നു. ആദ്യകാല പ്രവർത്തകരുടെ ദീർഘവീക്ഷണവും തുടർന്നുവന്ന നേതൃത്വങ്ങളുടെ സമർപ്പണവും



സംഘടനയുടെ വളർച്ചയ്ക്ക് അടിത്തറയായി എന്ന് പ്രസിഡന്റ് റെജി കുര്യൻ പ്രസ്ഥാപിച്ചു.

ന്യൂയോർക്ക് നഗരപരിധിക്കുള്ളിലെ സംഘടനയുടെ സ്വന്തം ആസ്ഥാനം ഈ പ്രവർത്തനങ്ങളുടെ വലിയ കരുത്താണ്. ഒത്തുചേരലുകൾക്കും കലാസാംസ്കാരിക പരിപാടികൾക്കും സാമൂഹിക ഇടപെടലുകൾക്കും സ്ഥിരമായ ഇടം നൽകുന്ന ഈ കേന്ദ്രം, പ്രവാസികൾക്കും വരും തലമുറകൾക്കും കേരളവുമായുള്ള ബന്ധം നിലനിർത്താനുള്ള വേദികൂടിയാണ്.

വൈകിട്ട് നാലിന് സൗഹൃദസംഗമത്തോടെയും ലഘുഭക്ഷണത്തോടെയും ആഘോഷപരിപാടികൾ ആരംഭിച്ചു. തുടർന്ന് ആഘോഷഘോഷയാത്രയും പൊതുസമ്മേളനവും നടന്നു. സംഘടനയുടെ മുൻ പ്രസിഡന്റുമാരെയും സമൂഹത്തിന് വ്യക്തിഗത സംഭാവനകൾ നൽകിയവരെയും ചടങ്ങിൽ ആദരിച്ചു.

അരനൂറ്റാണ്ടിന്റെ വളർച്ചയ്ക്കു പിന്നിൽ പ്രവർത്തിച്ചവരുടെ സേവനങ്ങളെ അനുസ്മരിക്കാനും അംഗീകരിക്കാനുമുള്ള അവസരമായി ആദരിക്കൽ ചടങ്ങ് മാറി.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ഫോമ പ്രതിനിധി ബിജു ചാക്കോ, കോരസൺ വർഗീസ് എന്നിവർ ആശംസകൾ നേർന്നു.

സംഗീതവും നൃത്തവും നാടകീയ അവതരണങ്ങളും കോർത്തിണക്കിയ കലാപരിപാടികൾ കേരളത്തിന്റെ സാഹിത്യ സാംസ്കാരിക പൈതൃകം വേദിയിലെത്തിച്ചു. വള്ളത്തോൾ, കുമാരനാശാൻ, ചങ്ങമ്പുഴ തുടങ്ങിയ കവികളുടെയും ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ തുടങ്ങിയ നവോത്ഥാന നായകരുടെയും സ്മരണകൾ ഉണർത്തിയ അവതരണങ്ങൾ ആഘോഷത്തിന് പ്രത്യേക മിഴിവേകി. നൂപുര ഡാൻസ് സ്കൂളിന്റെയും നടനം ഡാൻസ് സ്കൂളിന്റെയും നൃത്താവതരണവും മറ്റു കലാപരിപാടികളും അരങ്ങേറി.







സുവനീർ എഡിറ്റർ മാത്യു ജോഷ്വയുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ സുവർണ ജൂബിലി സ്മരണിക ചടങ്ങിൽ പ്രകാശനം ചെയ്തു. സുവനീർ കവർ ഡിസൈൻ മത്സരത്തിൽ വിജയിച്ച ടെയനീ കുരിയൻ പുരസ്കാരം സ്വീകരിച്ചു. സംഘടനയുടെ പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം പ്രസിഡന്റ് റെജികുര്യൻ നിർവഹിച്ചു. ശബരിനാഥ് നായരും ഷെറിൻ എബ്രഹാമും, അലൻ അജിത്തും, ആൻ മേരി കുര്യനും ആയിരുന്നു അവതാരകർ.

പ്രസിഡന്റ് റെജി കുര്യൻ, സെക്രട്ടറി ബാഹുലേയൻ രാഘവൻ, ട്രഷറർ റിനോജ് കോരുത്ത്, വൈസ് പ്രസിഡന്റ് സോസമ്മ ആൻഡ്രൂസ്, ജോയിന്റ് സെക്രട്ടറി ജോബി ജോർജ്, ജോയിന്റ് ട്രഷറർ ജൂബി ജോസ് എന്നിവരുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

ജനറൽ കൺവീനർ അജിത് കൊച്ചുകുടിയിൽ, സുവനീർ കോർഡിനേറ്ററും എഡിറ്ററുമായ മാത്യു ജോഷ്വ, ഫിനാൻസ് കമ്മിറ്റി കോർഡിനേറ്റർ ഫിലിപ്പ് മഠത്തിൽ, സാംസ്കാരിക പരിപാടികളുടെ കമ്മിറ്റി കോർഡിനേറ്റർ ശബരിനാഥ് നായർ, രാജു ഏബ്രഹാം, ഏബ്രഹാം പുത്തുശ്ശേരി എന്നിവരടങ്ങുന്ന ആറംഗ സുവർണജൂബിലി കോർഡിനേഷൻ സമിതി സംഘാടനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ട്രസ്റ്റി ബോർഡ് അംഗങ്ങളും വിവിധ സബ് കമ്മിറ്റികളും ആഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

ജനറൽ കൺവീനർ അജിത് കൊച്ചുകുടിയിൽ നന്ദി രേഖപ്പെടുത്തി. കൂട്ടായ്മയുടെ കരുത്തും കലാപ്രതിഭകളും സംഘാടനമികവും പ്രകടമാക്കിയ സുവർണജൂബിലി ആഘോഷം സ്നേഹവിരുന്നോടെ സമാപിച്ചു.
















KERALA CULTURAL ASSOCIATION
OF NORTH AMERICA INC, (KCANA)
(A Non-Profit Tax-Exempt Organization) & India Community Center
Estd : 1976
cordially invites you all to join us in celebrating a historic milestone
Golden Jubilee
Grand Finale Celebration
KCANA


Golden Jubilee














KERALA CULTURAL ASSOCIATION
OF NORTH AMERICA INC, (KCANA)
Golden Jubilee
Grand Finale Celebration






(A Non-Profit Tax-Exempt Organization) & India Community Center
cordially invites you all to join us in celebrating a historic milestone
Golden Jubilee
Community Service




















വള്ളുവനാടൻ
©Mancheril Photos
5166037043










KCANA
cordially invites you all to join us in celebrating a historic milestone
Golden Jubilee

NRS PAY

TAP, DIP, SWIPE OR KEY!



ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

GET STARTED TODAY!
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

മിസിസ് യൂണിവേഴ്സ് 2026:
ലോകത്തെ 123 മത്സരാർഥികളിൽ നിന്ന് ടോപ് 25-ൽ ഇടം നേടി മലയാളി
സ്മിത ഭാസി സഞ്ജീവ്



നോർത്ത് കരോലിന: ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന 49-ാമത് മിസിസ് യൂണിവേഴ്സ് 2026 ഗ്രാൻഡ് ഫിനാലെയിൽ മലയാളിയായ സ്മിത ഭാസി സഞ്ജീവിന് അഭിമാന നേട്ടം. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നായി 123 മത്സരാർഥികൾ പങ്കെടുത്ത മത്സരത്തിൽ ടോപ് 25-ൽ ഇടം നേടിയ സ്മിത, മലയാളി സമൂഹത്തിന് അഭിമാനമായി.

'മിസിസ് യൂണിവേഴ്സ് നോർത്ത് ഈസ്റ്റ് അമേരിക്ക' എന്ന പട്ടം സ്വന്തമാക്കി അമേരിക്കയെ പ്രതിനിധീകരിച്ചാണ് സ്മിത മത്സരിച്ചത്. എട്ടു ദിവസം നീണ്ടുനിന്ന മത്സരത്തിന്റെ പ്രാഥമിക റൗണ്ടിൽ 'മിസിസ് യൂണിവേഴ്സ് പേഴ്സണാലിറ്റി' എന്ന പ്രത്യേക പുരസ്കാരവും സ്മിത സ്വന്തമാക്കി. ടോപ് 25-ൽ ഇടം നേടിയതിനു പിന്നാലെ വേദിയിൽ കിരീടവും പട്ടവും അണിഞ്ഞു.

തിരുവല്ല സ്വദേശിയായ സ്മിത ഇപ്പോൾ ഭർത്താവ് സഞ്ജീവ് നായർക്കും മൂന്ന് ആൺമക്കൾക്കുമൊപ്പം അമേരിക്കയിലെ ഷാർലറ്റിലാണ് താമസം. കൊച്ചിയിലെ വ്യവസായി



യായ ഭാസി കെ. നായരുടെയും ജയലക്ഷ്മിയുടെയും മകളാണ്. ഷാർലറ്റിലെ ഒരു ബാങ്കിൽ ടെക്നോളജി മാനേജരായി ജോലി ചെയ്യുന്ന സ്മിത, ഔദ്യോഗിക ജീവിതത്തിനൊപ്പം കുടുംബജീവിതവും സൗന്ദര്യമത്സരങ്ങളിലെ സജീവ സാന്നിധ്യവും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുന്നു.

മുൻപ് മിസിസ് എ.ടി.എ. 2024, മിസിസ് ഇന്റർനാഷണൽ ദിവ 2025, അയൺ ലേഡി 2025 എന്നീ നേട്ടങ്ങളും സ്മിത സ്വന്തമാക്കിയിട്ടുണ്ട്.

തന്റെ നേട്ടത്തെക്കുറിച്ച് സ്മിതയുടെ വാക്കുകൾ ഇങ്ങനെ: ‘‘പറക്കാനുള്ള ചിറകുകൾ തന്നത് അമേരിക്കയാണ്. എന്നാൽ ഇന്നത്തെ ഞാൻ ഞാനായത് കേരളവും എന്റെ വേരുകളും നമ്മുടെ സംസ്കാരവും കൊണ്ടാണ്. പ്രായമോ, വിവാഹമോ, കുടുംബ ഉത്തരവാദിത്തങ്ങളോ ഒരിക്കലും നമ്മുടെ സ്വപ്നങ്ങൾക്ക് പരിധി നിശ്ചയിക്കരുത്. ഓരോ സ്ത്രീക്കും തന്റെ സ്വപ്നങ്ങൾ പിന്തുടരാൻ ഈ നേട്ടം ഒരു പ്രചോദനമാകട്ടെ.’’

മത്സരവേദിയിലെ നേട്ടത്തിനൊപ്പം കുടുംബത്തിന്റെയും ജോലിയുടെയും ഉത്തരവാദിത്തങ്ങൾ നിറവേറ്റിക്കൊണ്ട് അന്താരാഷ്ട്ര വേദിയിൽ മലയാളി സാന്നിധ്യം അറിയിച്ചിരിക്കുകയാണ് സ്മിത ഭാസി സഞ്ജീവ്.




AYUBOWAN
AYUBOWAN

GURUKULAM

ഗുരുകുലം

The Indian School of Culture, Languages and Arts, Inc.
P.O. Box 521, White Plains, NY 10602

നിസ്വാർത്ഥവും ത്യാഗോജ്ജ്വലവുമായ സാംസ്കാരിക സേവനത്തിന്റെ

വിജയകരമായ 34 വർഷങ്ങൾ

ഓൺലൈൻ മലയാളം ക്ലാസ്സുകൾ

ഓരോ വീടും ഓരോ ഗുരുകുലം

നൂറു വീടുകളിൽ മലയാളപഠനം സജീവം

• എട്ടു ലെവൽ • പത്ത് അധ്യാപകർ • പന്ത്രണ്ട് സഹാധ്യാപകർ

- രണ്ടര വയസ്സ് മുതൽ പ്രായമുള്ള കുട്ടികൾക്ക് പ്രവേശനം
- പ്രായത്തിന്റെയും ഭാഷാപരിചയത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസ്സുകൾ
- കേരളത്തിലും അമേരിക്കയിലും പഠിപ്പിച്ച് പരിചയം നേടിയിട്ടുള്ള അധ്യാപകർ
- മലയാളപഠനത്തിന് അനുയോജ്യമായ പാഠ്യപദ്ധതി

Professionally prepared audio and video Malayalam classes available in GURUKULAM Website publications

www.gurukulamindianschoolny.org

STUDENTS FROM ALL THE STATES IN THE US ARE WELCOME

for further information: gurukulam.newyork@gmail.com

J. Mathews (Principal) 914 450 1442
Philps Vembenil (PR) 914 428 5678
Purushothaman Panicker (Treasurer) 914 834 5108

GURUKULAM BOARD MEMBERS
Philip Vembenil
J. Mathews
Purushothaman Panicker
Draupathi Nampoothiri
Jeffy Thomas
Betsy Vargheese
Sonia Thomas

TEACHERS:
Jain Thomas
Sonia Thomas
Betsy Vargheese
Sarala Sasidharan
Sonia Chandy
Merin Joseph
Catherine Vembenil
Lissy Joseph

VOLUNTEERS:
July Anariparambil
Tara Nair
Aishwarya Punnoose
Anna Sunil
Smitha R. Cherry
Shana George
Anna Mathew
George Thomas
Julia Sebastian
Selen Paulose



J. MATHEWS
Principal
jmathews335@gmail.com

Diana Cherian (Vice Principal), J. Mathews (Principal)

സ്മാർട്ടായി ഒരു കൂട്ടായ്മ; സെന്റ് അഗസ്റ്റിൻ യാത്ര മലയാളി സമൂഹത്തിന് നൽകിയ പുതിയ പാഠം



സാജ് കാവിന്റെ അരികത്ത്

മതാതിർത്തികൾക്കപ്പുറം മനുഷ്യബന്ധങ്ങളുടെ ഊഷ്മളത; നിർമിതബുദ്ധിയുടെ കാലത്ത് പഴയകാല ഏകോപനശൈലിയുടെ പ്രസക്തി ഓർമിപ്പിച്ച് എക്യുമെനിക്കൽ യാത്ര

ടാമ്പ, ഫ്ലോറിഡ: മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കാൻ സാങ്കേതികവിദ്യ അനിവാര്യമാണോ? അതോ പരസ്പരവിശ്വാസവും സഹകരണവും ആത്മാർഥതയും മാത്രം മതിയോ?

നിർമിതബുദ്ധിയും സ്മാർട്ട്ഫോണുകളും മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷത്തെയും സ്വാധീനിക്കുന്ന കാലത്ത് ഈ ചോദ്യത്തിന് പ്രായോഗികമായൊരു മറുപടി നൽകുകയായിരുന്നു നവംബർ 21 ശനിയാഴ്ച സംഘടിപ്പിച്ച 'Ecumenical Day Trip to St. Augustine' എന്ന ഏകദിന യാത്ര.

ടാമ്പ ബേ മേഖലയിലെ വിവിധ ക്രൈസ്തവ ഇടവകകളിൽനിന്നുള്ള അംഗങ്ങളെ ഒരുമിപ്പിച്ച് KCAOTB സംഘടിപ്പിച്ച യാത്ര, ഒരു സാധാരണ വിനോദസഞ്ചാര പരിപാടിയുടെ പരിധികൾക്കപ്പുറം സമൂഹജീവിതത്തിന്റെ ചില അടിസ്ഥാനമൂല്യങ്ങളെ ഓർമിപ്പിക്കുന്ന അനുഭവമായി മാറി.

വിവിധ സഭകളിലെ അംഗങ്ങളെ ഒരുമിപ്പിക്കുന്ന എക്യുമെനിക്കൽ ആശയത്തിലാണ് യാത്ര ആസൂത്രണം ചെയ്തതെങ്കിലും, മതമോ ജാതിയോ മറ്റ് സാമൂഹിക വ്യത്യാസങ്ങളോ പങ്കാളിത്തത്തിന് തടസ്സമാകരുതെന്ന വിശാലമായ സമീപനമാണ് സംഘാടകർ സ്വീകരിച്ചത്.

വ്യത്യസ്ത പ്രായക്കാരും ജീവിതാനുഭവങ്ങളുള്ളവരും ഒരേ യാത്രയുടെ ഭാഗമായപ്പോൾ,പരസ്പരംഅറിയാനും ആശയങ്ങൾ പങ്കുവയ്ക്കാനും പുതിയ സൗഹൃദങ്ങൾ രൂപപ്പെടുത്താനും അവസരമൊരുങ്ങി.

സാധാരണയായി ചരിത്രപാഠങ്ങളിലൂടെയോ മ്യൂസിയങ്ങളിലൂടെയോ മാത്രം പരിചയപ്പെടുന്ന സംഭവങ്ങളും സംസ്കാരങ്ങളും അവ നിലനിന്ന ഭൂമിശാസ്ത്രപരമായ സാഹചര്യത്തിൽ നേരിട്ടനുഭവിക്കുമ്പോൾ പഠനത്തിന് മറ്റൊരു മാനം കൈവരുന്നു.

അമേരിക്കയിലെ ഏറ്റവും പഴക്കമേറിയ യൂറോപ്യൻ കുടിയേറ്റ നഗരങ്ങളിലൊന്നായ സെന്റ് അഗസ്റ്റിന്റെ ചരിത്രവീഥികളും കത്തീഡ്രൽ ബസിലിക്കയും സന്ദർശിച്ചത് വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പരസ്പരബന്ധത്തെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായി.

ഒരു കുട്ടിക്ക് ചരിത്രം കഥകളിലൂടെ പരിചയപ്പെടുമ്പോൾ, മുതിർന്ന ഒരാൾക്ക് അതേ ചരിത്രം ചോദ്യങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും മനസ്സിലാക്കാം. ഒരേ അനുഭവം വ്യത്യസ്ത തലമുറകൾക്ക് വ്യത്യസ്ത അർഥങ്ങൾ നൽകുന്നു എന്നതാണ് ഇത്തരം യാത്രകളുടെ പ്രത്യേകത.

നേതൃത്വം അധികാരപ്രകടനമല്ല; മറ്റുള്ളവരുടെ സൗകര്യത്തിനായി സ്വന്തം സൗകര്യം മാറ്റിവയ്ക്കലാണ് ഈ യാത്രയുടെ ശ്രദ്ധേയമായൊരു ഘടകം സംഘാടനരീതിയായിരുന്നു.

ചീഫ് കോഓർഡിനേറ്ററായ കമാൻഡർ ജോർജ് കോരത്തിന്റെ പ്രവർത്തനശൈലി, ആധുനിക സാങ്കേതിക സംവിധാനങ്ങളെ അമിതമായി ആശ്രയിക്കാതെയും വലിയൊരു സംഘത്തെ കാര്യക്ഷമമായി ഏകോപിപ്പിക്കാമെന്നതിന്റെ ഉദാഹരണമായി.

യാത്രാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിലും പ്രവേശനടിക്കറ്റുകൾക്ക് ഇളവുകൾ ലഭ്യമാക്കാനുള്ള ചർച്ചകളിലും സമയക്രമം ആസൂത്രണം ചെയ്യുന്നതിലും അദ്ദേഹം സജീവമായി ഇടപെട്ടു.

എന്നാൽ അദ്ദേഹത്തിന്റെ നേതൃത്വത്തെ വ്യത്യസ്തമാക്കിയത് കാര്യങ്ങൾ നിയന്ത്രിക്കാനുള്ള കഴിവ് മാത്രമായിരുന്നില്ല. തീരുമാനങ്ങൾ കൂട്ടായി എടുക്കാനും മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് ഇടം നൽകാനും സുതാര്യത നിലനിർത്താനുമുള്ള സമീപനമായിരുന്നു.

ചർച്ചകൾ നീണ്ടുപോകാതെ തീരുമാനങ്ങളിലെത്താനും, അതേസമയം എല്ലാവരെയും ഉൾക്കൊള്ളാനും കഴിയുന്നത് നേതൃത്വത്തിലെ അപൂർവമായൊരു സന്തുലിതാവസ്ഥയാണ്.

ജനാധിപത്യപരമായ കൂടിയാലോചനയും കാര്യക്ഷമമായ നിർവഹണവും പരസ്പരവിരുദ്ധങ്ങളല്ലെന്ന് ഇത്തരം കൂട്ടായ്മകൾ ഓർമിപ്പിക്കുന്നു.

സെക്രട്ടറി സജി കരിമ്പന്നൂരിന്റെ ആത്മാർഥമായ ഇടപെടലുകളും യാത്ര വിജയകരമാക്കാനുള്ള അധിക ശ്രമങ്ങളും ഈ ഏകോപനത്തിന് കരുത്തേകി. ഒരാൾ മുന്നോട്ടുവയ്ക്കുന്ന ആശയത്തെ മറ്റൊരാൾ സഹകരണത്തിലൂടെ പ്രായോഗികമാക്കുമ്പോഴാണ് കൂട്ടായ നേതൃത്വത്തിന്റെ യഥാർഥ ശക്തി പ്രകടമാകുന്നത്.



യാത്രയിൽനിന്ന് ഉയർന്നുവരുന്ന കൗതുകകരമായൊരു നിരീക്ഷണം, സാങ്കേതികവിദ്യയുടെ പരിമിതമായ ഉപയോഗത്തിലും മനുഷ്യർക്ക് സന്തോഷകരമായി ഒത്തുചേരാനാകുമെന്നതാണ്.

സ്മാർട്ട്ഫോണുകളുടെയും ഡിജിറ്റൽ ഏകോപന സംവിധാനങ്ങളുടെയും സഹായമില്ലാതെ പ്രവർത്തിക്കുന്ന ജോർജ് കോരത്തിന്റെ പഴയകാല ശൈലി ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ഓരോ കാര്യത്തിനും ഒരു ആപ്പോ ഡിജിറ്റൽ പ്ലാറ്റ്ഫോമോ ആവശ്യമായി വരുന്ന കാലത്ത്, വ്യക്തിപരമായ സംഭാഷണങ്ങൾ, വിശ്വാസം, നേരിട്ടുള്ള ഇടപെടൽ, ഉത്തരവാദിത്വബോധം എന്നിവയിലൂടെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന രീതി പ്രസക്തമായൊരു സാമൂഹിക സന്ദേശമാണ് നൽകുന്നത്.

ഇതിനെ സാങ്കേതികവിദ്യയ്ക്കെതിരായ നിലപാടായി കാണേണ്ടതില്ല.

മറിച്ച്, സാങ്കേതികവിദ്യ മനുഷ്യബന്ധങ്ങളെ സഹായിക്കേണ്ട ഉപകരണമാണെന്നും മനുഷ്യബന്ധങ്ങൾക്ക് പകരമാകേണ്ട സംവിധാനമല്ലെന്നും ഓർമിപ്പിക്കുന്ന അനുഭവമാണിത്.

ഒരു സന്ദേശം നിമിഷങ്ങൾക്കുള്ളിൽ നൂറുപേരിലെത്തിക്കാൻ സാങ്കേതികവിദ്യയ്ക്ക് കഴിയും. എന്നാൽ ആ നൂറുപേരെയും ഒരു കുടുംബത്തിന്റെ ഊഷ്മളതയോടെ



ചേർത്തുനിർത്താൻ മനുഷ്യന്റെ സഹാനുഭൂതിയും വിശ്വാസവും തന്നെയാണ് ആവശ്യം.

യാത്രക്കാരെക്കൊണ്ട് നിറഞ്ഞ ബസിൽ ഏകദേശം പതിനാറ് മണിക്കൂർ നീണ്ട യാത്രയിൽ ഏഴുമണിക്കൂറോളം യാത്രയ്ക്കും ശേഷിക്കുന്ന സമയം ചരിത്രവും പൈതൃകവും സംസ്കാരവും അടുത്തറിയുന്നതിനുമായി വിനിയോഗിച്ചു.

എന്നാൽ ഏഴുമണിക്കൂർ നീണ്ട ബസ് യാത്ര പോലും വിരസമായിരുന്നില്ല. യാത്രയുടെ ഓരോ ഘട്ടവും ശ്രദ്ധാപൂർവം ഏകോപിപ്പിച്ച സംഘാടകർ, എല്ലാവരെയും ഒരേ രീതിയിലുള്ള പരിപാടികളിൽ നിർബന്ധിച്ച് പങ്കെടുപ്പിക്കുന്നതിനുപകരം വ്യക്തികളുടെ താൽപര്യങ്ങൾക്കും സൗകര്യങ്ങൾക്കും മുൻഗണന നൽകി.

പങ്കാളിത്തം നിർബന്ധത്തിന്റെ അടിസ്ഥാനത്തിലല്ല, തിരഞ്ഞെടുപ്പിന്റെയും പരസ്പരപരിഗണനയുടെയും അടിസ്ഥാനത്തിലായിരുന്നു. തിരക്കേറിയ യാത്രയ്ക്കിടയിലും ഓരോരുത്തർക്കും അവരവരുടെ ഇഷ്ടത്തിനനുസരിച്ച് സമയം ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു.

യാത്രയുടെ മറ്റൊരു പ്രത്യേകത മലയാളിത്തനിമ നിറഞ്ഞ വീട്ടിൽ തയ്യാറാക്കിയ പലഹാരങ്ങളായിരുന്നു.

ഉണ്ണിയപ്പം, കുമ്പിളപ്പം, വട്ടയപ്പം, കേക്ക് തുടങ്ങി പലതരം വിഭവങ്ങൾ പങ്കുവച്ചപ്പോൾ യാത്രക്കാർക്ക് കേരളത്തിലെ പഴയകാല കുടുംബയാത്രകളുടെ ഗൃഹാതുരമായ ഓർമകൾ തിരിച്ചെത്തി.

വീട്ടിൽനിന്ന് കരുതലോടെ തയ്യാറാക്കിക്കൊണ്ടുവന്ന ഭക്ഷണം മറ്റുള്ളവരുമായി പങ്കിടുന്നതിൽ ഒരു സംസ്കാരത്തിന്റെ സ്നേഹവും ആത്മാർഥതയും നിറഞ്ഞുനിന്നു. ഒരു നിമിഷം, അമേരിക്കൻ ഹൈവേയിലൂടെ സഞ്ചരിക്കുന്ന ആ ബസ് കേരളത്തിന്റെ സ്നേഹവും രുചിയും സൗഹൃദവും നിറഞ്ഞ

'ദൈവത്തിന്റെ സ്വന്തം ബസ്' ആയി മാറിയതുപോലെ തോന്നി.

ചിലർക്ക് അത് തിരക്കുകളിൽനിന്നുള്ള ആശ്വാസമായിരുന്നു. മറ്റുചിലർക്ക് പുതിയ സൗഹൃദങ്ങൾ കണ്ടെത്താനുള്ള അവസരം. ചിലർ ചരിത്രത്തെ അടുത്തറിഞ്ഞപ്പോൾ മറ്റുചിലർ ജീവിതാനുഭവങ്ങളും വിശ്വാസവും തത്ത്വചിന്തകളും പങ്കുവച്ചു.

എല്ലാവരും ഒരേ രീതിയിൽ ആസ്വദിക്കണമെന്ന നിർബന്ധമില്ലാത്തതാണ് ഒരു കൂട്ടായ്മയുടെ സൗന്ദര്യം.

ഒരാൾക്ക് നിശ്ശബ്ദത ഇഷ്ടപ്പെടാം. മറ്റൊരാൾക്ക് സംവാദങ്ങൾ. ചിലർക്ക് പ്രാർഥനയും ആത്മീയതയും പ്രധാനമാകുമ്പോൾ മറ്റുചിലർക്ക് ചരിത്രവും സംസ്കാരവുമാകാം താൽപര്യം.

ഈ വ്യത്യാസങ്ങളെ ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് ഒരു യാത്ര വിനോദപരിപാടിയിൽനിന്ന് യഥാർഥ സാമൂഹികാനുഭവമായി മാറുന്നത്.

സെന്റ് അഗസ്റ്റിനിലെ പ്രസിദ്ധമായ പ്രകാശോത്സവമായ Nights of Lights നേരിട്ടനുഭവിക്കാനായത് യാത്രയുടെ മറ്റൊരു അവിസ്മരണീയ നിമിഷമായി.

നൂറ്റാണ്ടുകളുടെ ചരിത്രം ഉറങ്ങുന്ന നഗരവീഥികൾ പ്രകാശത്തിൽ കുളിച്ചുനിന്നപ്പോൾ, ചരിത്രത്തെക്കുറിച്ച് വായിച്ചറിയുന്നതും അതിന്റെ ഭൂമികയിൽ നേരിട്ടുനിന്ന് അനുഭവിക്കുന്നതും തമ്മിലുള്ള വ്യത്യാസം കൂടുതൽ വ്യക്തമായി.

അനുകൂലമായ കാലാവസ്ഥയിൽ, ഒരേ ഭൂമിയുടെ മണ്ണിൽ ഒരുമിച്ചുനിന്ന് ആ പ്രകാശവിസ്മയം ആസ്വദിച്ച യാത്രക്കാർക്ക് അത് വെറുമൊരു കാഴ്ചയായിരുന്നില്ല.

നൂറ്റാണ്ടുകൾക്കുമുമ്പ് രൂപപ്പെട്ട സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും തുടർച്ചയിൽ തങ്ങളും ഒരു നിമിഷത്തേക്ക് പങ്കാളികളാകുന്ന അനുഭവമായിരുന്നു.

ചരിത്രം പുസ്തകത്തിൽ വായിക്കുമ്പോൾ നാം അതിന്റെ നിരീക്ഷകരാണ്. എന്നാൽ ചരിത്രം ജീവിച്ചിരിക്കുന്ന ഭൂമികയിൽ നേരിട്ടു നിൽക്കുമ്പോൾ, ഒരു നിമിഷത്തേക്കെങ്കിലും നാം അതിന്റെ ഭാഗമാകുന്നു.

ആ അനുഭവത്തിന് സാങ്കേതികവിദ്യയിലൂടെ ലഭിക്കുന്ന ദൃശ്യങ്ങളേക്കാൾ വ്യത്യസ്തമായൊരു വൈകാരികതയുണ്ട്.

വിശ്വാസത്തിന്റെ പൈതൃകം; സംവാദങ്ങളുടെ പുതിയ സാധ്യത

നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട മതപാരമ്പര്യങ്ങൾ കേവലം ആചാരങ്ങളുടെയും കഥകളുടെയും സമാഹാരമല്ല. അവയ്ക്കുള്ളിൽ സമൂഹജീവിതം, ധാർമികത, സഹവർത്തിത്വം, പരസ്പരസഹായം തുടങ്ങിയ മൂല്യങ്ങളുടെ ചരിത്രവും അടങ്ങിയിരിക്കുന്നു. ഈ പാരമ്പര്യങ്ങളെ എല്ലാവരും ഒരേ രീതിയിൽ വ്യാഖ്യാനിക്കണമെന്നില്ല. വിശ്വാസിക്ക് ആത്മീയമായ അനുഭവമാകുന്നത് ചരിത്രാന്വേഷകന് സംസ്കാരപഠനത്തിന്റെ വിഷയമായേക്കാം.

എന്നാൽ വ്യത്യസ്ത കാഴ്ചപ്പാടുകളുള്ള മനുഷ്യർക്ക് പരസ്പരം ബഹുമാനിച്ചുകൊണ്ട് ഒരുമിച്ച് സഞ്ചരിക്കാനും സംവദിക്കാനും കഴിയുന്നു എന്നതാണ് പ്രധാനം. ആത്മീയ പൈതൃകത്തെ അടുത്തറിയാനുള്ള ഇത്തരം അവസരങ്ങൾ, വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും തുറന്ന സംഭാഷണങ്ങൾക്കും ഇടം നൽകുമ്പോഴാണ് കൂടുതൽ അർഥവത്താകുന്നത്.

മലയാളി സംഘടനകൾക്ക് മാതൃകയാകാവുന്ന സാമൂഹിക പരീക്ഷണം

മലയാളി സംഘടനകളുടെ പ്രവർത്തനങ്ങൾ



പലപ്പോഴും ആഘോഷങ്ങൾ, കലാപരിപാടികൾ, പൊതു സമ്മേളനങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചാണ് മുന്നോട്ടുപോകുന്നത്.

അവയുടെ പ്രാധാന്യം കുറച്ചുകാണാതെതന്നെ, അംഗങ്ങൾക്കിടയിൽ ആഴമുള്ള വ്യക്തിബന്ധങ്ങളും തലമുറകൾക്കിടയിൽ ആശയവിനിമയവും സൃഷ്ടിക്കുന്ന ചെറിയ കൂട്ടായ യാത്രകൾക്കും പ്രത്യേക സ്ഥാനം നൽകേണ്ടതുണ്ട്.

വലിയ വേദികളോ വിപുലമായ സാങ്കേതിക സംവിധാനങ്ങളോ ഇല്ലാതെ, പരസ്പരം കേൾക്കാനും മനസ്സിലാക്കാനും സമയം കണ്ടെത്തുന്ന കൂട്ടായ്മകൾ സമൂഹത്തിന്റെ ദീർഘകാല ആരോഗ്യത്തിന് ഗുണകരമാകും.

ഈ അർഥത്തിൽ KCAOTBയുടെ സെന്റ് അഗസ്റ്റിൻ യാത്ര മറ്റു മലയാളി സംഘടനകൾക്കും പരിഗണിക്കാവുന്ന ഒരു മാതൃകയാണ്.

ഒരു പരിപാടിയുടെ വിജയം പങ്കെടുത്തവരുടെ എണ്ണത്തിൽ മാത്രം അളക്കാനാവില്ല. അതിൽനിന്ന് രൂപപ്പെടുന്ന ബന്ധങ്ങളും പങ്കുവയ്ക്കപ്പെടുന്ന അറിവും പരസ്പരവിശ്വാസവുമാണ് യഥാർഥ നേട്ടങ്ങൾ.

നിർമിതബുദ്ധിയുടെ കാലത്ത് സംരക്ഷിക്കേണ്ടത് മനുഷ്യബുദ്ധിയുടെ സാമൂഹികമുഖം

നിർമിതബുദ്ധി മനുഷ്യന്റെ അറിവും പ്രവർത്തനക്ഷമതയും വികസിപ്പിക്കുന്ന പുതിയ സാധ്യതകൾ തുറക്കുകയാണ്. എന്നാൽ ഡിജിറ്റൽ സൗകര്യങ്ങൾ വർധിക്കുന്നതിനൊപ്പം നേരിട്ടുള്ള മനുഷ്യബന്ധങ്ങൾക്കായി സമയം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയും ഉയരുന്നു.

മനുഷ്യൻ വിവരങ്ങൾ കൈമാറുന്ന ഒരു യന്ത്രമല്ല. അനുഭവിക്കുകയും സഹാനുഭൂതി പ്രകടിപ്പിക്കുകയും മറ്റുള്ളവരുമായി ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്ന സാമൂഹികജീവിയാണ്. ആ അനുഭവങ്ങൾക്ക് പകരമാകാൻ ഒരു സാങ്കേതിക സംവിധാനത്തിനും പൂർണമായി കഴിയില്ല.

ഒരു ചരിത്രനഗരത്തിലേക്കുള്ള ബസ് യാത്ര ലോകത്തെ മാറ്റിമറിച്ചേക്കില്ല. എന്നാൽ ആ യാത്രയിൽ ഒരാൾ മറ്റൊരാളെ ശ്രദ്ധയോടെ കേൾക്കുന്നതും, ഒരാൾ മറ്റൊരാളുടെ സൗകര്യത്തിനായി സ്വന്തം സമയം മാറ്റിവയ്ക്കുന്നതും, അപരിചിതർ സുഹൃത്തുക്കളാകുന്നതും ചെറിയ നേട്ടങ്ങളല്ല.

അത്തരം നിമിഷങ്ങളിലാണ് ഒരു സമൂഹം യഥാർഥത്തിൽ ജീവിക്കുന്നത്.

റെവ. ഫാ. തോമസ് ചാക്കോയുടെ നേതൃത്വത്തിൽ സജി കരിമ്പന്നൂർ, സ്റ്റീഫൻ ലൂക്കോസ്, കമാൻഡർ ജോർജ് കോരത്ത്, സന്തോഷ് എബ്രഹാം, ഡോ. ബാബു ജോസഫ്, ബേബിച്ചൻ ചാലിൽ, മേരി മാർട്ടിൻ എന്നിവരടങ്ങിയ സംഘാടകസമിതിയുടെ കൂട്ടായ പരിശ്രമമാണ് ഈ യാത്രയുടെ പിന്നിൽ പ്രവർത്തിച്ചത്.

സെന്റ് അഗസ്റ്റിൻ യാത്ര ബാക്കിവയ്ക്കുന്ന സന്ദേശം ലളിതമാണ്: മനുഷ്യരെ ബന്ധിപ്പിക്കാൻ സാങ്കേതികവിദ്യ സഹായിക്കും; എന്നാൽ ആ ബന്ധങ്ങൾക്ക് ജീവൻ നൽകുന്നത് മനുഷ്യർ തന്നെയാണ്.

നിർമിതബുദ്ധിയുടെ കാലത്ത് മനുഷ്യസഹാനുഭൂതി നഷ്ടപ്പെടാതിരിക്കാൻ നമുക്ക് വേണ്ടത് കൂടുതൽ സാങ്കേതികവിദ്യ മാത്രമല്ല, പരസ്പരം സമയം നൽകുന്ന ഇത്തരം കൂട്ടായ്മകൾ കൂടിയാണ്.



ഫോമാ 20-20 ഭവനപദ്ധതി: നാല് വീടുകളുടെ നിർമാണത്തിന് തുടക്കം



സൈജൻ കണിയോടിക്കൽ

2028-ലെ ഇരുപതാം വാർഷികത്തോടെ 20 നിർധന കുടുംബങ്ങൾക്ക് വീടുകൾ കൈമാറുകയാണ് ലക്ഷ്യം; ഒരു വീടിന്റെ നിർമാണച്ചെലവ് പി.ടി. തോമസ് സ്പോൺസർ ചെയ്തു

നൂയോർക്ക്: കേരളത്തിലെ നിർധനരായ 20 കുടുംബങ്ങൾക്ക് സുരക്ഷിതമായ വീടുകൾ നിർമിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ ഫോമാ (Federation of Malayalee Associations of Americas) നടപ്പാക്കുന്ന 20-20 ഭവനപദ്ധതിയുടെ ഭാഗമായി നാല് വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഫോമയുടെ ഇരുപതാം വാർഷികമായ 2028-ഓടെ 20 കുടുംബങ്ങൾക്ക് സ്വന്തം വീടുകൾ കൈമാറുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

മുൻ ഫോമാ പ്രസിഡന്റുമാരായ ഡോ. ജേക്കബ് തോമസിന്റെയും ബേബി മണക്കുന്നേലിന്റെയും ഭരണകാലത്ത് നീക്കിയിരിപ്പായി സൂക്ഷിച്ചിരുന്ന തുക വിനിയോഗിച്ചാണ് പദ്ധതിക്ക് പ്രാരംഭം കുറിച്ചത്. അമേരിക്കൻ മലയാളികളെയും വിവിധ സംഘടനകളെയും പദ്ധതിയുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു വീടിന്റെ നിർമാണച്ചെലവ് അമേരിക്കൻ മലയാളിയും ഫോമാ നേതാവുമായ പി.ടി. തോമസ് സ്പോൺസർ ചെയ്തു.

ന്യൂയോർക്ക് സ്റ്റേറ്റിൽ ടാക്സ് കൺസൾട്ടന്റായി പ്രവർത്തിക്കുന്ന പി.ടി. തോമസ് അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ സാമൂഹിക-സംഘടനാ പ്രവർത്തകനാണ്. ഫോമയുടെ ആരംഭകാലം മുതൽ സംഘടനയുമായി സഹകരിക്കുന്ന അദ്ദേഹം എംപയർ റീജിയന്റെ റീജിയണൽ വൈസ് പ്രസിഡന്റാ



യും ആറു വർഷത്തോളം ഫോമാ ഓഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിവിധ സാമൂഹിക, സാംസ്കാരിക, മതസംഘടനകളിലും സജീവ സാന്നിധ്യമായ അദ്ദേഹം സമൂഹത്തോടുള്ള പ്രതിബദ്ധതയുടെയും കാരുണ്യത്തിന്റെയും ഭാഗമായാണ് ഈ ഭവനപദ്ധതിയിൽ സ്പോൺസറായി പങ്കുചേരുന്നത്.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയ്ക്കടുത്ത് ചെങ്ങരൂരിൽ ചൂരക്കുട്ടിക്കൽ കുടുംബത്തിനായി നിർമിക്കുന്ന ആദ്യ വീടിന്റെ തറക്കല്ലിടൽ തിരുവല്ല എം.എൽ.എ അഡ്വ. വർഗീസ് മാമൻ നിർവഹിച്ചു.

എറണാകുളം ജില്ലയിലെ കോട്ടപ്പടി പഞ്ചായത്തിലെ അയപ്പാറയിൽ നിർമിക്കുന്ന രണ്ടാമത്തെ വീടിന്റെ നിർമാണോദ്ഘാടനം കോതമംഗലം എം.എൽ.എ ഷിബു തെക്കുംപുറം നിർവഹിച്ചു. ചടങ്ങിൽ ഫോമാ മുൻ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, 2028-ലെ ഫോമാ കൺവെൻഷൻ ചെയർമാൻ ഷാലു പുന്നൂസ്, ബിജു സക്കറിയ എന്നിവർ പങ്കെടുത്തു.

എറണാകുളം ജില്ലയിലെ പിറവം, പാഴൂരിൽ കല്ലുമരിയാൽ കുടുംബത്തിനായി നിർമിക്കുന്ന മൂന്നാമത്തെ വീടിന്റെ നിർമാണ പ്രവർത്തനങ്ങൾക്കും തുടക്കമായി.

നാലാമത്തെ വീട് കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ കിളിയന്തറയിലാണ് നിർമിക്കുന്നത്. ഈ വീടിന്റെ തറക്കല്ലിടൽ കർമ്മം കേരള വൈദ്യുതിവകുപ്പ് മന്ത്രി സണ്ണി ജോസഫ് നിർവഹിക്കും.

ഫോമയുടെ ഇരുപതാം വാർഷികം 2028-ൽ ആഘോഷിക്കുമ്പോൾ കേരളത്തിലെ 20 നിർധന കുടുംബങ്ങൾക്ക് സുരക്ഷിതമായ സ്വന്തം വീടുകൾ സമ്മാനിക്കുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. മുൻകാല നേതൃത്വങ്ങൾ രൂപപ്പെടുത്തിയ സാമ്പത്തിക അടിത്തറയും നിലവിലെ നേതൃത്വത്തിന്റെ കൂട്ടായ പ്രവർത്തനവും അമേരിക്കൻ മലയാളികളുടെ സഹകരണവും ഒത്തുചേരുന്നതിലൂടെ വലിയൊരു സാമൂഹിക മുന്നേറ്റമായി ഈ പദ്ധതി മാറുകയാണ്.

ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മാത്യു, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള,



ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

ഈ കാരുണ്യപദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിന് കൂടുതൽ വ്യക്തികളും മലയാളി സംഘടനകളും സ്പോൺസർഷിപ്പുമായി മുന്നോട്ടുവരണമെന്ന് ഫോമാ നേതൃത്വം അഭ്യർഥിച്ചു. ഓരോ വീടും ഒരു കുടുംബത്തിന് നൽകുന്നത് കേവലം താമസസൗകര്യം മാത്രമല്ല, സുരക്ഷിതമായ ജീവിതവും പുതിയ പ്രതീക്ഷയുമാണ്.



പുസ്തക പരിചയം 52

അഗ്നിച്ചീളുകൾ (ലേഖനങ്ങൾ)

ജയൻ വർഗീസ്



പുസ്തക പരിചയം
തയ്യാറാക്കിയത് :
ബാജി ഓടംവേലി, ഡാലസ്

ഫൊക്കാനയുടെ 2024 ലെ സുകുമാർ അഴീക്കോട് സാഹിത്യ പുരസ്ക്കാരം ലഭിച്ച കൃതിയാണ് 'അഗ്നിച്ചീളുകൾ'. 'അനുഭവങ്ങളുടെ അരണി കടഞ്ഞ അഗ്നിയിൽ അനിവാര്യമായി സംഭവിക്കുന്ന ആശയ വിസ്ഫോടനങ്ങൾ' എന്ന ഉപശീർഷകത്തോടെയാണ് ഈ ലേഖനസമാഹാരം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ലോകത്തിലെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, ശാസ്ത്ര, ചരിത്ര ദശാസന്ധികളിലേക്ക് മിഴി തുറന്ന് വ്യാപരിക്കുന്ന മികച്ച ലേഖനങ്ങളുടെ സമാഹാരമാണിത്. ഭാരതത്തിന്റെയും പ്രത്യേകാൽ കേരളത്തിന്റെയും താൻ അധിവസിക്കുന്ന അമേരിക്കയുടെയും ഭൂമികയിലൂടെയുള്ള എഴുത്തുകാരന്റെ സഞ്ചാരപദങ്ങളാണിത്.

യുദ്ധങ്ങളുടെയും യുദ്ധഭീഷണികളുടെയും കറുത്തിരുണ്ട ആകാശത്തുനിന്ന് അഭയാന്വേഷികളായ അരിപ്രാവിനെപ്പോലെ മനുഷ്യന്റെ മാറിലേക്ക് പറന്നിറങ്ങുന്ന ഭൂമിയെന്ന വർണ്ണ പക്ഷിക്കുവേണ്ടി പുതിയ കാലത്തിന്റെ ശിബിച ക്രവർത്തിമാരായി മനുഷ്യൻ മാറണമെന്ന എഴുത്തുകാരന്റെ ആഗ്രഹമാണ് ഈ വാക്കുകളിലൂടെ പങ്കുവെച്ചിരിക്കുന്നത്.

'അധീശത്വത്തിലെ അർത്ഥരഹിത നിരാസങ്ങൾ' എന്ന ആദ്യ ലേഖനം തുടങ്ങിയിരിക്കുന്നത് ആട്ടിൻകുട്ടിയുടെയും ചെന്നായയുടെയും കഥ പറഞ്ഞാണ്. ആ കഥയിങ്ങനെയാണ്.

'ആരാണ് വെള്ളം കലക്കിയത് എന്ന ചെന്നായയുടെ ചോദ്യത്തിന് അർദ്ധപ്രാണനായിട്ടാണ് ആട്ടിൻകുട്ടി മറുപടി പറഞ്ഞത്.

'അടിയനല്ല' ചെന്നായയുടെ ചോരക്കണ്ണുകളിൽ കത്തി നിന്ന അദമ്യമായ ആർത്തിയുടെ അർത്ഥമറിയാത്ത ആട്ടിൻകുട്ടി രക്ഷപെടാമെന്നാണ് കരുതിയത്.



'നീയല്ലെങ്കിൽ നിന്റെ അമ്മ. അതു മതി. അതു മാത്രം മതി നിന്നെ എനിക്ക് തിന്നാൻ'

ഇതൊരു വെറും കഥയല്ല, ഗഹനമായ ഒരു ലേഖനത്തിന്റെ തുടക്കമാണ്. ഈ തുടക്കം വായിച്ചാൽ ബാക്കി വായിക്കാതെ പോകാനാവില്ല. അധിനിവേശം യുദ്ധഭൂമിയിൽ മാത്രമല്ല, മനുഷ്യാവസ്ഥ മാറ്റുരയ്ക്കുന്ന ഏതൊരു വേദിയിലും ഈ കീഴ്പ്പെടുത്തൽ കാണുവാനാകും. അപരന്റെ അവകാശങ്ങളിൽ നിന്ന് അണുവിടയെങ്കിലും നിഷേധിക്കപ്പെടുന്നതും അവന്റെ നില

നിൽപ്പിനെ എത്ര നിസ്സാരമായിപ്പോലും ചോദ്യം ചെയ്യുന്നതും അവന്റെ മേലുള്ള അധിനിവേശമാണെന്ന് ലേഖനം ചൂണ്ടിക്കാണിക്കുന്നു.

'മഞ്ഞലോകത്തിന്റെ മായാലോകം' എന്ന ലേഖനത്തിൽ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പേരിൽ അടച്ചു പൂട്ടി വെച്ച 'മരിച്ചസമ്പത്ത്' പുറത്തെടുക്കാനും ഉപയോഗിക്കാനും സാധിച്ചിരുന്നെങ്കിൽ പണ്ടേ ഇന്ത്യയൊരു സാമ്പത്തിക ശക്തിയായി വളർന്നു വികസിക്കുമായിരുന്നില്ലേ എന്ന് ലേഖകൻ ചോദിക്കുന്നുണ്ട്. മഞ്ഞലോഹത്തോട് അനാവശ്യമായ കമ്പം തോന്നുവാനായി സാഹചര്യമൊരുക്കിയ സമൂഹത്തെ മൊത്തമായി പ്രതിസ്ഥാനത്ത് നിർത്തുന്നുണ്ട്. കലയും ശാസ്ത്രവും സിനിമയും സർക്കാർ സംവിധാനങ്ങളും എല്ലാവരും കൂടി സമ്മാനിച്ചതാണ് സ്വർണ്ണക്കമ്പം എന്ന ഈ സാംസ്കാരിക അടിമത്വം. സ്വർണ്ണക്കുരിശും സ്വർണ്ണ ശൂലവുമായി മുന്നേറുന്ന മതങ്ങളെയും വിട്ടുകളഞ്ഞില്ല. സ്വർണ്ണം, മദ്യം, പുകയില എന്നിവയുടെയും അവയുടെ സഹവസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായി വർജ്ജിക്കാൻ സാധിക്കുകയാണെങ്കിൽ 'ദാരിദ്ര്യം' എന്ന പ്രതിഭാസം ലോകത്തു നിന്നു തന്നെ അപ്രത്യക്ഷമാകുമെന്ന് ലേഖനം പറയുന്നു.

'എന്താണ് ജീവിതം എന്തിനാണ് ജീവിതം' ഒരു പ്രപഞ്ചം തന്നെ തുടിച്ചു നിൽക്കുന്ന ജീവിതം എന്ന മനോഹരമായ വാക്കിനേക്കുറിച്ചുള്ള ദാർശനിക ചിന്തയാണ് ഈ അധ്യായത്തിൽ. ഓരോ ജീവിക്കും അതറിയാതെ, അതിന്റെ അനുവാദമില്ലാതെ ലഭ്യമാകുന്ന അമൂല്യമായ ഒരു ഗിഫ്റ്റാണ് ജീവിതം എന്നു തുടങ്ങി, ജീവന്റെയും ജീവിതത്തിന്റെയും സമസ്ത മേഖലകളെയും സ്പർശിച്ച്, ആത്മാക്കളുടെ സാധ്യതകളിലേക്കും ഒരെത്തിനോട്ടം നടത്തി ലേഖനം അതിമനോഹരമായി മുന്നേറിയിരിക്കുന്നു.



എന്താണ് ജീവിതം എന്തിനാണ് ജീവിതം എന്ന ദാർശനിക ചോദ്യത്തിന് എഴുത്തുകാരന്റെ സുഹൃത്തായിരുന്ന സാധാരണക്കാരനായ മുട്ടക്കാരൻ വർക്കിച്ചേട്ടന്റെ മുട്ടായുക്തിയിൽ പൊതിഞ്ഞ ഉത്തരമാണ് അടിവരയിടുന്നത്.

'വെറുതെയുള്ള ഒരു നഷ്ടക്കച്ചവടം. എന്തിനോ, ഏതിനോ വേണ്ടി. ഒരു പത്തു വർഷം, അതിന്റെ പാട്' വർക്കിച്ചേട്ടന്റെ പത്തു വർഷത്തിന്റെ കണക്കും കഷ്ടപ്പാടിന്റെ മുട്ടായുക്തിയും എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ ലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'ഓ..., പത്തു വർഷത്തെ പാടല്ലേയുള്ളൂ ?'

'എനിക്ക് പനി തരൂ, എല്ലാ രോഗങ്ങളും അതുകൊണ്ട് ഞാൻ സുഖപ്പെടുത്താം' എന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഹിപ്പോക്രാറ്റിന്റെ വാക്കുകൾ 'എലിപ്പനിയും ഡെങ്കിപ്പനിയും പിന്നെ കുറെ പനികളും' എന്ന ലേഖനത്തിന്റെ കാതലായി ഉദ്ധരിച്ചിരിക്കുന്നു. പനി ഒരു മാരക രോഗമല്ല, പിന്നെയോ മറ്റു രോഗങ്ങൾ സുഖപ്പെടുത്തുന്നതിനുള്ള ഒരു ഉപാധിയാണ് എന്ന സത്യം അദ്ദേഹം ഈ വാക്കുകളിലൂടെ തുറന്നു പറഞ്ഞിരിക്കുകയാണ്. ശരീരത്തിൽ അടിഞ്ഞുകൂടിയ കഫം പുറന്തള്ളാനാണ് പ്രാണൻ ജലദോഷം കൊണ്ടുവരുന്നത്. പ്രാണനോട് സഹകരിക്കുക, പഴങ്ങൾ കഴിച്ച് ലഘുപാനീയങ്ങൾ കുടിച്ച് വിശ്രമിക്കുക. ഒരാഴ്ച കൊണ്ട് പുറം തള്ളേണ്ടതിനെ പുറം തള്ളി ശരീരം ശുദ്ധമാകും എന്ന പ്രകൃതിചികിത്സാ മാർഗ്ഗവും മറ്റ് ആരോഗ്യ സംബന്ധിയായ വിഷയങ്ങളും ഹെൽത്ത് കെയർ മരുന്ന് മാഫിയായുടെ പകൽക്കൊള്ളയെക്കുറിച്ചുള്ള തുറന്നുകാട്ടലും ഈ ലേഖനത്തിൽ വിശദമായുണ്ട്.

മലയാള വേദിയുടെ അവാർഡ് ലഭിച്ച 'മഹാസമുദ്രതീരത്തെ മണൽത്തരികൾ' എന്ന ലേഖനവും 'ലാന' യുടെ പ്രത്യേക പുരസ്കാരം ലഭിച്ച 'സ്വപ്ന സൗധങ്ങൾ വീണടിയുമ്പോൾ' എന്ന ലേഖനവും ഈ പുസ്തകത്തിൽ വായിക്കാനാവും. ഭയത്തിന്റെ നിഴലിൽ ഒരു ലോകം, കൊടുങ്കാറ്റുകൾ ഇരമ്പുന്നു, പ്രഭാതമെവിടെ പ്രകാശമെവിടെ, ഭരണകൂട ഭീകരതയുടെ പ്രായോഗിക നേർസാക്ഷ്യങ്ങൾ, നന്മകൾ വിളയുന്ന ഭൂമി നമ്മുടെ നല്ല ഭൂമി, നമ്മുടെ നല്ല ഭാരതം, സഹ്യന്റെ താഴ്വരയിൽ സട കുടയുന്നു കേരളം, തുടങ്ങി വ്യത്യസ്തമായ വിഷയങ്ങൾ വിശകലനം ചെയ്യുന്ന

ഈടുറ്റ ലേഖനങ്ങൾ വായിക്കാനാവും. ലേഖനങ്ങളുടെ ഭാഷ മനോഹരമായ പുഴ പോലെ ഒഴുകുന്നവയാണെന്ന് സാക്ഷ്യപ്പെടുത്താതിരിക്കാനാവില്ല,

ശാസ്ത്രീയം എന്ന പേരിൽ എഴുന്നെള്ളിച്ചുകൊണ്ടു വരുന്ന കെട്ടുകാഴ്ചകളിൽ മനം മയങ്ങി, നൈസർഗ്ഗിക സുരക്ഷിതത്വത്തിന്റെ പുറംതോട് പൊളിച്ചു കളഞ്ഞ് അപകടത്തിലാവുന്ന സാധാരണ മനുഷ്യന് വസ്തുതകൾ തിരിച്ചറിയുവാൻ വേണ്ടി അവരോടൊപ്പം ചേർന്നുള്ള ഒരു ചർച്ചയുടെ ആമുഖമാണ് ഈ പുസ്തകത്തിലെ രണ്ടാം ഭാഗം.

'വലിയ ശാസ്ത്ര നിഗമനങ്ങളും ചില ചെറിയ സംശയങ്ങളും' എന്ന ലേഖനത്തിൽ ശാസ്ത്രനേട്ടങ്ങളുടെ തണലിൽ മെച്ചപ്പെട്ട ജീവിതം നയിക്കുന്ന മനുഷ്യവർഗ്ഗം ശാസ്ത്രത്തെ അംഗീകരിക്കേണ്ടതുണ്ട് ബഹുമാനിക്കേണ്ടതുണ്ട് എന്ന് സമ്മതിച്ചുകൊണ്ടു തന്നെ ഏതൊരു ശാസ്ത്രപ്രതിഭയും സാധാരണ മനുഷ്യരാണെന്ന് ഓർമ്മിപ്പിക്കുന്നു. ശാസ്ത്രം പുറത്തുവിട്ട നിഗമനങ്ങളിൽ ഒരു മനുഷ്യന്റെ, സാധാരണ നിരീക്ഷണത്തിന് നിരക്കാത്ത സംഗതികളാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. ചോറിൽ കല്ലു കടിച്ചാൽ ചോറിനെയോ കല്ലിനെയോ ശപിച്ചിരുന്നിട്ട് കാര്യമില്ല. കല്ല് ചോറിൽ വരാനുണ്ടായ സാഹചര്യങ്ങളും കാരണങ്ങളുമാണ് അന്വേഷിക്കേണ്ടത്, അതാണ് ഈ ലേഖനങ്ങൾ തേടുന്നതും.

'ആരാണ് ദൈവം, എന്താണ് ദൈവം' എന്ന ലേഖനത്തിൽ ദൈവത്തിന്റെ സംരക്ഷകർ എന്നവകാശപ്പെടുന്ന മതവക്താക്കളെയും ദൈവനിഷേധം ജീവിതവ്രതമാക്കിയ യുക്തിവാദികളെയും തിരുത്തിക്കുറിച്ചുകൊണ്ട് സത്യാന്വേഷിയായ ഒരു സാധാരണ മനുഷ്യന്റെ ദാർശനിക കണ്ടെത്തലുകളാണ് പിറവികൊണ്ടിരിക്കുന്നത്. ഒരേ ഒരു ദൈവം മാത്രമേയുള്ളുവെന്നും ആ ദൈവം സർവ്വപ്രപഞ്ചത്തിലുമായി നിറഞ്ഞു നിൽക്കുന്ന പ്രപഞ്ചാത്മാവ് എന്ന സജീവമായ ബോധാവസ്ഥ ആണെന്നും വിശദീകരിച്ചിരിക്കുന്നു.

നാം നക്ഷത്ര ധൂളികൾ, ദൈവകണം കണ്ടു പക്ഷേ ദൈവത്തെ കണ്ടില്ല, വഴി തെറ്റുന്ന ശാസ്ത്രം വഴി മുട്ടുന്ന ലോകം, ആനയെക്കണ്ട അന്ധന്മാരും അവരുടെ സ്വകാര്യ ബോധ്യങ്ങളും എന്നീ ലേഖനങ്ങളിലൂടെ ശാസ്ത്രസത്യങ്ങളോട് ഒരു സാധാരക്കാരനു ചോദിക്കാനുള്ളതൊക്കെ ചോദിച്ച് വായനക്കാരെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ജയൻ വർഗീസിന്റെ തന്നെ ആമുഖക്കുറിപ്പ് കൂടെ ചേർത്തിട്ടുണ്ട്. ഒന്നാം ഭാഗത്ത് 24 ലേഖനങ്ങളും രണ്ടാം ഭാഗത്ത് 6 ലേഖനങ്ങളുമായി ആകെ 30 വ്യത്യസ്ഥമായ ലേഖനങ്ങളുടെ ഈ സമാഹാരം 272 പേജുകളിലായി മംഗളോദയം ഗ്രീൻ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില 390 രൂപ.

ജയൻ വർഗീസ്



പതിനൊന്നാം വയസിൽ ആദ്യ കഥ പ്രസിദ്ധീകരിച്ചു കൊണ്ടാരംഭിച്ച സാഹിത്യ യാത്ര അനിവാര്യമായ നിയോഗം പോലെ ഇന്നും തുടരുന്നു. അശനി, അസ്ത്രം, ആലയം, കാഹളം, പ്രഭാതയാമം, ജ്യോതിർഗമയ/Towards The Light എന്നീ നാടകങ്ങളും സൂര്യജന്മം (കവിത), പാടുന്നു പാഴ്മുളം തണ്ടുപോലെ (ഓർമ്മക്കുറിപ്പുകൾ), അഗ്നിച്ചീളുകൾ (ലേഖനങ്ങൾ) തുടങ്ങി സാഹിത്യത്തിന്റെ വിവിധ ശാഖകളിലായി പ്രസിദ്ധീകരിക്കപ്പെട്ട പത്ത് പുസ്തകങ്ങളുടെ രചയിതാവാണ്.

1982ൽ 'പ്രവാസം' എന്ന നാടകം ആകാശവാണിയുടെ ദേശീയ റേഡിയോ നാടകോത്സവത്തിലേക്ക് തെരഞ്ഞടുക്കപ്പെട്ട് ഹിന്ദിയടക്കം മിക്ക ഇന്ത്യൻ ഭാഷകളിലും പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമി (1979 & 1982), സമസ്ത കേരള സാഹിത്യ പരിഷത്ത്, ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി, ആൾ ഇന്ത്യാ റേഡിയോ മുതലായ ഇന്ത്യൻ സ്ഥാപനങ്ങളുടെയും കൈരളി, മലയാള വേദി, ഫൊക്കാന, കേരളാ സെന്റർ മുതലായ അമേരിക്കൻ സ്ഥാപനങ്ങളുടെയും പതിനഞ്ചിലധികം സാഹിത്യ പുരസ്ക്കാരങ്ങൾ ജയൻ വർഗീസിന് ലഭിച്ചിട്ടുണ്ട്.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിൽ ആദ്യമായി ഒരു വിദേശ യൂണിവേഴ്സിറ്റി ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിച്ച ഏക കൃതിയുടെ രചയിതാവ് എന്ന നിലയിൽ (ജ്യോതിർഗമയ / Towards The Light published by CUNY / City University of New York) ഇതുവരെ ഒരു മലയാളിക്കും കൈവരിക്കാൻ കഴിയാത്ത വലിയ അംഗീകാരവും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്

അമേരിക്കയിലെയും ബ്രിട്ടനിലെയും ജർമ്മനിയിലെയും മലയാള മാധ്യമങ്ങളിൽ ഇന്നും സജീവ സാന്നിധ്യമാവുന്ന അദ്ദേഹത്തിന്റെ രചനകൾ മാനവികതയുടെയും മത നിരപേക്ഷകതയുടെയും സന്ദേശങ്ങൾ പ്രസരിപ്പിച്ചുകൊണ്ട് ഇന്നിനെക്കാൾ മെച്ചപ്പെട്ട ഒരു നാളെയെക്കുറിച്ചുള്ള മനോഹര സ്വപ്നങ്ങളുടെ വാങ്മയ ചിത്രങ്ങളാണ്.

ഒരു സാധാരണ മനുഷ്യന്റെ എല്ലാ പരിമിതികളോടെയും പരാതികളില്ലാതെ ന്യൂയോർക്കിൽ ജീവിക്കുന്നു.

ഇമെയിൽ :- vkavalum@aol.com

LAWSON travel

Enjoy Your Vacations With Us



214-631-2458

www.LawsonTravel.com

ഗാർലൻഡ് സിറ്റി കൗൺസിൽ തിരഞ്ഞെടുപ്പ്:

പി.സി. മാത്യുവിന്റെ പ്രചാരണ ട്രഷററായി പ്രൊഫ. ബിൽ ഇൻഗ്രാം



Bill Ingram



P.C. Mathew

പി.പി. ചെറിയാൻ

ഡാളസ്: 2027 മേയ് 1ന് നടക്കുന്ന ഗാർലൻഡ് സിറ്റി കൗൺസിൽ ഡിസ്ട്രിക്ട് 3 തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പി.സി. മാത്യുവിന്റെ പ്രചാരണ ട്രഷററായി ഡാളസ് കോളജ് ഇംഗ്ലീഷ് പ്രൊഫസറും സാമൂഹിക പ്രവർത്തകനുമായ ബിൽ ഇൻഗ്രാം പ്രവർത്തിക്കും. മാത്യുവിന്റെ 2025ലെ ഗാർലൻഡ് മേയർ തിരഞ്ഞെടുപ്പ് പ്രചാരണത്തിലും ട്രഷററായിരുന്ന ഇൻഗ്രാം, ഇത്തവണയും അദ്ദേഹത്തിന്റെ പ്രചാരണസംഘത്തിന്റെ ഭാഗമാകുകയാണ്.

ഗാർലൻഡ് എൻവയൺമെന്റൽ ആൻഡ് കമ്മ്യൂണിറ്റി അഡ്വൈസറി ബോർഡിന്റെ (ECAB) വൈസ് ചെയർമാനാണ് ഇൻഗ്രാം. മേയറുടെ നിയമനപ്രകാരം ബോർഡ് അംഗമായ അദ്ദേഹം പിന്നീട്

വൈസ് ചെയർമാനായി. ഗാർലൻഡ് ഗസറ്റിലെ ലേഖകനും ദീർഘകാല എൻബിഎ ബാസ്കറ്റ്ബോൾ വിശകലന വിദഗ്ധനുമായ ഇൻഗ്രാം, ട്രെയിൽ കമ്മ്യൂണിറ്റിയിൽ പ്രസിഡന്റായും മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. ഷോഴ്സ് ഓഫ് വെല്ലിങ്ടൺ കമ്മ്യൂണിറ്റിയുടെ പ്രസിഡന്റെന്ന നിലയിലുള്ള മാത്യുവിന്റെ പ്രവർത്തനങ്ങളും പൊതുസേവനത്തോടുള്ള പ്രതിബദ്ധതയും പരിഗണിച്ചാണ് അദ്ദേഹം വീണ്ടും പിന്തുണയുമായി മുന്നോട്ടുവന്നത്.

നഗരത്തിലെ വിവിധ ബോർഡുകളിലും സാമൂഹിക സംഘടനകളിലും പ്രവർത്തിച്ച അനുഭവവുമായാണ് പി.സി. മാത്യു ജനവിധി തേടുന്നത്. നിലവിൽ മേയറുടെ നിയമനപ്രകാരം ഗാർലൻഡ് TIF നമ്പർ 2 സൗത്ത് ബോർഡ് അംഗമായ അദ്ദേഹം, ഷോഴ്സ് ഓഫ് വെല്ലിങ്ടൺ ഹോം ഓണേഴ്സ് അസോസിയേഷന്റെ പ്രസിഡന്റുമാണ്. ഗാർലൻഡിന്റെ പരിസ്ഥിതി ഉപദേശക ബോർഡിലും മുതിർന്ന പൗരന്മാരുടെ ഉപദേശക കമ്മീഷനിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ലീഡർഷിപ്പ് ഗാർലൻഡ്, ഗാർലൻഡ് സിറ്റിസൺസ് പോലീസ് അക്കാദമി, സിറ്റിസൺസ് ഫയർ അക്കാദമി എന്നിവ പൂർത്തിയാക്കിയ മാത്യു, ടെക്സസ് ഇൻഷുറൻസ് വകുപ്പിൽ ഫിനാൻഷ്യൽ എക്സാമിനറായും പ്രവർത്തിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ്, ഇൻഷുറൻസ് മേഖലകളിലെ അനുഭവത്തിനൊപ്പം ബഹ്റൈനിലെ ഇന്ത്യൻ സ്കൂൾ ബോർഡ് അംഗമെന്ന നിലയിലുള്ള പ്രവർത്തനപരിചയവും അദ്ദേഹത്തിനുണ്ട്.

2021ലെ ഡിസ്ട്രിക്ട് 3 തിരഞ്ഞെടുപ്പിൽ മത്സരിച്ച നാലു സ്ഥാനാർഥികളിൽ രണ്ടാമതെത്തി റൺഓഫിലേക്ക് യോഗ്യത നേടിയ മാത്യു, 2025ലെ മേയർ തിരഞ്ഞെടുപ്പിൽ ആറു സ്ഥാനാർഥികളിൽ മൂന്നാമതെത്തിയിരുന്നു. തുടർന്ന് നടന്ന റൺഓഫിൽ ഇപ്പോഴത്തെ മേയർ ഡിലൻ ഹെഡ്രിക്കിന് പിന്തുണ പ്രഖ്യാപിച്ചു. മേയറുടെ വിജയത്തിന് പിന്നിൽ പി. സി. യുടെ ശക്തമായ പ്രവർത്തനവും ജനപിന്തുണയും ആയിരുന്നുവെന്നു തെരഞ്ഞെടുപ്പ് സസൂഷ്മം പഠിച്ച വിദഗ്ധർ അഭിപ്രായപ്പെട്ടു.

ഇപ്പോഴത്തെ സിറ്റി കൌൺസിൽ മെമ്പർ പി. സി. മാത്യുവുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ തന്റെ ഒഴിവിൽ പി. സി. ജയിക്കുമെന്ന് പ്രത്യാശപ്രകടിപ്പിച്ചു. പി. സി. മാത്യു ജയിക്കുന്നതോടെ മലയാളികൾക്ക് ഒരു അഭിമാനയായിരിക്കുമെന്ന് ഫോമാ മുൻ പ്രസിഡന്റും സുഹൃത്തുമായ ഫിലിപ്പ് ചാമത്തിൽ അഭിപ്രായപ്പെട്ടു.

പൊതുസുരക്ഷയ്ക്കാണ് തന്റെ പ്രവർത്തനപരിപാടിയിൽ പ്രഥമ പരിഗണനയെന്ന് മാത്യു അറിയിച്ചു. ഉത്തരവാദിത്വമുള്ള നഗരച്ചെലവുകൾ, അനിവാര്യ സേവനങ്ങളെ ബാധിക്കാതെയുള്ള നികുതിയാശ്വാസ സാധ്യതകൾ, മെച്ചപ്പെട്ട റോഡുകളും തെരുവുവിളക്കുകളും, ഗതാഗതവും അടിസ്ഥാനസൗകര്യങ്ങളും കണക്കിലെടുത്തുള്ള വികസനം എന്നിവയ്ക്കും മുൻഗണന നൽകും.

ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കുകയും പ്രശ്നപരിഹാരത്തിനായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന, എളുപ്പത്തിൽ സമീപിക്കാവുന്ന നേതൃത്വമാണ് ലക്ഷ്യമെന്ന് മാത്യു വ്യക്തമാക്കി. നഗരത്തിന്റെ പുരോഗതി മുന്നോട്ടുകൊണ്ടുപോകാൻ ഡിസ്ട്രിക്ട് 3 നിവാസികളുടെ പിന്തുണയും അദ്ദേഹം അഭ്യർഥിച്ചു.

ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.
പി.സി. മാത്യു ഫോൺ: 972-999-6877

ഫോമാ സെൻട്രൽ റീജിയന്റെ 2026 – 28 വർഷത്തേക്കുള്ള വർക്കിംഗ് കമ്മിറ്റി രൂപീകരിച്ചു





അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ 20262028 വർഷത്തേക്കുള്ള വർക്കിംഗ് കമ്മിറ്റി രൂപീകരണവും പ്രഥമ യോഗവും ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടന്നു.

റീജിയൻ റീജിയണൽ വൈസ് പ്രസിഡന്റ് (RVP) രഞ്ജൻ എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിന് ഫോമാ നാഷണൽ ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ജുഡീഷ്യൽ കമ്മിറ്റി ചെയർമാൻ ബെന്നി വാച്ചാച്ചിറ, നാഷണൽ കൗൺസിൽ അംഗങ്ങളായ ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈപ്പൻ, യൂത്ത് പ്രതിനിധി കാൽവിൻ കവലക്കൽ, വിമൻസ് ഫോറം പ്രതിനിധി ജൂബി വള്ളിക്കളം എന്നിവർ നേതൃത്വം നൽകി.

വർക്കിംഗ് കമ്മിറ്റിയുടെ ചെയർമാനായി മനോജ് അച്ചേട്ട്, വൈസ് ചെയർമാനായി സ്റ്റീഫൻ കിഴക്കേക്കുറ്റ്, സെക്രട്ടറിയായി ജോൺ പാട്ടപതി, ജോയിന്റ് സെക്രട്ടറിയായി ആഷ്ലി എബ്രഹാം, ട്രഷററായി ആന്റോ കവലക്കൽ, ജോയിന്റ് ട്രഷററായി അഭിലാഷ് നെല്ലാമറ്റം, പബ്ലിക് റിലേഷൻസ് ഓഫീസറായി (PRO) അനിൽ മറ്റത്തിക്കുന്നേൽ, വിമൻസ് ഫോറം ചെയർപേഴ്സണായി ജൂബി വള്ളിക്കളം, യൂത്ത് കോഓർഡിനേറ്ററായി മേഘ ചിറയിൽ എന്നിവരെ തിരഞ്ഞെടുത്തു. സബ് കമ്മിറ്റി ഭാരവാഹികളെയും യോഗത്തിൽ തിരഞ്ഞെടുത്തു.

ഫോമാ സെൻട്രൽ റീജിയന്റെ പ്രാധാന്യവും മുൻകാലങ്ങളിൽ റീജിയൻ നടത്തിവന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക, സാംസ്കാരിക പരിപാടികളും അധ്യക്ഷ പ്രസംഗത്തിൽ രഞ്ജൻ എബ്രഹാം വിശദീകരിച്ചു. നൂറിലധികം മലയാളി സംഘടനകൾ അംഗങ്ങളായുള്ള ഫോമയുടെ ഏറ്റവും ശക്തവും പ്രാധാന്യമേറിയതുമായ റീജിയനുകളിൽ ഒന്നാണ് ചിക്കാഗോലാൻഡ് മേഖലയിലെ ഏഴ് മലയാളി സംഘടനകൾ ഉൾപ്പെടുന്ന സെൻട്രൽ റീജിയനെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ബിജു തോണിക്കടവിലിന്റെ നേതൃത്വത്തിലുള്ള ഫോമാ നാഷണൽ കമ്മിറ്റിയോട് ചേർന്നുനിന്നുകൊണ്ട് സംഘടനയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പാക്കുമെന്നും നോർത്ത് അമേരിക്കയിലെ വിവിധ മലയാളി സംഘടനകളെ ഏകോപിപ്പിച്ച് മുന്നോട്ടുപോകാനുള്ള ഫോമയുടെ ശ്രമങ്ങളിൽ സെൻട്രൽ റീജിയൻ ആത്മാർത്ഥമായി പങ്കുചേരുമെന്നും രഞ്ജൻ എബ്രഹാം തന്റെ അധ്യക്ഷ പ്രസംഗത്തിൽ
വ്യക്തമാക്കി.

ഫോമാ വെറുമൊരു മലയാളി സംഘടനയല്ലെന്നും നേർത്ത് അമേരിക്കൻ മലയാളികൾക്കിടയിൽ ഏറ്റവും കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും മലയാളികളുടെ ഉന്നമനത്തിനായി നിരന്തരം

പ്രവർത്തിക്കുകയും ചെയ്യുന്ന പ്രമുഖ ദേശീയ സംഘടനകളിലൊന്നാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നോർത്ത് അമേരിക്കയിൽ മാത്രമല്ല, കേരളത്തിലും ഫോമയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ സജീവമായി തുടരുന്നുണ്ടെന്ന കാര്യം പ്രത്യേകം ഓർമിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

പുതിയ ദേശീയ നേതൃത്വം അധികാരമേറ്റ് ഒരു മാസം തികയുന്നതിനുമുമ്പുതന്നെ നിർധന കുടുംബങ്ങൾക്കായി ഫോമാ നിർമ്മിച്ചുനൽകുന്ന നാലാമത്തെ വീടിന്റെ തറക്കല്ലിടൽ നടത്താൻ സാധിച്ചത് സംഘടനയുടെ ഒത്തൊരുമയുടെയും സാമൂഹിക പ്രതിബദ്ധതയുടെയും തെളിവാണെന്ന് രഞ്ജൻ എബ്രഹാം ചൂണ്ടിക്കാട്ടി. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ഇത്തരത്തിലുള്ള ജീവകാരുണ്യ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സാധിച്ചത് ഫോമയുടെ കൂട്ടായ പ്രവർത്തനങ്ങളുടെ വിജയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ സെൻട്രൽ റീജിയൻ RVPയും നിലവിലെ ഫോമാ നാഷണൽ ജോയിന്റ് ട്രഷററുമായ ജോൺസൺ കണ്ണൂക്കാടൻ തന്റെ പ്രസംഗത്തിൽ സെൻട്രൽ റീജിയന്റെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും പുതിയ നേതൃത്വത്തിന് ആശംസകൾ നേരുകയും ചെയ്തു. മുൻകാലങ്ങളിൽ സെൻട്രൽ റീജിയന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച സഹകരണത്തിനും പിന്തുണയ്ക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

ഫോമാ ഏതെങ്കിലും ഒരു റീജിയനിൽ മാത്രം ഒതുങ്ങിനിൽക്കുന്ന സംഘടനയല്ലെന്നും മറിച്ച് നോർത്ത് അമേരിക്കൻ മലയാളികളുടെ ഏറ്റവും ശക്തമായ ദേശീയ സംഘടനകളിലൊന്നാണെന്നും ജോൺസൺ കണ്ണൂക്കാടൻ ഓർമിപ്പിച്ചു. സെൻട്രൽ റീജിയന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ഫോമാ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എല്ലാവിധ പിന്തുണയും സഹകരണവും അദ്ദേഹം വാഗ്ദാനം ചെയ്തു.

ഫോമാ സെൻട്രൽ റീജിയൻ ചിക്കാഗോയുടെ 2026-2028 പ്രവർത്തനകാലയളവിന്റെ ഔദ്യോഗിക ഉദ്ഘാടനം 2027 ഏപ്രിൽ 2 വെള്ളിയാഴ്ച വിപുലമായ കലാപരിപാടികളോടും ആഘോഷങ്ങളോടും കൂടി അതിഗംഭീരമായി സംഘടിപ്പിക്കാൻ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനമായി.

ചിക്കാഗോലാൻഡ് മേഖലയിലെ വിവിധ മലയാളി സംഘടനകളുടെ സജീവ പങ്കാളിത്തത്തോടെ ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്താനും യോഗം തീരുമാനിച്ചു.

ഫോമാ നാഷണൽ കൗൺസിൽ അംഗം ജിതേഷ് ചുങ്കത്ത് പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി (MC) പ്രവർത്തിച്ചു. നാഷണൽ കൗൺസിൽ അംഗം പ്രിൻസ് ഈപ്പൻ യോഗാനന്തരം നന്ദി പ്രകാശിപ്പിച്ചു.

സെൻട്രൽ റീജിയന്റെ പരിധിയിലുള്ള വിവിധ മലയാളി അസോസിയേഷനുകളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തവരും പുതുതായി തിരഞ്ഞെടുക്കപ്പെട്ട വർക്കിംഗ് കമ്മിറ്റി അംഗങ്ങളും ഫോമയുടെ ദേശീയതലത്തിലുള്ള പ്രവർത്തനങ്ങൾക്കും സെൻട്രൽ റീജിയന്റെ ഭാവി പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും പിന്തുണയും അറിയിച്ചു.



പുതിയ നേതൃത്വത്തിന്റെ കീഴിൽ സെൻട്രൽ റീജിയന്റെ സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അംഗസംഘടനകൾ തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനും ജീവകാരുണ്യ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പ്രാധാന്യം നൽകും.

ന്യൂയോർക്ക് മലയാളി അസോസിയേഷന്റെ (NYMA) ഫാമിലി നൈറ്റ് 2026 വൻവിജയമായി



ന്യൂയോർക്ക്: ന്യൂയോർക്ക് മലയാളി അസോസിയേഷന്റെ (NYMA) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാമിലി നൈറ്റ് ആൻഡ് ബാങ്കറ്റ് 2026 വൻവിജയമായി. നവംബർ 7 ശനിയാഴ്ച എൽമോണ്ടിലെ സെന്റ് വിൻസെന്റ് ഡി പോൾ ഓഡിറ്റോറിയത്തിൽ നടന്ന ആഘോഷപരിപാടിയിൽ മുന്നൂറിലധികം പേർ പങ്കെടുത്തു.

കലാസാംസ്കാരിക പരിപാടികളും സംഗീതവിരുന്നും കുടുംബസംഗമവും ഒത്തുചേർന്ന സായാഹ്നം ന്യൂയോർക്കിലെ മലയാളി സമൂഹത്തിന് അവിസ്മരണീയമായ അനുഭവമായി മാറി. ഹിസ് ഹൈനസ് Rt. റവ. ഫിലിപ്പോസ് മാർ സ്തേഫാനോസ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ഫോമ ജനറൽ സെക്രട്ടറി പോൾ ജോസ്, പ്രശസ്ത വയലിനിസ്റ്റും ഗായികയുമായ ലക്ഷ്മി ജയൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്നായി മാറിയത് പ്രശസ്ത ഗായികയും വയലിനിസ്റ്റുമായ ലക്ഷ്മി ജയന്റെ സംഗീതവിരുന്നായിരുന്നു. ശ്രുതിമധുരമായ ഗാനങ്ങളിലൂടെ സദസ്സിനെ സംഗീതലഹരിയിലാഴ്ത്തിയ ലക്ഷ്മി ജയന്റെ പ്രകടനം കാണികളുടെ പ്രശംസ പിടിച്ചുപറ്റി. വൈവിധ്യമാർന്ന കലാപരിപാടികളും നൃത്താവിഷ്കാരങ്ങളും സംഗീതപരിപാടികളും ആഘോഷത്തിന് കൂടുതൽ നിറപ്പകിട്ടേകി. കുട്ടികളും മുതിർന്നവരും ഒരുപോലെ പങ്കെടുത്ത കലാപരിപാടികൾ മലയാളി സമൂഹത്തിന്റെ കലാപരമായ കഴിവുകളുടെയും ഐക്യത്തിന്റെയും മികച്ച പ്രകടനമായി മാറി.

ന്യൂയോർക്ക് മലയാളി അസോസിയേഷൻ പ്രസിഡന്റ് രാജേഷ് പുഷ്പരാജന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ വിജയത്തിനായി സെക്രട്ടറി പ്രേം കൃഷ്ണൻ, ട്രഷറർ തോമസ് പൈക്കാട്, വൈസ് പ്രസിഡന്റ് തോമസ് സക്കറിയ (സുജിത്ത്) എന്നിവർ സജീവമായി പ്രവർത്തിച്ചു. ബോർഡ് ചെയർമാനും ഫാമിലി നൈറ്റ് കോർഡിനേറ്ററുമായ ബിബിൻ മാത്യു പരിപാടിയുടെ ഏകോപനത്തിൽ



പ്രധാന പങ്കുവഹിച്ചു. ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങളായ മാത്യു ജോഷ, ജേക്കബ് കുര്യൻ, ലാഗി തോമസ്, കുര്യൻ സ്കറിയ എന്നിവരും പരിപാടിയുടെ വിജയത്തിനായി സജീവമായി പ്രവർത്തിച്ചു. ബോർഡ് അംഗങ്ങളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും മറ്റ് പ്രവർത്തകരുടെയും കൂട്ടായ പരിശ്രമമാണ് പരിപാടിയുടെ വിജയത്തിന് പിന്നിൽ.

2018-ൽ പ്രവർത്തനമാരംഭിച്ച ന്യൂയോർക്ക് മലയാളി അസോസിയേഷൻ ചുരുങ്ങിയ കാലയളവിനുള്ളിൽ ന്യൂയോർക്കിലെ മലയാളി സമൂഹത്തിനിടയിൽ ശ്രദ്ധേയമായ സംഘടനയായി വളർന്നുവരികയാണ്. മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനൊപ്പം പുതുതലമുറയ്ക്ക് മലയാളത്തിന്റെ കലയും സംസ്കാരവും പരിചയപ്പെടുത്തുന്നതിനും സംഘടന പ്രാധാന്യം നൽകിവരുന്നു. വിവിധ തലമുറകളിൽപ്പെട്ട മലയാളി കുടുംബങ്ങളെ ഒരേ വേദിയിൽ ഒന്നിപ്പിച്ച ഫാമിലി നൈറ്റ്, സംഘടനയുടെ വളർച്ചയുടെയും അംഗങ്ങൾക്കിടയിലെ സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും പ്രതിഫലനമായി മാറി. തിരക്കേറിയ പ്രവാസജീവിതത്തിനിടയിൽ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ഒത്തുചേരാനും സൗഹൃദബന്ധങ്ങൾ പുതുക്കാനും പരിപാടി മികച്ച അവസരമൊരുക്കി.





പരിപാടിയുടെ വിജയത്തിനായി സഹകരിച്ച സ്പോൺസർമാർക്കും കലാകാരന്മാർക്കും വിശിഷ്ടാതിഥികൾക്കും ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും വോളന്റിയർമാർക്കും പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും ന്യൂയോർക്ക് മലയാളി അസോസിയേഷൻ പ്രസിഡന്റ് രാജേഷ് പുഷ്പരാജനും സെക്രട്ടറി പ്രേം കൃഷ്ണനും ഹൃദയംഗമമായ നന്ദി അറിയിച്ചു.

മുന്നൂറിലധികം പേരുടെ സാന്നിധ്യത്തിൽ ആഘോഷപൂർവം നടന്ന ഫാമിലി നൈറ്റ് 2026, ന്യൂയോർക്ക് മലയാളി അസോസിയേഷന്റെ ചരിത്രത്തിലെ മറ്റൊരു വിജയകരമായ അധ്യായമായി മാറി. മലയാളി സമൂഹത്തിന്റെ സ്നേഹവും സൗഹൃദവും ഐക്യവും വിളിച്ചോതിയ ഈ കുടുംബസംഗമം വരുംവർഷങ്ങളിലെ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനമാകുമെന്ന പ്രതീക്ഷയിലാണ് ഭാരവാഹികൾ.

MUKKUT
MONUMENTS INC.



PHONE (C)
972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com







We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.

WE SERVICE ALL OVER USA, CANADA & INDIA

24 ന്യൂസ് അസോസിയേറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ വി. അരവിന്ദിനെ ആദരിച്ചു



ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ കേരളപ്പിറവി ദിനാഘോഷത്തിൽ 24 ന്യൂസ് അസോസിയേറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ വി. അരവിന്ദിനെ ആദരിച്ചു.

ഫിലഡൽഫിയ നഗരസഭയുടെ പ്രത്യേക 'സിറ്റി ഓഫ് ഫിലഡൽഫിയ സൈറ്റേഷൻ' ചടങ്ങിൽ സമ്മാനിച്ചു. ലിസ് തോമസ് അദ്ദേഹത്തിനുവേണ്ടി സൈറ്റേഷൻ സമർപ്പിച്ചു. തുടർന്ന് പൊന്നാട അണിയിച്ച് കേരളപ്പിറവി ആഘോഷ കമ്മിറ്റി ചെയർമാൻ തോമസ് പോൾ അദ്ദേഹത്തെ ആദരിച്ചു.

കേരളപ്പിറവി സന്ദേശത്തിൽ വി. അരവിന്ദ് കേരളത്തിന്റെ സാമൂഹിക പുരോഗതി, വിദ്യാഭ്യാസ നേട്ടങ്ങൾ, സാംസ്കാരിക പൈതൃകം, പ്രവാസി മലയാളികളുടെ സംഭാവനകൾ എന്നിവയെക്കുറിച്ച് സംസാരിച്ചു. കേരളത്തിന്റെ മൂല്യങ്ങളും ഭാഷയും സംസ്കാരവും വരുംതലമുറകളിലേക്ക് കൈമാറേണ്ടത് ഓരോ മലയാളിയുടെയും ഉത്തരവാദിത്തമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

മലയാള മാധ്യമരംഗത്ത് പരമ്പരാഗത വാർത്താ പ്രവർത്തനത്തിലും ഡിജിറ്റൽ മാധ്യമ പ്രവർത്തനത്തിലും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ച മാധ്യമപ്രവർത്തകനാണ് അരവിന്ദ് വി. നിലവിൽ ന്യൂസ് ചാനൽ 24-ൽ അസോസിയേറ്റ് എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിക്കുന്ന അദ്ദേഹം, 2018 മുതൽ ചാനലിന്റെ എഡിറ്റോറിയൽ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിക്കുന്നു. സീനിയർ ന്യൂസ് എഡിറ്റർ എന്ന നിലയിൽ ആരംഭിച്ച ഔദ്യോഗിക വളർച്ചയിലൂടെയാണ് അദ്ദേഹം നിലവിലെ പദവിയിലെത്തിയത്.

വാർത്താ വിഭാഗത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അരവിന്ദ് വി, ടോട്ടൽ ഡെസ്ക് ഇൻചാർജ്, ചാനൽ ബാൻഡ് ഹെഡ്, ഇൻപുട്ട് ചീഫ്, ഔട്ട്പുട്ട് ഹെഡ് തുടങ്ങിയ സുപ്രധാന ചുമതലകൾ വഹിച്ചിട്ടുണ്ട്. വിദേശ ബ്യൂറോകൾ ഉൾപ്പെടെയുള്ള ചാനലിന്റെ ബ്യൂറോ പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയും നിർവഹിച്ചിട്ടുണ്ട്. വാർത്തകളുടെ ശേഖരണം മുതൽ അവതരണം

വരെയുള്ള വിവിധ ഘട്ടങ്ങളിൽ അദ്ദേഹത്തിനുള്ള അനുഭവ സമ്പത്ത് ശ്രദ്ധേയമാണ്. ന്യൂസ് ചാനൽ 24-ലെ '100 ന്യൂസ്' എന്ന വാർത്താ വിഭാഗത്തിന്റെ രൂപ കൽപ്പനയിലും അദ്ദേഹം പങ്കുവ ഹിച്ചു.

ഡിജിറ്റൽ മാധ്യമരംഗത്തെ മാറ്റങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിച്ച മാധ്യമപ്രവർത്തകൻ കൂടിയാണ് അരവിന്ദ്. ന്യൂസ് ചാനൽ 24-ന്റെ ഡിജിറ്റൽ വിഭാഗം മേധാവിയാ യി പ്രവർത്തിച്ച അദ്ദേഹം, ചാ നലിന്റെ ഓൺലൈൻ മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മലയാളത്തിലെ ആദ്യ വെബ് പോർട്ടലായി അറിയപ്പെ ടുന്ന 'കേരള ഓൺലൈൻ' സം രംഭത്തിന്റെ ഭാഗമായും പ്രവർ ത്തിച്ചിട്ടുണ്ട്. സ്വതന്ത്ര വാർത്താ പോർട്ടലായ ഡെയ്‌ലി റിപ്പോർട്ട് സിന്റെ എക്സിക്യൂട്ടീവ് എഡി റ്ററായും മലയാളം ചാനലുകൾ ക്ക് അമേരിക്കയിൽ ഐപിടിവി സേവനം ലഭ്യമാക്കിയിരുന്ന ആ ദ്യകാല സംരംഭമായ ബോം ടി വിയുടെ പ്രവർത്തക പങ്കാളിയാ യും പ്രവർത്തിച്ചു.

യൂട്യൂബിന്റെ കണ്ടന്റ് മാ നേജ്മെന്റ് സിസ്റ്റത്തിൽ (CMS) പ്രത്യേക പരിശീലനവും സർ ട്ടിഫിക്കേഷനും നേടിയിട്ടുള്ള അദ്ദേഹത്തിന് സെർച്ച് എൻജിൻ ഒപ്റ്റിമൈസേഷൻ (SEO), ഗൂ ഗിൾ അനലിറ്റിക്സ്, സോഷ്യൽ ബ്ലേഡ് തുടങ്ങിയ ഡിജിറ്റൽ വി ശകലന സംവിധാനങ്ങളിലും കാൻവ, അഡോബി എക്സ്പ്ര സ് തുടങ്ങിയ കണ്ടന്റ് നിർമാണ ഉപകരണങ്ങളിലും പകർപ്പവ കാശ പരിപാലന മേഖലയിലും പ്രാവീണ്യമുണ്ട്.

വിദ്യാഭ്യാസ മേഖലയിലും മികച്ച യോഗ്യതകൾ സ്വന്തമാ ക്കിയിട്ടുണ്ട്. ജേണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയ്ക്ക് പുറമെ എൽഎൽബി, മാസ്റ്റർ ഇൻ ബിസിനസ് ലോ (MBL), ക്രിമിനോളജിയിൽ എൽഎൽ എം എന്നിവയും നേടിയിട്ടുണ്ട്. നിയമപഠനത്തിലെ ഈ അക്കാ ദമിക അടിത്തറ വാർത്താ അവ തരണത്തിലും എഡിറ്റോറിയൽ തീരുമാനങ്ങളിലും നിയമപരവും ധാർമികവുമായ കാഴ്ചപ്പാടുകൾ ക്ക് കരുത്തേകുന്നു.

മാധ്യമരംഗത്തെ സംഭാവ നകൾക്ക് നിരവധി പുരസ്കാര ങ്ങളും അദ്ദേഹത്തെ തേടിയെ ത്തിയിട്ടുണ്ട്. 2021ലും 2023ലും സംസ്ഥാന ടെലിവിഷൻ അ വാർഡ് നേടി. 2024ൽ പെഗാസ സ് മിന്നലൈ മീഡിയ അവാർ ഡും 2025ൽ ദുബായ് ഗോൾഡൻ അച്ചീവ്മെന്റ് അവാർഡും ലഭിച്ചു.

പരമ്പരാഗത ന്യൂസ് റൂം പ്രവർത്തനങ്ങളിലെ അനുഭ വസമ്പത്തും ഡിജിറ്റൽ മാധ്യ മരംഗത്തെ സാങ്കേതിക പരി ജ്ഞാനവും സമന്വയിപ്പിക്കുന്ന മാധ്യമപ്രവർത്തകരിൽ ശ്രദ്ധേയ നാണ് അരവിന്ദ് വി.



നേതൃത്വ ശാക്തീകരണത്തിന്റെ ആഹ്വാനവുമായി പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് ഫാമിലി സെമിനാർ സമാപിച്ചു



രാജൂ തരകൻ

ഡാളസ്: ഡാളസ് സിറ്റിവൈഡ് ഫെല്ലോഷിപ്പിന്റെ (DCF) 2026ലെ വാർഷിക പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് ഫാമിലി സെമിനാർ നവംബർ 14 ശനിയാഴ്ച ഗ്രേസ് ക്രിസ്ത്യൻ അസംബ്ലിയിൽ നടന്നു. 'Strengthening the Leadership" എന്നതായിരുന്നു സെമിനാറിന്റെ പ്രമേയം. പാസ്റ്റർമാരും സഭാ നേതാക്കളും പങ്കെടുത്ത സമ്മേളനത്തിൽ ആരാധന, വചനശുശ്രൂഷ, കുടുംബബന്ധങ്ങളുടെ ശക്തീകരണം, അടുത്ത തലമുറയിലെ നേതാക്കളെ വളർത്തിയെടുക്കൽ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

ഗ്രേസ് ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്റർ പാസ്റ്റർ വി. എ. വർഗീസ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. മെട്രോ ചർച്ചിന്റെ ലീഡ് പാസ്റ്റർ പാസ്റ്റർ സതീഷ് കുമാർ, ''കുടുംബത്തെ നഷ്ടപ്പെടുത്താതെ സഭയെ നയിക്കുക'' (Leading the Church Without Losing the Family) എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഓരോ ശുശ്രൂഷകന്റെയും പ്രഥമ സഭ സ്വന്തം കുടുംബമാണെന്നും കുടുംബജീവിതത്തിന്റെ പ്രാധാന്യം അവഗണിച്ചുകൊണ്ട് സഭാശുശ്രൂഷ മുന്നോട്ടുകൊണ്ടുപോകാനാവില്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഷാരോൺ ചർച്ചിന്റെ ലീഡ് പാസ്റ്റർ ഡോ. സാബു സാമുവൽ, ''സഭയെ നിലനിർത്തുന്നതിൽ നിന്ന് നേതാക്കളെ വളർത്തിയെടുക്കുന്നതിലേക്ക്'' (From Maintaining the Church to Multiplying Leaders) എന്ന വിഷയത്തിൽ സംസാരിച്ചു. ഒരു സഭയുടെ വളർച്ച വിലയിരുത്തേണ്ടത് നിലവിലുള്ള പ്രവർത്തനങ്ങൾ നിലനിർത്തുന്നതിലൂടെ മാത്രമല്ല, പുതിയ നേതാക്കളെ വാർത്തെടുക്കുന്നതിലൂടെയുമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ക്രോസ്‌വ്യൂ ചർച്ച് ഓഫ് ഗോഡിന്റെ ലീഡ് പാസ്റ്ററും DCF കോ-ചെയർമാനുമായ ഡോ. തോമസ് ഇടിക്കുള ''ആശങ്കയിൽ നിന്ന് പ്രവർത്തനത്തിലേക്ക്'' (From Concern to Action) എന്ന വിഷയത്തിൽ സംവാദവും

ചോദ്യോത്തര സെഷനും നയിച്ചു. പാസ്റ്റർമാരുടെ കുടുംബങ്ങളെ കരുതുക, പുതുതലമുറയിലെ നേതാക്കളെ പരിശീലിപ്പിക്കുക, കുടുംബങ്ങളും അടുത്ത തലമുറയും നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി.

പാസ്റ്റർ പി. ജെ. ജെയിംസ്, പാസ്റ്റർ വി. എ. വർഗീസ്, പാസ്റ്റർ ജോൺസൺ സക്കറിയ, പാസ്റ്റർ മാത്യു സാമുവൽ, ഡോ. സാബു സാമുവൽ തുടങ്ങിയ മുതിർന്ന ശുശ്രൂഷകർ പാനൽ ചർച്ചയിൽ പങ്കെടുത്തു. ബൈബിൾ അടിസ്ഥാനമാക്കിയുള്ള അവരുടെ പ്രതികരണങ്ങളും സജീവമായ ചോദ്യങ്ങളും സെമിനാറിന് ഏറെ പ്രയോജനകരമായി. വ്യക്തിഗത സഭകളുടെ അതിരുകൾക്കപ്പുറം പാസ്റ്റർമാർ ഒരുമിച്ച് നിന്ന് അവരുടെ കുടുംബങ്ങളെയും അടുത്ത തലമുറയെയും പിന്തുണയ്ക്കുക എന്നതാണ് DCFന്റെ കൂട്ടായ ദർശനമെന്ന് ഡോ. തോമസ് ഇടിക്കുള എടുത്തുപറഞ്ഞു.



ബ്രദർ സാംസൺ ചെങ്ങന്നൂരും പാസ്റ്റർ വിൽഫ്രഡ് ഡാർവിനും ആരാധനയ്ക്ക് നേതൃത്വം നൽകി. ഉഇഎ സെക്രട്ടറി ബ്രദർ എസ്. പി. ജെയിംസ് സ്വാഗതം ആശംസിച്ചു. ബ്രദർ ടോം ചെല്ലേത്ത് നന്ദി അറിയിച്ചു. DCF ചെയർമാൻ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ ഫെല്ലോഷിപ്പിന്റെ ദർശനം അവതരിപ്പിക്കുകയും സെമിനാറിൽ ഉയർന്നുവന്ന ആശയങ്ങൾ പ്രായോഗിക പ്രവർത്തനങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. DCF ട്രഷറർ തോമസ് ചെല്ലേത്ത് നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർ എ. എം. ജോസഫിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി സമ്മേളനം സമാപിച്ചു.



പങ്കെടുത്ത പാസ്റ്റർമാരിൽ നിന്നും നേതാക്കളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് സംഘാടകർ അറിയിച്ചു. പാസ്റ്റർമാരുടെ കുടുംബങ്ങളെ പിന്തുണയ്ക്കുക, സഭകൾ തമ്മിലുള്ള കൂട്ടായ്മ ശക്തിപ്പെടുത്തുക, ഭാവി തലമുറയിലെ നേതാക്കളെ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളുമായി ഉഇഎ തുടർന്നും പ്രവർത്തിക്കുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി. കൂടുതൽ വിവരങ്ങൾക്ക്: www.dallascitywide.org

Blue Ocean
Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

BUSINESS NEEDS

Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

PERSONAL NEEDS

Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

പുസ്തക പരിചയം 51

ഓർമ്മവീഥിയിൽ (അനുഭവക്കുറിപ്പുകൾ)

സി. വി. ജോർജ്



പുസ്തക പരിചയം
തയ്യാറാക്കിയത് :
ബാജി ഓടംവേലി, ഡാലസ്



ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു നീളുന്ന വലിയൊരു കാലയളവിന്റെ സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ മാറ്റങ്ങളുടെ നേർക്കാഴ്ചയാണ് 'ഓർമ്മവീഥികൾ' എന്ന സി. വി. ജോർജിന്റെ ഈ അനുഭവക്കുറിപ്പുകൾ. വളരെ ലളിതമായി ഒരു കഥ പറയും പോലെ സ്വാഭാവികമായ ഒഴുക്കിലാണ് ഈ ഓർമ്മകൾ പങ്കു വെച്ചിരിക്കുന്നത്.

തങ്ങൾ നേരിട്ട് അനുഭവിച്ചറിയാത്ത ഒരു കാലത്തിന്റെ ജീവിതവും ചിന്തകളും പ്രതീക്ഷകളും സംഘർഷങ്ങളും സ്വപ്നങ്ങളും അടുത്ത തലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള ഏറ്റവും സജീവമായ വഴികളിലൊന്നാണിത്. രണ്ടു നൂറ്റാണ്ടുകളെ സ്പർശിച്ചുകൊണ്ട് മുന്നേറുന്ന ഒരു ജീവിതയാത്രയുടേ രേഖയാണിത്, അതുകൊണ്ടുതന്നെ ഇത് കുറിപ്പോ, ആത്മകഥയോ എന്നതിനപ്പുറം ഒരു സാമൂഹിക രേഖ കൂടിയാണ്.

വിരൽത്തുമ്പിലെ വിവരങ്ങളും, അനുഭവങ്ങളും തമ്മിൽ കടലും കടലാടിയും പോലെയല്ലെങ്കിലും കാര്യമായ വ്യത്യാസം ഉണ്ട്. ഇന്ന്, സിസ്റ്റം ഡൗൺ ആകുന്നതുവരെ, ഏതു കാലത്തെക്കുറിച്ചുള്ള വസ്തുതകളും അറിയാൻ സേർച്ച് എൻജിനുകൾ സഹായിയായി കൂടെയുണ്ടാകും. എങ്കിലും ഇന്നലെകളിൽ മനുഷ്യർ എങ്ങനെ ജീവിച്ചു, അവർ എന്ത് സ്വപ്നം കണ്ടു, അവരുടെ പ്രതീക്ഷകളും ആശങ്കകളും

അവരെ എങ്ങനെ നയിച്ചു, കാലത്തിന്റെ മാറ്റങ്ങളെ അവർ എങ്ങനെ നേരിട്ടു എന്നറിയാൻ ഇത്തരം ഓർമ്മക്കുറിപ്പുകളിൽ തന്നെ തിരയേണ്ടി വരും.

'ബാല്യകാല സ്മരണാബിന്ദുക്കൾ' എന്ന ആദ്യ അധ്യായത്തിൽ താൻ പിറന്നത് 1948 ലെ ഒരു മഴക്കാലത്ത് അമ്മയുടെ വീട്ടിൽ വെച്ചാണെന്ന് പറയുന്നുണ്ട്. ആശുപത്രിയും ഡോക്ടറും ഇല്ലാതെ വീട്ടിൽ വെച്ചു തന്നെയുള്ള പ്രസവങ്ങളെക്കുറിച്ച് ഈ തലമുറയ്ക്ക് ചിന്തിക്കാനാവില്ല. അതിന് തൊട്ടുമുൻപു നടന്ന രണ്ടാം ലോകമഹായുദ്ധകാലവും ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരവും കേരള സാമൂഹ്യ ജീവിതാവസ്ഥകളും ഓർത്തെടുത്തിരിക്കുന്നു. ആ സങ്കർഷഭരിതമായ കാലത്തിന്റെ അലയൊലികളും കെടുതികളും കഷ്ടപ്പാടുകളൂം എഴുത്തുകാരന്റെ ബാല്യകാലത്തിൽ നിറഞ്ഞു നിൽക്കാതെ തരമില്ല. ചരിത്ര പുസ്തകത്തിൽ വായിച്ചറിഞ്ഞ വലിയ സംഭവങ്ങൾ ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തെ എങ്ങനെ സ്പർശിച്ചു എന്ന അറിവ് ഈ വായനയിലൂടെ ലഭിക്കും.

വിമോചന സമര കാലത്ത് പോലീസ് വെടിവെപ്പിൽ ഒരു ഗർഭിണിയായ മുക്കുവസ്ത്രീ കൊല്ലപ്പെട്ടു. അപ്പോൾ സമരജാഥയിലെ കുട്ടികളോടൊപ്പം ഏഴുത്തുകാരനും ഏറ്റു വിളിച്ച മുദ്രാവാക്യം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

'തെക്കു തെക്കൊരു ദേശത്ത്,
തിരമാലകളുടെ തീരത്ത്,
ഭർത്താവില്ലാ നേരത്ത്,
ഫ്ളോറിയെന്നൊരു ഗർഭിണിയെ,
കൊന്നു മുടിച്ചൊരു സർക്കാരെ,
ഓരോ തുള്ളി ചോരയ്ക്കും,
പകരം ഞങ്ങളു ചോദിക്കും.'

ആ മുദ്രാവാക്യത്തിന്റെ ശക്തിയിലാവും തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ആദ്യ കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചു വിട്ട് കേന്ദ്രസർക്കാർ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയത്.

'1960 കളിൽ' എന്ന രണ്ടാം അധ്യായം 1969 ൽ മനുഷ്യൻ ചന്ദ്രനിൽ കാലു കുത്തുന്നിടം വരെയുള്ള കാലഘട്ടം അടയാളപ്പെടുത്തിയിരിക്കുന്നു. അന്നത്തെയും യൗവനകാലം സങ്കർഷ ഭരിതമായിരുന്നെങ്കിലും അതൊക്കെ സമചിത്തതയോടെ എങ്ങനെ വിജയകരമായി നേരിട്ടെന്ന് ഈ വായനയിലൂടെ മനസ്സിലാക്കാം. നല്ല മൂല്യങ്ങൾ അടിത്തറയാക്കി മുന്നേറാൻ തീരുമാനിച്ചാൽ, ഒരുവനെ മുന്നോട്ടു നയിക്കാൻ കാലം സർവ്വ സന്നാഹങ്ങളൊരുക്കി കൂടെയുണ്ടാകും എന്നുള്ളതിന് തെളിവാണീ വാക്കുകൾ.

തുടർന്ന് 1972 കാലത്തെ ചരിത്രത്തോടൊപ്പം സ്റ്റാറ്റിസ്റ്റിക്കൽ സർവ്വീസ് ട്രെയിനിംഗ് കാലവും ദില്ലി ജീവിതവും പറഞ്ഞിരിക്കുന്നു. അവിടെ വെച്ചാണ് ഇപ്പോഴത്തെ സഹധർമ്മണി റോസമ്മയുമായി സൗഹൃദത്തിലായതെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. പിന്നീട് കൽക്കട്ടയിലെ നഗരജീവിതത്തിന്റെ നാളുകളിലൂടെ വായനക്കാരെ കൈ പിടിച്ച നടത്തുന്നു.

1975 ൽ അമേരിക്കൻ മണ്ണിൽ എത്തപ്പെടുന്നതു മുതലുള്ള കാര്യങ്ങളാണ് തുടർന്നുള്ള അധ്യായങ്ങളിൽ പറയുന്നത്. കൽക്കട്ടയിൽ നിന്നും ഡാലസു വരെയുള്ള യാത്ര വിശദമായി പറഞ്ഞിട്ടുണ്ട്. ഡാലസിലെ ആരംഭകാലവും ജീവിതവും വളർച്ചയും ഒക്കെ തുടക്കക്കാർക്ക് ഒരു പാഠപുസ്തകമായി ഉപയോഗിക്കാം. അന്നു വന്നവർക്ക് അവർ താണ്ടിയ ജീവിത വഴിയിലെ ക്ളേശങ്ങളെ ഈ കണ്ണാടിയിൽ കാണാം. താണ്ടി വന്ന വഴികൾ ഓർക്കാനും അഭിമാനത്തോടെ ഒന്നുകൂടി നെഞ്ചുവിരിച്ച് നിൽക്കാനും ഈ വായന സഹായിക്കും.

'വീണ്ടും കുറേ യാത്രകൾ' എന്ന അധ്യായത്തിലും അതിനു മുൻപു പിൻപു ഉള്ള അധ്യായങ്ങളിലുമായി എഴുത്തുകാരന്റെയും കുടുംബത്തിന്റെയും രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ യാത്രകളുടെ വിവരണങ്ങൾ ഉണ്ട്. യാത്രയെ ഇഷ്ടപ്പെടുന്നവർക്ക് ഈ യാത്രാവിവരണം കൂടുതൽ അറിവ് നൽകുകയും കൂടുതൽ യാത്ര ചെയ്യാൻ പ്രചോദനമേകുകയും വഴികാട്ടിയാവുകയും ചെയ്യും.

2017 ൽ വേതനം ലഭിക്കുന്ന ജോലിയിൽ നിന്നും വിരമിച്ചെങ്കിലും സാമൂഹ്യ ജീവിതത്തിൽ



കൂടുതൽ സജീവമായത് കാണാനാവും. റിട്ടയേർഡ് ആകുന്നത് പ്രശ്നമല്ല, റിട്ടാർഡ് ആകുന്നതാണ് കുഴപ്പം എന്ന് എഴുത്തുകാരൻ തന്നെ പറയുന്നുണ്ട്.

'അമ്പോ, അമ്പത്!' എന്നതിൽ അമേരിക്കൻ മണ്ണിൽ അരനൂറ്റാണ്ട് പിന്നിട്ടതിന്റെ സംതൃപ്തതമായ വിവരണമാണ്. ഈ ജീവിതയാത്രയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അത് കേവലം വിജയത്തിനു വേണ്ടിയുള്ള കുടിയേറ്റത്തിന്റെ കഥയായി ചുരുങ്ങുന്നില്ല, മറിച്ച് അതിജീവനത്തിന്റെയും അത്മവിശ്വാസത്തിന്റെയും നിരന്തരമായ അന്വേഷണത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും കഥയായി ഇത് വികസിച്ചിരിക്കുന്നു.

'ദൂരെ കിഴക്ക് ' എന്ന അധ്യായത്തിൽ റിട്ടയർമെന്റിനു ശേഷവും അൻപതാം വിവാഹവാർഷികത്തിനു ശേഷവും ഭാര്യയോടൊപ്പമുള്ള യാത്രയുടെ വിവരണങ്ങൾ തുടരുകയാണ്. ആരും മറക്കാത്ത ജപ്പാനിലെ ഹിരോഷിമയിലും കൊറിയൻ അതിർത്തിയിലും മറ്റും നടത്തിയ യാത്രകൾ. ലിറ്ററി സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക (ലാന) യുടെ ക്യാമ്പിന്റെയും, കേരള ലിറ്ററി സൊസൈറ്റി പിക്കിനിക്കിന്റെയും ചിത്രങ്ങൾ ചേർത്ത് സാഹിത്യ സാമൂഹ്യ മേഖലയിൽ താനിപ്പോഴും സജീവമാണെന്ന് അറിയിച്ചുകൊണ്ടാണ് കുറിപ്പുകൾ തൽക്കാലം അവസാനിപ്പിച്ചിരിക്കുന്നത്.

ഓരോ കാലഘട്ടത്തിലെയും ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങളൊക്കെ ഓർമ്മിപ്പിച്ചതിനു ശേഷമാണ് വ്യക്തിഗതമായ സംഭവങ്ങളിലേക്ക് കടന്നിരിക്കുന്നത്. വ്യക്തി ജീവിതം പറയാൻ ശ്രമിക്കുമ്പോഴും പറയുന്നതും തെളിഞ്ഞു വരുന്നതുമൊക്കെ സാമൂഹ്യ ജീവിതമാണ്. സ്വന്തം ജീവിതത്തെക്കുറിച്ച് തനിക്ക് പറയാനുള്ളതൊക്കെ വാരിവലിച്ച് പറഞ്ഞിരിക്കുകയല്ല. വായനക്കാർക്ക് അറിയേണ്ടത് അത് അറിയുന്നതിലൂടെ സമൂഹത്തിന് എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്ന ഓർമ്മകൾ മാത്രമേ ഈ പുസ്തകത്തിൽ പങ്കുവെച്ചിട്ടുള്ളൂ.

ഒരു പുതിയ സമൂഹത്തിൽ സ്വന്തം വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പുതിയ അനുഭവങ്ങളെ സ്വീകരിച്ചു കൊണ്ട് കാലത്തിനനുസരിച്ച് മാറിക്കൊണ്ട് മുന്നോട്ട് പോയ ഒരു കുടിയേറ്റക്കാരന്റെ ജീവിതമാണ് ഇവിടെ കോറിയിട്ടിരിക്കുന്നത്. കുടിയേറ്റത്തിന്റെ പുറം കാഴ്ചകൾക്കപ്പുറം ഉള്ള റകളിലേക്ക്, ആഴങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതാണ് ഈ കുറിപ്പുകൾ.

ജീവിതത്തിലെ സംഭവങ്ങളെ കൃത്രിമമായ അലങ്കാലങ്ങളില്ലാതെ, അനുഭവങ്ങളുടെ സ്വാഭാവികത നഷ്ടപ്പെടുത്താതെ, നർമ്മവും നൊമ്പരവും കൗതുകവും ചിന്തയും ഇടകലർത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ നമുക്ക് എഴുത്തുകാരനോടൊപ്പം ആയാസരഹിതമായി സഞ്ചരിക്കാനാവും.



ഓസ്റ്റിനിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ദർശന മനയത്ത് ശശിയാണ് അവതാരിക എഴുതിയിരിക്കുന്നത്. 16 അധ്യായങ്ങളുള്ള 128 പേജുകളുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് കോട്ടയത്തു നിന്നുള്ള ഇന്ദുലേഖ. കോം ആണ്. വില 240 രൂപ. ആമസോണിലും പുസ്തകം ലഭ്യമാണ്. https://www.amazon.in/OrmmaVeedhiyil-Malayalam-C-V-George-ebook/dp/B0HM-JKFRM1

സി. വി. ജോർജ്

കോട്ടയം ജില്ലയിൽ പാലായ്ക്കടുത്ത് വലവൂർ സ്വദേശി. വലവൂർ, കുടുക്കച്ചിറ, ഇടനാട് സ്കൂളുകളിൽ പഠിച്ചു. പാലാ സെന്റ് തോമസ് കോളേജിലും അമേരിക്കയിലും ഉന്നത വിദ്യാഭ്യാസം. മാത്തമാറ്റിക്സിൽ ബിരുദം. സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ബിരുദാനന്തര ബിരുദം. കേരളാ യൂണിവേഴ്സിറ്റിയിൽ 'നാഗം അയ്യാ' സ്വർണ്ണ മെഡൽ ജേതാവ്.

കേന്ദ്ര ഗവണ്മെന്റിൽ പ്ലാനിംഗ് മിനിസ്ട്രിയിൽ അസിസ്റ്റന്റ് ഡയറക്ടറായി (ഐ. എസ്. എസ്.) ജോലി ചെയ്തിട്ടുണ്ട്. 1975 ൽ അമേരിക്കയിലേക്ക് കുടിയേറി. 41 ൽ പരം വർഷം ഐ.ടി. മേഖലയിൽ ജോലി ചെയ്തു. ഇപ്പോൾ കുടുംബത്തോടൊപ്പം ഡാലസിൽ വിശ്രമജീവിതം നയിക്കുന്നു.

ആനുകാലികങ്ങളിലും ഓൺലൈനിലും കഥ, കവിത, ലേഖനം തുടങ്ങിയവ എഴുതാറുണ്ട്. കേരള ലിറ്ററി സൊസൈറ്റിയുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കേരള അസോസിയേഷൻ ഓഫ് ഡാലസ് സെക്രട്ടറി തുടങ്ങി വിവിധ സാഹിത്യ സാമൂഹ്യ സംഘടനകളിൽ നേതൃ ചുമതലകൾ വഹിച്ചിട്ടുണ്ട്.

ഭാര്യ :- റോസമ്മ ജോർജ്, മക്കൾ :- മിന്റോ, റാന്റി, മിറാന്റ്.

ഇമെയിൽ :- calgeorge@yahoo.com

emalayalee.com

GREAT NEWS!

Now You Can INSTANTLY PLACE YOUR ADVT or BOOK YOUR AD SPACE on eMalayalee.com



Just Click

eMalayalee.com/Advertise

ഇന്ത്യയുടെ ജെൻ സി : വഞ്ചിക്കപ്പെട്ട തലമുറയോ അതോ രാജ്യത്തിന്റെ അവസാന പ്രതീക്ഷയോ?



ജോർജ്ജ് എബ്രഹാം

ഇന്ത്യയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ നമ്മുടെ ഗൗരവമായ ശ്രദ്ധ അർഹിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ജോലി നേടാനും മികച്ചൊരു ഭാവി കെട്ടിപ്പടുക്കാനും ആഗ്രഹിച്ചിരുന്ന യുവജനങ്ങൾ ഇന്ന് കൂടുതലായി തെരുവിലിറങ്ങി പ്രതിഷേധിക്കുകയാണ്. 'ജനറേഷൻ സി' അഥവാ ചുരുക്കത്തിൽ 'ജെൻ സി' എന്നാണ് ഈ തലമുറ അറിയപ്പെടുന്നത്. എന്നാൽ അവർ എന്തിനാണ് പ്രതിഷേധിക്കുന്നത്? അവരുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും എന്താണ് സംഭവിച്ചത്? കഴിഞ്ഞ ഒരു ദശാബ്ദമായി ഉള്ളിൽ പുകഞ്ഞുകൊണ്ടിരുന്ന അസംതൃപ്തി ഇപ്പോൾ പുറത്തുവരാൻ കാരണമെന്താണ്?

ഈ പ്രതിഷേധങ്ങൾ ഒറ്റരാത്രികൊണ്ട് പൊട്ടിപ്പുറപ്പെട്ടതല്ല. വർഷങ്ങളായി നേരിടുന്ന നിരാശയുടെയും, പാലിക്കപ്പെടാത്തവാഗ്ദാനങ്ങളുടെയും, തങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഭാവി ഒരിക്കലും യാഥാർത്ഥ്യമാകില്ലെന്ന തിരിച്ചറിവിന്റെയും ഫലമാണത്. ഇന്ത്യ ഒരു വൻസാമ്പത്തിക ശക്തിയായി മാറുകയാണെന്നും ഉടൻ തന്നെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുമെന്നും കേട്ടുവളർന്ന തലമുറയാണിത്. എന്നാൽ, വിദ്യാഭ്യാസം പൂർത്തിയാക്കി ജോലി അന്വേഷിച്ചിറങ്ങുമ്പോൾ പലർക്കും മുന്നിൽ അവസരങ്ങളുടെ വാതിലുകൾ അടഞ്ഞുകിടക്കുകയാണ്. ലക്ഷക്കണക്കിന് ആളുകൾ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുമ്പോൾ, അളവറ്റ സമ്പത്ത് ഏതാനും ചിലരുടെ കൈകളിൽ മാത്രം കുമിഞ്ഞുകൂടുന്നത് അവർ കാണുന്നു.

മുൻ തലമുറകളിൽ നിന്ന് വ്യത്യസ്തമായി, ഇന്റർനെറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ലോകവുമായി നിരന്തരം ബന്ധപ്പെട്ടുകിടക്കുന്നവരാണ് ഇന്നത്തെ യുവാക്കൾ. അമേരിക്കയിലും യൂറോപ്പിലും ചൈനയിലുമുള്ള തങ്ങളുടെ സമപ്രായക്കാർ എങ്ങനെയാണ് ജീവിക്കുന്നതെന്നും ജോലി ചെയ്യുന്നതെന്നും അവർക്കറിയാം. മറ്റു രാജ്യങ്ങളിലെ അവസരങ്ങൾ കാണുമ്പോൾ, എന്തു



കൊണ്ടാണ് സ്വന്തം രാജ്യത്തിന് സമാനമായ സാധ്യതകൾ നൽകാൻ കഴിയാത്തതെന്ന് അവർ ചോദിക്കുന്നു. രാജ്യസ്നേഹം തുളുമ്പുന്ന മുദ്രാവാക്യങ്ങളിലോ ജിഡിപി (GDP) വളർച്ചയെക്കുറിച്ചുള്ള വലിയ പ്രഖ്യാപനങ്ങളിലോ അവർ തൃപ്തരല്ല. അവർക്ക് വേണ്ടത് തൊഴിലും, നീതിയും, തങ്ങളുടെ വാക്കുകൾ കേൾക്കാൻ തയ്യാറാകുന്ന ഒരു ഭരണകൂടവുമാണ്. ഇത്രയെങ്കിലും ആവശ്യപ്പെടാൻ അവർക്ക് അവകാശമില്ലേ?

തൊഴിലില്ലായ്മയുടെ കണക്കുകൾ ആശങ്കാജനകമായ ഒരു ചിത്രമാണ് വരച്ചുകാട്ടുന്നത്. ഇന്ത്യയുടെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) പ്രകാരം, 2026 ജൂലൈ-സെപ്റ്റംബർ കാലയളവിൽ 15-നും 29-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 15.3 ശതമാനമായിരുന്നു (നിലവിലെ പ്രതിവാര തൊഴിൽസ്ഥിതി അടിസ്ഥാനമാക്കി). നഗരങ്ങളിലെ യുവാക്കൾക്കിടയിൽ ഇത് 18.9 ശതമാനവും, നഗരങ്ങളിലെ യുവതികൾക്കിടയിൽ 26.1 ശതമാനവുമായിരുന്നു. വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ അമിതമായ ഈ തൊഴിലില്ലായ്മയിലേക്ക് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ILO) 'ഇന്ത്യ എംപ്ലോയ്മെന്റ് റിപ്പോർട്ട് 2024' മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

വലിയ സാമ്പത്തിക ത്യാഗങ്ങൾ സഹിച്ചും കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് അയയ്ക്കാൻ നാം മാതാപിതാക്കളെ പ്രോത്സാഹിപ്പിച്ചു; എന്നാൽ അവർക്ക് ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടു. ഒരു ബിരുദം മികച്ച ഭാവിയിലേക്കുള്ള വാതിൽ തുറക്കുമെന്ന് വിശ്വസിച്ച് മാതാപിതാക്കൾ കടം വാങ്ങിയും, സ്വത്തുക്കൾ വിറ്റും, സമ്പാദ്യമെല്ലാം ചെലവഴിച്ചും മക്കളെ പഠിപ്പിക്കുന്നു. എന്നാൽ, ബിരുദം നേടി പുറത്തിറങ്ങുന്നവരിൽ പലരും വിരലിലെണ്ണാവുന്ന ജോലികൾക്കായി മത്സരിക്കുകയോ, അല്ലെങ്കിൽ തങ്ങളുടെ യോഗ്യതയേക്കാൾ വളരെ താഴ്ന്ന ജോലികൾ ചെയ്യാൻ നിർബന്ധിതരാകുകയോ ചെയ്യുന്നു.

ഉയർന്ന ജിഡിപി വളർച്ചാനിരക്ക് ഈ യുവാക്കൾക്ക് എന്താണ് നൽകുന്നത്? മാന്യമായ ഒരു ജോലി കണ്ടെത്താൻ കഴിയാത്ത ഒരാൾക്ക് ഓഹരി വിപണിയിലെ കുതിപ്പുകൊണ്ട് എന്ത് പ്രയോജനമാണ് ലഭിക്കുക? സമൂഹത്തിന്റെ മുകൾത്തട്ടിൽ കുമിഞ്ഞുകൂടുന്ന സമ്പത്ത് കൊണ്ടല്ല സാമ്പത്തിക പുരോഗതി അളക്കേണ്ടത്. സാധാരണക്കാരായ പൗരന്മാർക്ക് അത് സൃഷ്ടിക്കുന്ന അവസരങ്ങളിലാണ് അതിന്റെ യഥാർത്ഥ അർത്ഥം കുടികൊള്ളുന്നത്.

പതിറ്റാണ്ടുകളായി, വിദേശത്തെ തൊഴിലവസരങ്ങൾ ഇന്ത്യക്കാർക്ക് ഒരു രക്ഷാമാർഗ്ഗമായിരുന്നു. ലക്ഷക്കണക്കിന് ഇന്ത്യക്കാർ അമേരിക്ക, കാനഡ, ബ്രിട്ടൻ, ഓസ്ട്രേലിയ തുടങ്ങി വിവിധ രാജ്യങ്ങളിൽ മികച്ച കരിയർ കെട്ടിപ്പടുത്തു. ശരിയായ അവസരങ്ങൾ ലഭിച്ചാൽ ഇന്ത്യക്കാർക്ക് എന്തൊക്കെ നേടാനാകുമെന്ന് അവരുടെ നേട്ടങ്ങൾ തെളിയിച്ചു. എന്നാൽ, കുടിയേറ്റ നിയന്ത്രണങ്ങളും, കർശനമായ സ്റ്റുഡന്റ് വിസ നയങ്ങളും, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയും ആ വഴികൾ പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇനിയും മറ്റു രാജ്യങ്ങളെ ആശ്രയിക്കാൻ കഴിയില്ല. നാം രാജ്യത്തിനകത്ത് തന്നെ അവസരങ്ങൾ സൃഷ്ടിച്ചേ തീരൂ; അല്ലെങ്കിൽ നാം ഏറെ കൊട്ടിഘോഷിക്കുന്ന 'ജനസംഖ്യാപരമായ നേട്ടം' (demographic dividend) വലിയൊരു 'ജനസംഖ്യാ ബാധ്യതയായി'

ഉയർന്ന ജിഡിപി വളർച്ചാനിരക്ക് ഈ യുവാക്കൾക്ക് എന്താണ് നൽകുന്നത്? മാന്യമായ ഒരു ജോലി കണ്ടെത്താൻ കഴിയാത്ത ഒരാൾക്ക് ഓഹരി വിപണിയിലെ കുതിപ്പുകൊണ്ട് എന്ത് പ്രയോജനമാണ് ലഭിക്കുക? സമൂഹത്തിന്റെ മുകൾത്തട്ടിൽ കുമിഞ്ഞുകൂടുന്ന സമ്പത്ത് കൊണ്ടല്ല സാമ്പത്തിക പുരോഗതി അളക്കേണ്ടത്. സാധാരണക്കാരായ പൗരന്മാർക്ക് അത് സൃഷ്ടിക്കുന്ന അവസരങ്ങളിലാണ് അതിന്റെ യഥാർത്ഥ അർത്ഥം കുടികൊള്ളുന്നത്.

(demographic liability) മാറിയേക്കാം.

വിജയിക്കാൻ കഴിവും കഠിനാധ്വാനവും മാത്രം മതിയോ എന്നും ഇന്നത്തെ യുവതലമുറ സംശയിക്കുന്നു. 2024-ലെ നീറ്റ് (NEET) പരീക്ഷാ വിവാദം ഇതിന് വലിയ ഉദാഹരണമാണ്. ചില സ്ഥലങ്ങളിൽ ചോദ്യപേപ്പർ ചോർന്നതായി സുപ്രീം കോടതി അംഗീകരിച്ചെങ്കിലും, പരീക്ഷ പൂർണ്ണമായും റദ്ദാക്കാൻ മതിയായ തെളിവുകളില്ലെന്നാണ് കണ്ടെത്തിയത്. ഒരു പരീക്ഷയ്ക്കായി വർഷങ്ങളോളം കഷ്ടപ്പെട്ട് തയ്യാറെടുക്കുകയും, ഒടുവിൽ അതിന്റെ വിശ്വാസ്യത തകർക്കപ്പെട്ടുവെന്ന് തിരിച്ചറിയുകയും ചെയ്യുന്ന സാധാരണ കുടുംബത്തിലെ ഒരു വിദ്യാർത്ഥിയുടെ അവസ്ഥ ഒന്ന് ആലോചിച്ചു നോക്കൂ. പണത്തിനും സ്വാധീനത്തിനും കഴിവിനെ മറികടക്കാൻ കഴിയുമെന്ന വിശ്വാസം വിദ്യാർത്ഥികളിൽ രൂപപ്പെടാൻ തുടങ്ങിയാൽ, അതുണ്ടാക്കുന്ന ആഘാതം ഒരു പരീക്ഷയ്ക്കപ്പുറത്തേക്ക് നീളുന്നതായിരിക്കും.

അതേസമയം, 2014-15 വർഷത്തെ അപേക്ഷിച്ച് 2024-25 ആയപ്പോഴേക്കും ഇന്ത്യയിൽ ഏകദേശം 94,000 സർക്കാർ സ്കൂളുകൾ കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതിനാൽ ചില സ്കൂളുകൾ ലയിപ്പിച്ചിട്ടുണ്ടാകാം. എന്നാൽ, ഗ്രാമീണ മേഖലകളിലെയും പിന്നാക്ക വിഭാഗങ്ങളിലെയും കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം എളുപ്പത്തിൽ ലഭിക്കുന്നുണ്ടോ എന്ന വലിയ ചോദ്യം അവശേഷിക്കുന്നു. സാങ്കേതിക പുരോഗതിയെക്കുറിച്ച് നിരന്തരം സംസാരിക്കുന്ന ഒരു ഭരണകൂടം, ദാരിദ്ര്യം ഒരു കുട്ടിയുടെയും വിദ്യാഭ്യാസ ഭാവിയെ നിർണ്ണയിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

രാഷ്ട്രീയ ഗതിവിഗതികളെ സ്വാധീനിച്ച വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ ചരിത്രം ഇന്ത്യയ്ക്കുണ്ട്. 1970-കളിൽ ജയപ്രകാശ് നാരായണനുമായി ബന്ധപ്പെട്ടുണ്ടായ പ്രക്ഷോഭങ്ങൾ അഴിമതിക്കും ജനാധിപത്യപരമായ ഉത്തരവാദിത്തത്തിനും വേണ്ടിയുള്ള വലിയ പോരാട്ടത്തിന്റെ ഭാഗമായി മാറി. ഇന്നത്തെ ജെൻ സി പ്രതിഷേധങ്ങളെയും ആ ചരിത്രപശ്ചാത്തലത്തിൽ വേണം നോക്കിക്കാണാൻ. തൊഴിലില്ലായ്മയായാലും, പരീക്ഷാ ക്രമക്കേടുകളായാലും, തിരഞ്ഞെടുപ്പ് സുതാര്യതയായാലും, ഇന്ത്യയിലെ യുവത ഇന്ന് കൂടുതൽ ശക്തമായി ചോദ്യം ചെയ്യുകയാണ്.

പ്രതിഷേധക്കാരോട് അധികാരികൾ സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഏറെ ആശങ്കാജനകമാണ്. മർദ്ദനങ്ങൾ, ഏകപക്ഷീയമായ തടങ്കൽ, സമാധാനപരമായ പ്രതിഷേധങ്ങൾക്കുള്ള നിയന്ത്രണങ്ങൾ എന്നിവയെക്കുറിച്ചുള്ള ആരോപണങ്ങൾ മനുഷ്യാവകാശ സംഘടനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ആരോപണങ്ങളിൽ അന്വേഷണവും ഉത്തരവാദിത്തവും അനിവാര്യമാണ്. സമാധാനപരമായ പ്രതിഷേധങ്ങളിലൂടെയല്ലേ ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുത്തത്? ഏറ്റവും ശക്തമായ ഭരണകൂടത്തെപ്പോലും അഹിംസാത്മകമായ ചെറുത്തുനിൽപ്പിലൂടെ വെല്ലുവിളിക്കാൻ കഴിയുമെന്ന പാഠം ഗാന്ധിജി ലോകത്തിന് പകർന്നുകൊടുത്തു. അഭിപ്രായ സ്വാതന്ത്ര്യവും സമാധാനപരമായി സംഘടിക്കാനുള്ള അവകാശവും ഭരണാധികാരികൾ നൽകുന്ന ഔദാര്യമല്ല, മറിച്ച് ഭരണഘടനാപരമായ അവകാശങ്ങളാണ്. സമാധാനപരമായ വിയോജിപ്പുകളെ രാജ്യദ്രോഹമായി കണക്കാക്കിയാൽ ഒരു മതേതര ജനാധിപത്യ രാഷ്ട്രത്തിന് വളരാൻ കഴിയില്ല.

സാമ്പത്തിക അധികാര കേന്ദ്രീകരണത്തിന്റെ പ്രശ്നവും ഇവിടെ പ്രസക്തമാണ്. അംബാനിയും അദാനിയും നയിക്കുന്നവ ഉൾപ്പെടെ, താരതമ്യേന ചുരുക്കം ചില വൻകിട വ്യവസായ ഗ്രൂപ്പുകളിലാണ് വലിയ സാമ്പത്തിക സ്വാധീനം കേന്ദ്രീകരിച്ചിരിക്കുന്നത്. വികസനത്തിൽ കോർപ്പറേറ്റ് ഭീമന്മാർക്ക് പ്രധാന പങ്കുണ്ടെങ്കിലും, ആരോഗ്യകരമായ മത്സരവും പൊതുവിഭവങ്ങളിലേക്കുള്ള സുതാര്യമായ ലഭ്യതയും ഒരുപോലെ പ്രധാനമാണ്. രാഷ്ട്രീയ തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെയും ആഭ്യന്തരമന്ത്രി അമിത് ഷായുടെയും കൈകളിൽ

വലിയതോതിൽ അധികാരം കേന്ദ്രീകരിച്ചിട്ടുണ്ടെന്ന ആശങ്കയും ഉയരുന്നുണ്ട്. ഇരുവരും ഗുജറാത്തിൽ നിന്നുള്ളവരാണെന്നതല്ല ഇവിടെ വിഷയം; മറിച്ച് രാഷ്ട്രീയവും സാമ്പത്തികവുമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ആവശ്യമായ ഉത്തരവാദിത്തവും സുതാര്യതയും നിലനിൽക്കുന്നുണ്ടോ എന്നതാണ്.



രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരം ഒരുമിച്ച് കേന്ദ്രീകരിക്കുന്നതിന്റെ അപകടങ്ങളെക്കുറിച്ച് ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. കൊളോണിയൽ ഭരണകാലത്ത്



ചുരുക്കം ചിലർ എടുത്ത തീരുമാനങ്ങൾ ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ ബാധിച്ചിരുന്നു.സ്വതന്ത്ര ഇന്ത്യ അതിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണെങ്കിലും അധികാരത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ആ പാഠം ഇന്നും പ്രസക്തമാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക വിഹിതം നീതിപൂർവ്വമാണോ എന്ന ചോദ്യം കേരളം, തമിഴ്നാട്, തെലങ്കാന, കർണാടക തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ഉന്നയിച്ചിട്ടുണ്ട്. ദരിദ്ര സംസ്ഥാനങ്ങൾക്ക് സഹായം ലഭിക്കേണ്ടതുണ്ട്, എന്നാൽ, വികസന ഫണ്ടുകൾ രാഷ്ട്രീയ വിവേചനത്തോടെയാണ് വിതരണം ചെയ്യപ്പെടുന്നതെന്ന് സംസ്ഥാനങ്ങൾക്ക് തോന്നിയാൽ ഫെഡറലിസത്തിന് വളരാൻ കഴിയില്ല.

എന്നാൽ, വിമർശനങ്ങൾ കൊണ്ട് മാത്രം ഇന്ത്യയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. സാമ്പത്തിക ചിന്താഗതിയിൽ അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണ്. കുറഞ്ഞ ചിലവിലുള്ള തൊഴിൽ ശക്തിയും സാങ്കേതിക സേവനങ്ങളും നൽകുന്ന ഒരു രാജ്യം എന്ന നിലയിൽ നിന്ന്, ലോകോത്തര ഉൽപ്പന്നങ്ങൾ കണ്ടുപിടിക്കുകയും വികസിപ്പിക്കുകയും നിർമ്മിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറണം. നമുക്ക് ബുദ്ധിശക്തിയും സംരംഭകത്വ മനോഭാവവുമുണ്ട്. വിദ്യാഭ്യാസം, ഗവേഷണം, നിക്ഷേപം, നവീകരണം (innovation), ഉൽപ്പാദനം എന്നിവയെ ഫലപ്രദമായി ബന്ധിപ്പിക്കുന്ന ഒരു ആവാസവ്യവസ്ഥയാണ് (ecosystem) നമുക്കില്ലാത്തത്.

നമ്മുടെ വിവരസാങ്കേതിക (IT) മേഖലയെത്തന്നെ എടുക്കുക. ഇന്ത്യ സ്വയം ഐടി രംഗത്തെ വൻശക്തിയാണെന്ന് അഭിമാനത്തോടെ പറയുന്നു, നമ്മുടെ സോഫ്റ്റ്വെയർ പ്രൊഫഷണലുകൾ ലോകമെമ്പാടും അംഗീകാരം നേടിയിട്ടുമുണ്ട്. എന്നാൽ, നമ്മുടെ വ്യവസായത്തിന്റെ വിജയത്തിൽ ഭൂരിഭാഗവും വിദേശ കമ്പനികൾക്ക് സേവനങ്ങൾ നൽകുന്നതിനെയും ഔട്ട്സോഴ്സിംഗിനെയും ആശ്രയിച്ചായിരുന്നു. പരമ്പരാഗത മാതൃകകളിൽ നിന്ന് ഈ മേഖല ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും, എന്തുകൊണ്ടാണ് ലോകവിപണിയിൽ ആധിപത്യം പുലർത്തുന്ന സ്വന്തമായ സാങ്കേതിക ഉൽപ്പന്നങ്ങൾ നമുക്ക് കൂടുതലായി സൃഷ്ടിക്കാൻ കഴിയാത്തത്?

നിർമ്മിത ബുദ്ധി (AI) വിപ്ലവം ഈ പ്രശ്നം വ്യക്തമാക്കുന്നുണ്ട്. ഏറ്റവും നൂതനമായ എഐ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ അമേരിക്കയും ചൈനയുമാണ് മുന്നിൽ നിൽക്കുന്നത്. ഇന്ത്യയിൽ കഴിവുറ്റ ഗവേഷകരും പ്രതീക്ഷ നൽകുന്ന സ്റ്റാർട്ടപ്പുകളും ഉണ്ടെങ്കിലും, മുൻനിര എഐ വികസനത്തിൽ നാം പിന്നിലാണ്. സാങ്കേതിക നേതൃത്വം അവകാശപ്പെടുന്ന ഒരു രാജ്യത്തിന് ഇതൊരു അപായമണിയാകേണ്ടതാണ്. ലോകത്തിലെ ഏറ്റവും മികച്ച സാങ്കേതിക കമ്പനികൾക്ക് നാം എഞ്ചിനീയർമാരെ നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് സമാനമായ സംരംഭങ്ങൾ ഇന്ത്യയിൽ സൃഷ്ടിക്കാൻ നമുക്ക് കഴിയാത്തത്?

ഈ മാറ്റം ആരംഭിക്കേണ്ടത് നമ്മുടെ സർവ്വകലാശാലകളിൽ നിന്നാണ് . മൗലികമായ ഗവേഷണ കേന്ദ്രങ്ങളാകുന്നതിന് പകരം വെറും ബിരുദങ്ങൾ നൽകുന്ന സ്ഥാപനങ്ങളായി പല സർവ്വകലാശാലകളും തുടരുകയാണ്. പരീക്ഷണങ്ങൾ നടത്താനും പുതിയ കാര്യങ്ങൾ കണ്ടെത്താനും സാങ്കേതികവിദ്യകൾ വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കുന്നതിന് പകരം, പരീക്ഷകൾ പാസാകാനും ജോലി നേടാനുമാണ് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത്. വ്യവസായ മേഖലയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഗവേഷണ ലബോറട്ടറികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കണം. വലിയ പ്രോജക്റ്റുകൾ ഏറ്റെടുക്കാനും പേറ്റന്റുകൾ നേടാനും നൂതന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികളെ സഹായിക്കാനും അധ്യാപകർക്ക് പ്രോത്സാഹനം നൽകണം.

ഞാൻ പ്രത്യേകമായി മുന്നോട്ടു വയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു നിർദ്ദേശമുണ്ട്. ഇന്ത്യൻ വംശജരായ ആയിരക്കണക്കിന് പ്രൊഫസർമാരും ശാസ്ത്രജ്ഞരും എഞ്ചിനീയർമാരും അമേരിക്കയിലെയും യൂറോപ്പിലെയും മറ്റ് വികസിത രാജ്യങ്ങളിലെയും മുൻനിര സ്ഥാപനങ്ങളിൽ ദീർഘകാലമായി തങ്ങളുടെ കരിയർ ചെലവഴിച്ചവരാണ്. അവരിൽ പലരും വിരമിച്ചവരോ വിരമിക്കാൻ അടുത്തവരോ ആണ്. വിസിറ്റിംഗ് പ്രൊഫസർമാരായും, ഗവേഷണ മാർഗ്ഗനിർദ്ദേശകരായും, ഉപദേഷ്ടാക്കളായും എന്തുകൊണ്ട് അവരെ നാട്ടിലേക്ക് തിരിച്ച് ക്ഷണിച്ചുകൂടാ? ലബോറട്ടറികൾ സ്ഥാപിക്കാനും, ബിരുദാനന്തര പ്രോഗ്രാമുകൾ ശക്തിപ്പെടുത്താനും, അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി പങ്കാളിത്തം വളർത്താനും അവരുടെ അനുഭവസമ്പത്ത് സഹായിക്കും. പ്രഗത്ഭരായ വിദേശ ഗവേഷകരെയും നാം സ്വാഗതം ചെയ്യണം.

ഔദ്യോഗിക ജീവിതത്തിന്റെ ഭൂരിഭാഗവും വിവരസാങ്കേതിക മേഖലയിൽ ചെലവഴിച്ച ഒരാളെന്ന നിലയിൽ, സാങ്കേതിക പുരോഗതി എന്നത് ബുദ്ധിശാലികളായ ആളുകളെ മാത്രമല്ല, മറിച്ച് സർഗ്ഗാത്മകതയെയും പരീക്ഷണങ്ങളെയും സഹകരണത്തെയും പ്രോത്സാഹിപ്പിക്കുന്ന

സ്ഥാപനങ്ങളെക്കൂടി ആശ്രയിച്ചിരിക്കുന്നുവെന്ന് ഞാൻ കണ്ടിട്ടുണ്ട്. ഇന്ത്യയ്ക്ക് പ്രതിഭകളുടെ കുറവില്ല. അവരുടെ കഴിവുകൾക്ക് വളരാൻ കഴിയുന്ന ഒരു അന്തരീക്ഷമാണ് ആവശ്യം.

ഗവേഷണത്തിനുള്ള ഫണ്ടിംഗ് ഒരു ദേശീയ മുൻഗണനയായി മാറണം. ഗവേഷണത്തിനും വികസനത്തിനുമായി (R&D) ഇന്ത്യ ചെലവഴിക്കുന്നത് ജിഡിപിയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. പൊതു-സ്വകാര്യ നിക്ഷേപങ്ങൾ പ്രയോജനപ്പെടുത്തി ഇത് രണ്ട് ശതമാനത്തിലേക്ക് ഉയർത്തുന്നതിനുള്ള ഒരു ദീർഘകാല ലക്ഷ്യം നാം നിശ്ചയിക്കണം. സുതാര്യവും സ്വതന്ത്രവുമായ മൂല്യനിർണ്ണയത്തിലൂടെ സർവ്വകലാശാലകളും സ്റ്റാർട്ടപ്പുകളും ഗവേഷണ ഫണ്ടുകൾക്കായി മത്സരിക്കണം.

നമ്മുടെ ബാങ്കിംഗ് സംവിധാനം എങ്ങനെയാണ് മൂലധനം വിനിയോഗിക്കുന്നതെന്നും നാം പരിശോധിക്കേണ്ടതുണ്ട്. വൻകിട കോർപ്പറേറ്റ് വായ്പാ കുടിശ്ശികകളും നിഷ്ക്രിയ ആസ്തികളും (NPA) ധനകാര്യ സ്ഥാപനങ്ങൾക്ക് വലിയ നഷ്ടമാണ് വരുത്തിവച്ചത്. ബാങ്കിംഗ് സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും, അശ്രദ്ധമായ വായ്പ നൽകലിലൂടെയും ഉത്തരവാദിത്തമില്ലായ്മയിലൂടെയും നഷ്ടപ്പെട്ട വിഭവങ്ങൾ ശാസ്ത്രീയ ഗവേഷണത്തിനും പുതിയ വ്യവസായങ്ങൾക്കും തൊഴിലവസരങ്ങൾക്കും ഉപയോഗിക്കാമായിരുന്ന അവസരങ്ങളായിരുന്നു. യഥാർത്ഥ സംരംഭകർ വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുമ്പോൾ, സ്വാധീനമുള്ള വായ്പക്കാർക്ക് പൊതുപണം എളുപ്പത്തിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാകരുത്.

യുവ സംരംഭകരെ പിന്തുണയ്ക്കാൻ തയ്യാറുള്ള ഒരു വെഞ്ചർ ക്യാപിറ്റൽ ആവാസവ്യവസ്ഥ ഇന്ത്യയ്ക്ക് ആവശ്യമാണ്. മികച്ചൊരു കണ്ടുപിടുത്തവുമായി വരുന്ന ഒരു ബിരുദധാരിക്ക് ഗവേഷണ സൗകര്യങ്ങളും, പരിചയസമ്പന്നരായ മെന്റർമാരെയും, നിക്ഷേപ മൂലധനവും, ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള അവസരങ്ങളും ലഭിക്കണം. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ബയോടെക്നോളജി, മെഡിക്കൽ ഉപകരണങ്ങൾ, നൂതന ഇലക്ട്രോണിക്സ്, പുനരുപയോഗ ഊർജ്ജം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സർവ്വകലാശാലകൾക്ക് ചുറ്റും ഇന്നൊവേഷൻ ആൻഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ നാം സ്ഥാപിക്കണം.

ഈ തന്ത്രത്തിൽ ഉൽപ്പാദന മേഖലയ്ക്ക് (Manufacturing) കേന്ദ്രസ്ഥാനം ഉണ്ടായിരിക്കണം. ലോകത്തിന് സേവനങ്ങൾ നൽകുന്നതു കൊണ്ട് മാത്രം നമുക്കൊരു വലിയ സാമ്പത്തിക ശക്തിയാകാൻ കഴിയില്ല. കയറ്റുമതി ചെയ്യാൻ കഴിയുന്ന ലോകോത്തര ഉൽപ്പന്നങ്ങൾ നാം നിർമ്മിക്കണം. പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതിനാൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (SMEs) പ്രത്യേക ശ്രദ്ധ നൽകണം. സാങ്കേതിക വിദ്യാഭ്യാസവും, അപ്രന്റീസ്ഷിപ്പുകളും, തൊഴിലധിഷ്ഠിത പരിശീലനവും ഈ അവസരങ്ങൾക്കായി യുവാക്കളെ സജ്ജരാക്കണം.

ആത്യന്തികമായി, ജെൻ സി ആവശ്യപ്പെടുന്നത് ഔദാര്യമല്ല. തങ്ങളുടെ വിദ്യാഭ്യാസത്തിന് മൂല്യമുണ്ടാകണമെന്നും, പരീക്ഷകൾ നീതിയുക്തമാകണമെന്നും, ജോലി കഴിവിന്റെ അടിസ്ഥാനത്തിലാകണമെന്നും, പുതിയ കാര്യങ്ങൾ കണ്ടെത്താനും അഭിവൃദ്ധി പ്രാപിക്കാനും അവസരങ്ങൾ വേണമെന്നുമാണ് ഈ യുവ ഇന്ത്യക്കാർ ആഗ്രഹിക്കുന്നത്. എല്ലാറ്റിനുമുപരിയായി, ഭയമില്ലാതെ തങ്ങളുടെ ശബ്ദം കേൾപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റലൈസേഷൻ, സാമ്പത്തിക വളർച്ച എന്നിവയ്ക്ക് മോഡി സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്, ചില പദ്ധതികൾ മികച്ച ഫലങ്ങൾ നൽകിയിട്ടുമുണ്ട്. എന്നാൽ, വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിൽ തുടരുന്ന തൊഴിലില്ലായ്മ തെളിയിക്കുന്നത് സാമ്പത്തിക വളർച്ച മാത്രം പോരാ എന്നാണ്. സാമ്പത്തിക നയങ്ങളുടെ വിജയം അളക്കേണ്ടത് അത് സൃഷ്ടിക്കുന്ന തൊഴിലുകളുടെ ഗുണനിലവാരവും ലഭ്യതയും കൂടി കണക്കിലെടുത്തായിരിക്കണം.

ഇന്ത്യയ്ക്ക് ബുദ്ധിശക്തിയുള്ളവരുടെ കുറവില്ല; അവരുടെ പ്രയോജനപ്പെടുത്താൻ മതിയായ അവസരങ്ങളാണ് ഇല്ലാത്തത്. കഠിനാധ്വാനികളായ യുവാക്കളുടെ കുറവില്ല; അവരുടെ കഠിനാധ്വാനത്തിന് പ്രതിഫലം നൽകുന്ന ഒരു സാമ്പത്തിക വ്യവസ്ഥയാണ് ആവശ്യം. രാജ്യസ്നേഹത്തിന്റെ കാര്യത്തിലും നമുക്ക് ഒട്ടും കുറവില്ല. യുവ ഇന്ത്യക്കാർക്ക് വേണ്ടത് രാജ്യസ്നേഹത്തോടൊപ്പം അവസരങ്ങളും നീതിയും സ്വാതന്ത്ര്യവും ഒത്തുചേരുന്ന ഒരു രാജ്യമാണ്.

ഇന്ത്യയുടെ ഭാവി ഏതാനും ശതകോടീശ്വരന്മാരുടെയോ ഡൽഹിയിൽ അമിതാധികാരം കയ്യാളുന്ന വിരലിലെണ്ണാവുന്ന രാഷ്ട്രീയക്കാരുടെയോ കൈകളിൽ വിട്ടുകൊടുക്കാൻ കഴിയില്ല. കുടുംബ പശ്ചാത്തലമോ സാമ്പത്തിക സ്ഥിതിയോ നോക്കാതെ, സാധാരണക്കാരനായ ഒരു യുവാവിനോ യുവതിക്കോ മാന്യമായ വിദ്യാഭ്യാസം നേടാനും നല്ലൊരു ജോലി കണ്ടെത്താനും മികച്ച ജീവിതം കെട്ടിപ്പടുക്കാനും കഴിയുന്നുണ്ടോ എന്നതാണ് പ്രധാനം. നമുക്ക് പ്രതിഭയുടെയോ ലക്ഷ്യബോധത്തിന്റെയോ കുറവില്ല. എല്ലാവർക്കും വിജയിക്കാൻ തുല്യ അവസരം നൽകുന്ന ഒരു വ്യവസ്ഥിതിയാണ് നമുക്കില്ലാത്തത്. എല്ലാത്തിനുമുപരി,

ലക്ഷക്കണക്കിന് യുവാക്കൾ തങ്ങളുടെ ഭാവിയെക്കുറിച്ച് ആശങ്കാകുലരായി നിൽക്കുമ്പോൾ, ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി മാറുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

എന്തുകൊണ്ടാണ് ജെൻ സി പ്രതിഷേധിക്കാൻ തുടങ്ങിയത് എന്നതിനേക്കാൾ പ്രധാനപ്പെട്ട ചോദ്യം, എന്തുകൊണ്ടാണ് അധികാരത്തിലിരിക്കുന്നവർ അവരുടെ നിരാശകൾ ഇത്രയും കാലം തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടത് എന്നതാണ്. യഥാർത്ഥ പുരോഗതി എന്നാൽ എന്താണെന്ന് പുനർവിചിന്തനം ചെയ്യാൻ രാജ്യത്തെ നിർബന്ധിക്കുന്ന തലമുറയായി ഇന്ത്യയുടെ ജെൻ സി മാറിയേക്കാം. രാജ്യത്തിന്റെ ഭാവിയിലേക്കുള്ള അവരുടെ ഏറ്റവും വലിയ സംഭാവനയും അതായിരിക്കും.

(ഐക്യരാഷ്ട്രസഭയുടെ മുൻ ചീഫ് ടെക്നോളജി ഓഫീസറും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യു.എസ്.എയുടെ വൈസ് ചെയർമാനുമാണ് ലേഖകൻ)

മലയാളി സംഘടനകളെ ഒരേ വേദിയിൽ അണിനിരത്താൻ ഐപിസിഎൻഎ റൗണ്ട് ടേബിൾ കോൺഫറൻസ്; ചിക്കാഗോ ചാപ്റ്ററിന്റെ ഔപചാരിക ഉദ്ഘാടനവും ഡിസംബർ 11ന്

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (IPCNA) റൗണ്ട് ടേബിൾ കോൺഫറൻസും ചിക്കാഗോ ചാപ്റ്ററിന്റെ ഔപചാരിക ഉദ്ഘാടനവും ഡിസംബർ 11 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് നടക്കും. മോർട്ടൺ ഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളി ഹാളാണ് വേദി. ഐപിസിഎൻഎ നാഷണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചിക്കാഗോ ചാപ്റ്ററാണ് പരിപാടിക്ക് ആതിഥേയത്വം വഹിക്കുന്നത്.

നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകൾക്കിടയിൽ ഐക്യവും ആശയവിനിമയവും പരസ്പര സഹകരണവും ശക്തിപ്പെടുത്തുകയാണ് റൗണ്ട് ടേബിൾ കോൺഫറൻസിന്റെ പ്രധാന ലക്ഷ്യം. ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും പ്രമുഖ മലയാളി സംഘടനകളുടെ നേതാക്കളെയും പ്രതിനിധികളെയും ഒരേ വേദിയിൽ അണിനിരത്തി സമൂഹം നേരിടുന്ന സമകാലീന വെല്ലുവിളികളെക്കുറിച്ച് തുറന്ന ചർച്ചകൾക്ക് അവസരമൊരുക്കും.

വ്യത്യസ്ത ലക്ഷ്യങ്ങളോടെയും പ്രവർത്തനശൈലികളോടെയും പ്രവർത്തിക്കുന്ന മലയാളി സംഘടനകൾക്കിടയിൽ സൗഹൃദവും സഹകരണവും വളർത്തുന്നതിനും പൊതുവായ വിഷയങ്ങളിൽ കൂട്ടായ സമീപനം രൂപപ്പെടുത്തുന്നതിനും സമ്മേളനം വേദിയാകും. വിവിധ കാരണങ്ങളാൽ ഭിന്നിച്ചുനിൽക്കുന്ന സംഘടനകളെയും സംഘടനാ നേതൃത്വങ്ങളെയും അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ഒരുമിപ്പിക്കുക എന്ന സദുദ്ദേശവും ഈ സംരംഭത്തിനു പിന്നിലുണ്ട്.

സംഘടനാപരമായ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും മലയാളി സമൂഹത്തിന്റെ പൊതുനന്മയ്ക്കും അഭിവൃദ്ധിക്കും വളർച്ചയ്ക്കും വേണ്ടി ഒരുമിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകൾ കണ്ടെത്തുകയാണ് ലക്ഷ്യം. സംഘടനകൾക്കിടയിലെ ആശയവിനിമയം, പരസ്പര സഹകരണം, സമൂഹത്തിന്റെ ഭാവി വികസനം തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ



ചർച്ച ചെയ്യപ്പെടും.

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത്, പ്രസിഡന്റ് ഇലക്ട് ഷിജോ പൗലോസ്, നാഷണൽ സെക്രട്ടറി അനിൽ ആറന്മുള, നാഷണൽ ക്ഷർ ജയൻ ജോസഫ്, നാഷണൽ വൈസ് പ്രസിഡന്റ് അനിൽ മറ്റത്തി കുന്നേൽ, നാഷണൽ ജോയിന്റ് സെക്രട്ടറി സിമി ജസ്റ്റോ, നാഷണൽ ജോയിന്റ് ട്രഷറർ കവിത മേനോൻ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാർ, അഡ്വൈസറി ബോർഡ് അംഗങ്ങളായ മധു കൊട്ടാരക്കര, ബിജു കിഴക്കേക്കുറ്റ്, ശിവൻ മുഹമ്മ തുടങ്ങിയ പ്രമുഖ നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കും.

റൗണ്ട് ടേബിൾ കോൺഫറൻസിനൊപ്പം ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്ററിന്റെ ഔപചാരിക ഉദ്ഘാടനവും നടക്കും. ചിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് പ്രസന്നൻ പിള്ളയുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് പരിപാടിയുടെ ആസൂത്രണവും സംഘാടനവും നിർവഹിക്കുന്നത്.

വ്യത്യസ്ത സംഘടനകളുടെ നേതാക്കൾക്ക് ഒരേ മേശയ്ക്കുചുറ്റുമിരുന്ന് ആശയങ്ങൾ പങ്കുവയ്ക്കാനും അഭിപ്രായങ്ങൾ അവതരിപ്പിക്കാനും പൊതുവായ താൽപര്യങ്ങൾ തിരിച്ചറിയാനും അവസരമൊരുക്കുന്നതിലൂടെ മലയാളി സമൂഹത്തിൽ കൂടുതൽ ഐക്യവും ക്രിയാത്മകമായ സഹകരണവും വളർത്തിയെടുക്കാനാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

മാധ്യമപ്രവർത്തനത്തിനൊപ്പം സാമൂഹിക ഐക്യത്തിനും കൂട്ടായ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഈ സംരംഭം മലയാളി സംഘടനകൾക്കിടയിൽ പുതിയൊരു സംവാദസംസ്കാരത്തിന് തുടക്കമിടാനുള്ള ശ്രമം കൂടിയാണ്.

ഡിസംബർ 11 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് മോർട്ടൺ ഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളി ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും മലയാളി സംഘടനകളുടെ സജീവ പങ്കാളിത്തമാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE

Call me today to see
How much you can save with
Allstate's New Car Discount



Allstate®
You're in good hands.

CALL
718 831 6500

Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

We Offer 6 Hours Defensive Driving Course in NY/NJ

ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ (GCMA) പുതിയ ഭാരവാഹികൾ

അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളിലൊന്നായ ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (GCMA) അടുത്ത രണ്ടുവർഷത്തേക്കുള്ള (2026 -2028) പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.സന്തോഷ് നായർ പ്രസിഡന്റ്, ജോർജ് നെല്ലാമറ്റത്തിൽ സെക്രട്ടറി, ജിജു സ്റ്റീഫൻ ട്രഷറർ,
റോഷ്നി രാജ് വൈസ് പ്രസിഡന്റ്, ഫിലിപ്പ് പൗവത്തിൽ, രൺജിത് ചെറുവള്ളിൽ, സുബാഷ് ജോർജ്, മാറ്റ് വിലങ്ങാട്ടുശ്ശേരി എന്നിവർ ജോയൻറ് സെക്രട്ടറിമാരും, എമ്മ കാട്ടൂക്കാരൻ ജോയിന്റ് ട്രെഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു.

ചിക്കാഗോയിൽ നവംബർ 15-ന് ചേർന്ന വാർഷിക പൊതുയോഗത്തിലാണ് 9 അംഗ എക്സിക്യൂട്ടീവ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. നിലവിലെ പ്രസിഡന്റ് ജിതേഷ് ചുങ്കത്ത് പൊതുയോഗത്തിൽ അധ്യക്ഷത വഹിച്ചു. അഡ്വൈസറി ബോർഡ് ചെയർമാൻ ടോമി മേതിപ്പാറ പുതിയ ഭാരവാഹികളുടെ പേരുകൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ഇവരെ കൂടാതെ, സംഘടനയുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി (PRO) ജോൺ കൂളയെയും തിരഞ്ഞെടുക്കപ്പെട്ടു. 38 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു .

അഡ്വൈസറി ബോർഡ്: സ്ഥിരാംഗങ്ങളായ ജിതേഷ് ചുങ്കത്ത്, ടോമി മേതിപ്പാറ, സന്തോഷ് നായർ എന്നിവർക്ക് പുറമെ ജോണിക്കുട്ടി പിള്ളവീട്ടിൽ, ഷിബു അഗസ്റ്റിൻ, രവീന്ദ്രൻ കുട്ടപ്പൻ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവരെ പുതിയ അഡ്വൈസറി ബോർഡ് അംഗങ്ങളായും തിരഞ്ഞെടുത്തു.

നേതൃനിരയിൽ വന്ന പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സന്തോഷ് നായർ ചിക്കാഗോ മലയാളി സമൂഹത്തിലും അമേരിക്കൻ മലയാളികൾക്കിടയിലുംസുപരിചിതനായ പൊതുപ്രവർത്തകനാണ്. നിലവിൽഫൊക്കാനയുടെ(FOKANA) നാഷണൽ ജനറൽ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു വരുന്നു. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് നെല്ലാമറ്റത്തിൽ പ്രമുഖ വ്യവസായിയും സാമൂഹിക നേതാവുമാണ്. കെ.സി.സി.എൻ.എ (KCCNA) മുൻ നാഷണൽ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ജിജു സ്റ്റീഫൻ മലയാളീ സേവന രംഗത്ത് സജീവ സാന്നിധ്യമാണ്. അദ്ദേഹം കഠ മേഖലയിൽ ജോലി ചെയ്യുന്നു. വൈസ് പ്രെഡിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട റോഷ്നി രാജ് IT എൻജിനീയറും NSS ചിക്കാഗോയുടെ സജീവ പ്രവത്തകയും ആണ്. ജോയൻറ് സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ട രൺജിത് ചെറുവള്ളിൽ IT മേഖലയിൽ ജോലി ചെയ്യുന്നു, സുബാഷ് ജോർജ് IT മേഖലയിൽ ജോലി ചെയ്യുന്നു ഫോമാ അടക്കമുള്ള നിരവധി മലയാളീ സംഘടനകളിൽ പ്രവർത്തി പരിചയം.

ഫിലിപ് പൗവത്തിൽ

ബിസിനസ് രംഗത്തും മാറ്റ് വില ങ്ങാട്ടുശ്ശേരി യൂണിവേഴ്സിറ്റി ഓ ഫ് ഇല്ലിനോയിസ് MRI ഡിപ്പാർ ട്മെൻറ് മാനേജർ ആയി ജോലി ചെയ്യുന്നു. KCS അടക്കമുള്ള നി രവധി മലയാളീ സംഘടനകളിൽ പ്രവർത്തി പരിചയം. ജോയിന്റ് ട്രെഷറർ ആയ എമ്മ കാട്ടൂക്കാ രൻ യൂണിവേഴ്സിറ്റി ഓഫ് വി സ്കോൺസിൽ വിദ്യാർത്ഥിയും ചിക്കാഗോയിൽ അറിയപ്പെടുന്ന നർത്തകിയുമാണ്,

പുതിയ ഭരണസമിതിക്ക് സ്ഥാനമൊഴിയുന്ന കമ്മിറ്റിയും പൊതുയോഗവും എല്ലാവിധ ആ ശംസകളും നേർന്നു.

2027ൽ നിരവധി പ്രവർത്ത നങ്ങളാണ് GCMA യുടെ അണി യറയിൽ ഒരുങ്ങുന്നതാണ് ഭാരവാ ഹികൾ അറിയിച്ചു



ഫൊക്കാന വനിതാ ഫോറം വിദ്യാഭ്യാസ സ്കോളർഷിപ്പിനും മെഡിക്കൽ സഹായത്തിനും അപേക്ഷ ക്ഷണിക്കുന്നു



ജിജി റ്റോം
ഫൊക്കാന
പി. ആർ. ഒ.

ഫൊക്കാന വനിതാ ഫോറം വിദ്യാഭ്യാസ സ്കോളർഷിപ്പിനും മെഡിക്കൽ സഹായത്തിനും അപേക്ഷ ക്ഷണിക്കുന്നു

ജിജി റ്റോം, ഫൊക്കാന പി. ആർ. ഒ.

ന്യൂജേഴ്സി: ഫൊക്കാന വനിതാ ഫോറത്തിന്റെ (FOKANA Women's Forum) 20262028 പ്രവർത്തനങ്ങളുടെ ഭാഗമായി



കേരളത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് മെഡിക്കൽ സഹായവും നൽകുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.

ഈ വർഷത്തെ പ്രധാന പദ്ധതിയുടെ ഭാഗമായി 25 അർഹരായ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും മെഡിക്കൽ സഹായവും നൽകാനാണ് വനിതാ ഫോറം ലക്ഷ്യമിടുന്നത്.

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കും ആരോഗ്യപ്രശ്നങ്ങൾ മൂലം ചികിത്സാ സഹായം ആവശ്യമായവർക്കും ഈ പദ്ധതിയിലൂടെ കൈത്താങ്ങാകുകയാണ് ഫോറത്തിന്റെ ലക്ഷ്യം.

പദ്ധതിയിലേക്കുള്ള അപേക്ഷകൾ 2026 നവംബർ 30-നകം സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

2027 ജനുവരി 11, 12, 13 തീയതികളിൽ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന ഫൊക്കാന കേരള കൺവെൻഷനോടനുബന്ധിച്ചായിരിക്കും സ്കോളർഷിപ്പിന്റെയും മെഡിക്കൽ സഹായത്തിന്റെയും വിതരണം. സഹായം സ്പോൺസർ ചെയ്യുന്നവർക്ക് തങ്ങൾ പിന്തുണയ്ക്കുന്ന ഗുണഭോക്താക്കളെ നേരിൽ കാണാനും കൺവെൻഷനിൽ വെച്ച് സഹായം കൈമാറാനും അവസരമുണ്ടാകും.

സ്ത്രീശാക്തീകരണം, വിദ്യാഭ്യാസ പുരോഗതി, സാമൂഹിക പ്രതിബദ്ധത, കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന വനിതാ ഫോറത്തിന്റെ ഈ സംരംഭം അർഹരായ നിരവധി കുടുംബങ്ങൾക്ക് ആശ്വാസമാകുമെന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രെഷറർ ആൻറ്റോ വർക്കി, എന്നിവർ അഭിപ്രായപ്പെട്ടു.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും താഴെ പറയുന്ന ലിങ്കിലോ https://forms.gle/5Pec4k7rWHraBkQf8 , ഫൊക്കാന വനിതാ ഫോറം ചുമതലക്കാരായ ഡോ. ഷൈനി രാജു -ചെയർപേഴ്സൺ, ഡോ. പ്രിയ ലൂയിസ് സെക്രട്ടറി, ഉഷ ചാക്കോ ട്രെഷറർ,ലിസ്സി തോമസ് കോ ചെയർ, ആഷാ റാണി അദാർഷ് ജോയിന്റ് സെക്രട്ടറി, ലിസ്സി ഫിലിപ്പ് ജോയിന്റ് ട്രെഷറർ എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

ഫോമാ നാഷണൽകമ്മിറ്റിയുടെ സത്യപ്രതിജ്ഞാ ചടങ്ങുകൾ പൂർത്തിയായി



സൈജൻ കണിയോടിക്കൽ

നൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) യുടെ ദേശീയ നേതൃത്വത്തിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങ് നവംബർ 16 തിങ്കളാഴ്ച രാത്രി 8 മണിക്ക് സൂം പ്ലാറ്റ്ഫോമിലൂടെ നടന്ന ചടങ്ങിൽ പൂർത്തിയായി.

മുൻ ഗ്രേറ്റ് ലേക്സ് റീജിയണൽ വൈസ് പ്രസിഡന്റ് സുദീപ് കിഷന്റെ പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പോൾ പി. ജോസ് സ്വാഗതം ആശംസിച്ചു.

ഒക്ടോബർ 17-ന് നടന്ന ഫോമാ ജനറൽ ബോഡി യോഗത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ കഴിയാതിരുന്ന നാഷണൽ കമ്മിറ്റി അംഗങ്ങൾക്കും പ്രതിനിധികൾക്കുമായാണ് ചടങ്ങ് സംഘടിപ്പിച്ചത്. ഫോമാ ജുഡീഷ്യറി കൗൺസിൽ ചെയർമാൻ ബെന്നി വാച്ചാച്ചിറ സത്യവാചകം ചൊല്ലിക്കൊടുത്തു. ജുഡീഷ്യറി കൗൺസിൽ സെക്രട്ടറി

ബിനു ജോസഫ് സത്യപ്രതിജ്ഞാ നടപടിക്രമങ്ങൾ വിശദീകരിച്ചു.

സത്യപ്രതിജ്ഞാ ചടങ്ങിനുശേഷം ഫോമാ നാഷണൽ വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ഫോമാ ജുഡീഷ്യറി കൗൺസിൽ വൈസ് ചെയർമാൻ ജോഫ്രിൻ ജോസ്, കൗൺസിൽ അംഗങ്ങളായ ജോസഫ് ഔസോ, ലാലി കളപ്പുരയ്ക്കൽ, ഫോമാ അഡ്വൈസറി കൗൺസിൽ ചെയർമാൻ വിജി എബ്രഹാം, ഫോമാ കംപ്ലയൻസ് കൗൺസിൽ ചെയർപേഴ്സൺ വർഗീസ് കെ. ജോസഫ്, സെക്രട്ടറി ഷൈനി അബൂബക്കർ, വൈസ് ചെയർഷോബി ഐസക്ക്, വിമൻസ് ഫോറം ചെയർപേഴ്സൺ അനുപമ കൃഷ്ണൻ, പി. ആർ. ഒ. സൈജൻ കണിയൊടിക്കൽ, കൺവെൻഷൻ ചെയർമാൻ ഷാലു പുന്നൂസ്, മുൻ പ്രസിഡന്റുമാരായ ബേബി മണക്കുന്നേൽ, ഡോ. ജേക്കബ് തോമസ്, അനിയൻ ജോർജ്ജ്, കേരളാ കൺവെൻഷൻ ചെയർമാൻ സിജിൽ പാലക്കലോടി, റീജിയണൽ വൈസ് പ്രസിഡന്റുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.



സംഘടനയുടെ ഐക്യം, ജനാധിപത്യപരമായ പ്രവർത്തനരീതി, ഭരണഘടനയോടുള്ള പ്രതിബദ്ധത, മലയാളി സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള കൂട്ടായ പ്രവർത്തനം എന്നിവയുടെ പ്രാധാന്യം ആശംസാപ്രസംഗങ്ങളിൽ ഉയർന്നുവന്നു. എല്ലാ നേതാക്കളും കൗൺസിൽ അംഗങ്ങളും റീജിയണൽ വൈസ് പ്രസിഡന്റുമാരും നാഷണൽ കമ്മിറ്റി അംഗങ്ങളും സജീവമായി പങ്കെടുത്തത് ചടങ്ങിന് കൂടുതൽ പ്രാധാന്യം നൽകി.

ഫോമയുടെ സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ദേശീയതലത്തിൽ കൂട്ടായ നേതൃത്വം ഉറപ്പാക്കുന്നതിനും സത്യപ്രതിജ്ഞാ ചടങ്ങ് പുതിയ ഊർജം പകർന്നു.

ഫോമാ നാഷണൽ ട്രഷറർ പ്രദീപ് നായർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

വിൽസ്വരാജിനൊപ്പമുള്ള സംഗീത സന്ധ്യയ്ക്ക് ആതിഥേയത്വം വഹിച്ച് മലയാളം സൊസൈറ്റി, ഹ്യൂസ്റ്റൺ



മലയാളം സൊസൈറ്റി ഓഫ് അമേരിക്ക , ഹ്യൂസ്റ്റൺ (MSA), 2026 നവംബർ 8-ന് ടെക്സാസിലെ സ്റ്റാഫോർഡിലുള്ള ഫിയസ്റ്റ മെക്സിക്കൻ റെസ്റ്റോറന്റ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'മ്യൂസിക്കൽ നൈറ്റ്' വലിയ വിജയമായി മാറി. സംഗീതത്തിന്റെ ആനന്ദവും അർത്ഥവത്തായ ഒരു സാമൂഹിക ലക്ഷ്യവും ഒരുമിച്ചു ചേർത്ത് സംഘടിപ്പിച്ച ഈ പരിപാടി, കല സമൂഹബോധത്തിനും സാമൂഹിക ഉത്തരവാദിത്തത്തിനും ശക്തമായ പ്രചോദനമാകാമെന്ന സന്ദേശം ഉയർത്തിക്കാട്ടി.

ജനങ്ങളെ രസിപ്പിക്കുക മാത്രമല്ല, കരുണയും സാമൂഹിക ഉത്തരവാദിത്തബോധവും വളർത്താനും കലയ്ക്ക് സവിശേഷമായ കഴിവുണ്ട്. ദാരിദ്ര്യം, അസമത്വം, വിവേചനം, സാമൂഹിക അനീതി തുടങ്ങിയ വിഷയങ്ങളിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കാനും, നല്ല മാറ്റങ്ങൾ സൃഷ്ടിക്കാനും കല സഹായകമാകുന്നു. ഈ കാഴ്ചപ്പാടോടെയാണ് കേരളത്തിൽ സ്വന്തം കുടുംബത്തിനായി ഒരു വീട് നിർമിക്കണമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന യുവഗായകൻ വിൽസ്വരാജിനെ പിന്തുണയ്ക്കുന്നതിനായി ങടഅ ഈ സംഗീതസന്ധ്യ സംഘടിപ്പിച്ചത്.

പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാനാവാത്ത സംഗീതാനുഭവമാണ് ലഭിച്ചത്. തന്റെ മധുരസ്വരത്തിലൂടെ വിൽസ്വരാജ് ശ്രോതാക്കളെ ഓർമ്മകളുടെ സുന്ദര ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. പ്രണയഗാനങ്ങൾ, ഭക്തിഗാനങ്ങൾ, സെമി-ക്ലാസിക്കൽ ഗാനങ്ങൾ, തമിഴ് ഹിറ്റുകൾ, പ്രേക്ഷകരുടെ അഭ്യർഥനപ്രകാരമുള്ള ഗാനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഗാനങ്ങളാൽ സമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ അവതരണം. ഓരോ ഗാനവും ഹൃദയസ്പർശിയായും മനോഹരമായും ആലപിച്ച അദ്ദേഹം സദസിൽ സന്നിഹിതരായ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

മലയാളം സൊസൈറ്റിയുടെ സ്ഥാപക പ്രസിഡണ്ടായിരുന്ന ജോർജ് മണ്ണിക്കരോട്ടിന്റെ വേർപാടിൽ പുതിയ പ്രസിഡണ്ടായി ദൗത്യം ഏറ്റെടുത്ത കവിയും എഴുത്തുകാരനും ചിന്തകനുമായ ശ്രീ ജോർജ്

പുത്തൻകുരിശിനെ വേദിയിലേക്ക് ക്ഷണിച്ചുകൊണ്ട് സെക്രട്ടറി ടി. എൻ സാമുവൽ പരിപാടിക്ക് തുടക്കം കുറിച്ച്. തന്റെ ഹ്രസ്വ പ്രസംഗത്തിൽ പ്രസിഡന്റ് പുത്തൻകുരിശ് എല്ലാവരോടും അവരുടെ സാന്നിധ്യത്തിനും സംഘടനയ്ക്ക് നൽകിവരുന്ന പിന്തുണയ്ക്കും നന്ദി രേഖപ്പെടുത്തി. അതോടൊപ്പം പരേതനായ മണ്ണിക്കരോട്ട് മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകളെ സ്മരിക്കുകയും ചെയ്തു



ഔപചാരിക പരിപാടികൾ ആരംഭിക്കുന്നതിന് മുൻപ്, 2026 ജനുവരി 1-ന് ഫേസ്‌ടൈമിലൂടെ ജോർജ് മണ്ണിക്കരോട്ടിനായി പാടിയിരുന്ന ഒരു ഗാനം ആലപിക്കാൻ പ്രസിഡന്റ് പുത്തൻകുരിശ് വിൽസ്വരാജിനെ ക്ഷണിച്ചു. ഈ പരിപാടിയിൽ നേരിൽ കണ്ടുമുട്ടാനുള്ള അവസരം വിൽസ്വരാജ് ആകാംക്ഷയോടെ കാത്തിരുന്നുവെങ്കിലും, അത് യാഥാർത്ഥ്യമാകാതെ പോയി. ഗാനാലാപനത്തിന് ശേഷം, ജോർജ് മണ്ണിക്കരോട്ടിന്റെ സ്മരണാർത്ഥം ഒരു മിനിറ്റ് മൗനം ആചരിക്കാൻ പ്രസിഡന്റ് സദസിനോട് അഭ്യർത്ഥിച്ചു. മലയാളം സൊസൈറ്റി ഓഫ് അമേരിക്കയുടെ (MSA) സ്ഥാപകനെന്ന നിലയിലും അദ്ദേഹം നൽകിയ അമൂല്യ സംഭാവനകളുടെ സ്മരണയ്ക്കുമായാണ് ഈ ആദരാഞ്ജലി അർപ്പിച്ചത്.



സാമൂഹ്യ പ്രവർത്തകയും സംഘാടകയും, ജീവകാരുണ്യ പ്രവർത്തകയും കലാ പ്രോത്സാഹക കൂടാതെ പരേതനായ മണ്ണിക്കരോട്ടിനോടൊപ്പം മുപ്പത് വർഷത്തിലധികം മലയാളം സൊസൈറ്റിയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ച ശ്രീമതി പൊന്നുപിള്ള സദസ്സിലെ ഏവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തു. തുടർന്ന് മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനും സമൂഹനേതാവുമായ എ. സി. ജോർജ് മണ്ണിക്കരോട്ടിനെ അനുസ്മരിച്ച് പ്രഭാഷണം നടത്തി. അദ്ദേഹത്തിന്റെ അനുസ്മരണത്തിൽ മലയാളി സമൂഹത്തിനു മണ്ണിക്കരോട്ട് നൽകിയ സംഭാവനകളെ പ്രകീർത്തിച്ചു സംസാരിച്ചു.



സന്ധ്യയിലെ പ്രധാന ആകർഷണങ്ങളിലൊന്നായിരുന്നു, സമൂഹത്തിനുവേണ്ടി നൽകിയ വിശിഷ്ട സേവനങ്ങൾ പരിഗണിച്ച് പരേതനായ ജോർജ് മണ്ണിക്കരോട്ടിന് മരണാനന്തര ബഹുമതിയായി ലഭിച്ച ഫൊക്കാന ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്. സ്റ്റാഫോർഡ് നഗര മേയറുടെ സാന്നിധ്യത്തിൽ, അമേരിക്കൻ മലയാളി സമൂഹ

ത്തിന്റെ രക്ഷാധികാരികളും അംഗങ്ങളും പങ്കെടുത്ത ചടങ്ങിൽ അദ്ദേഹത്തിന്റെ മകൻ ജെറി മണ്ണിക്കരോട്ടിന് കൈമാറി. ജെറിയുടെ മറുപടി പ്രസംഗത്തിൽ, തന്റെ പിതാവിന് അവാർഡ് കൊടുത്ത ഫോക്കാനയേയും, കൺവെൻഷൻ നഗരിക്ക് 'മണ്ണിക്കരോട്ട് നഗർ' എന്ന് പേര് നൽകി ആദരിച്ച ലാനായേയും, ഇതിനെല്ലാം മുഖാന്തിരമായ മലയാളം സൊസൈറ്റിയോടും നന്ദി പ്രകാശിപ്പിക്കുകയും, ഭാരവാഹികളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

രണ്ടര മണിക്കൂറിലേറെ നീണ്ടുനിന്ന സംഗീതവിരുന്നിൽ, തന്റെ അസാമാന്യ സംഗീതപ്രതിഭയിലൂടെ വിൽസ്വരാജ് പ്രേക്ഷകരെ വിസ്മയിപ്പിച്ചു. മതത്തിന്റെയും വർഗത്തിന്റെയും സംസ്കാരത്തിന്റെയും അതിരുകൾ മറികടക്കുന്ന സർവലൗകിക ഭാഷയാണ് സംഗീതമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ആ സന്ദേശം അദ്ദേഹത്തിന്റെ അവതരണത്തിലുടനീളം പ്രകടമായിരുന്നു. സംഗീതത്തിലൂടെ പങ്കുവെച്ച സ്നേഹത്തിലും ഓർമ്മകളിലും ഒരു സൗഹൃദാന്തരീക്ഷം അദ്ദേഹം സൃഷ്ടിച്ചു. അതിഥിയായി എത്തിയ ശ്രീമതി നിഷയും, ശബ്ദസംവിധാനം നിയന്ത്രിച്ചിരുന്ന ജോബിയും മനോഹര ഗാനങ്ങൾ



ആലപിച്ച് സദസ്സിനെ ആഹ്ളാദഭരിതരാക്കുകയും ചെയ്തു.

പരിപാടിയുടെ സമാപനത്തിൽ കവിയും, ചിന്തകനും എഴുത്തുകാരനുമായ സെക്രട്ടറി ടി. എൻ. സാമുവൽ നന്ദിപ്രസംഗം നടത്തി. കലാകാരന്മാർ, അതിഥികൾ, പങ്കെടുത്തവർ എന്നിവർ ഉൾപ്പെടെ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും അദ്ദേഹം നന്ദി അറിയിച്ചു.

സ്വാദിഷ്ടമായ അത്താഴത്തിനുശേഷം, വിൽസ്വരാജിന്റെ മനോഹര ഗാനങ്ങളുടെ അനുരണനവും മധുരസ്മരണകളും നിറഞ്ഞ മനസ്സുമായാണ് അതിഥികൾ മടങ്ങിയത്. സംഗീതവും സമൂഹസേവനവും കൈകോർത്ത ഈ മ്യൂസിക്കൽ നൈറ്റ്, അമേരിക്കൻ മലയാളി സമൂഹത്തിന് ഏറെ അർത്ഥവത്തും അവിസ്മരണീയവുമായ ഒരു സംഗമമായി മാറി.













Save $894.* Combine Home & Auto.

Michael Tharian, Agent

1855 Victory Blvd
Staten Island, NY 10314

Toll Free:
888-644-7222

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

We Serve These States
NY, NJ, PA, & CT.

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

ക്നാനായ നൈറ്റ് 2026: കലാവിസ്മയങ്ങളും സാംസ്കാരിക വൈവിധ്യവും സമുദായ ഐക്യവും നിറഞ്ഞ ചിക്കാഗോയിലെ അവിസ്മരണീയ ആഘോഷരാവ്!



ഷാജി പള്ളിവീട്ടിൽ
കെ.സി.എസ് ജനറൽ സെക്രട്ടറി

ചിക്കാഗോ, നവംബർ 15, 2026: ചിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റിയുടെ (KCS Chicago) ആഭിമുഖ്യത്തിൽ നവംബർ 14 ശനിയാഴ്ച ലൈലിലെ ബെനഡിക്ടിൻ യൂണിവേഴ്സിറ്റിയുടെ ഡാനിയേൽ ഗുഡ്വിൻ ബിസിനസ് സെന്ററിൽ സംഘടിപ്പിച്ച ക്നാനായ നൈറ്റ് 2026, കലാവൈഭവത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും സമുദായ ഐക്യത്തിന്റെയും ഉജ്ജ്വലമായ ആഘോഷമായി മാറി. അതിമനോഹരമായ കലാപ്രകടനങ്ങളും വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും മികച്ച സംഘാടനമികവുംകൊണ്ട് ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ആഘോഷരാവായി ക്നാനായ നൈറ്റ് 2026 മാറി.

കിഡ്സ് ക്ലബ്ബിലെ കൊച്ചുകുട്ടികൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ തലമുറകളുടെയും സജീവ പങ്കാളിത്തമായിരുന്നു ഈ വർഷത്തെ ക്നാനായ നൈറ്റിന്റെ ഏറ്റവും വലിയ സവിശേഷത. വർണാഭമായ വേഷവിധാനങ്ങളും ആകർഷകമായ നൃത്താവിഷ്കാരങ്ങളും ഹൃദ്യമായ സംഗീതപരിപാടികളും വൈവിധ്യമാർന്ന കലാപ്രകടനങ്ങളും വേദിയെ അക്ഷരാർത്ഥത്തിൽ ഒരു കലാവിസ്മയമാക്കി മാറ്റി. ഓരോ പരിപാടിയിലും കലാകാരന്മാരുടെയും കോർഡിനേറ്റർമാരുടെയും ആഴ്ചകൾ നീണ്ട പരിശീലനത്തിന്റെയും കഠിനാധ്വാനത്തിന്റെയും സർഗാത്മകതയുടെയും പ്രതിഫലനം പ്രകടമായിരുന്നു.

സമുദായാംഗങ്ങളുടെ അഭൂതപൂർവമായ പങ്കാളിത്തവും ഈ വർഷത്തെ



ആഘോഷത്തിന്റെ മറ്റൊരു പ്രധാന സവിശേഷതയായിരുന്നു. സദസ്സ് നിറഞ്ഞുകവിഞ്ഞതിനാൽ ഇരിക്കാൻ ഒഴിഞ്ഞ കസേര കണ്ടെത്താൻപോലും ബുദ്ധിമുട്ടനുഭവപ്പെട്ട അവസ്ഥയായിരുന്നു. പരിപാടികളുടെ ഉന്നത നിലവാരവും വൈവിധ്യവും കാണികളെ തുടക്കം മുതൽ അവസാനം വരെ ആവേശഭരിതരാക്കി. ഒരു പരിപാടി കഴിയുമ്പോൾ അടുത്തത് എന്തായിരിക്കുമെന്ന ആകാംക്ഷയോടെ കാണികൾ സദസ്സിൽ തുടർന്നു. പരിപാടി അവസാനിക്കുന്നതിനുമുമ്പ് മടങ്ങിപ്പോകാൻ ആർക്കും മനസ്സുവരാത്തവിധം ആസ്വാദ്യകരമായിരുന്നു ഓരോ കലാപ്രകടനവും.







പരമ്പരാഗത രീതികളിൽനിന്നുള്ള മാറ്റം: പൊതുസമ്മേളനം ഒഴിവാക്കി കലാപരിപാടികൾക്ക് പ്രാധാന്യം

ക്നാനായ നൈറ്റ് 2026-ന്റെ ഏറ്റവും ശ്രദ്ധേയവും പൊതുജനപ്രശംസ നേടിയതുമായ പ്രത്യേകത, പരമ്പരാഗത പൊതുസമ്മേളനം ഒഴിവാക്കി മുഴുവൻ സമയവും കലാസാംസ്കാരിക പരിപാടികൾക്കായി മാറ്റിവെച്ച തീരുമാനമായിരുന്നു.

മുൻകാലങ്ങളിൽ ക്നാനായ നൈറ്റിന്റെ ഭാഗമായി നടന്നിരുന്ന പൊതുസമ്മേളനം ഒഴിവാക്കിയതിലൂടെ കലാകാരന്മാർക്ക്



കൂടുതൽ അവസരങ്ങൾ ലഭിക്കുകയും കാണികൾക്ക് ഇടവേളകളില്ലാതെ പരിപാടികൾ ആസ്വദിക്കാൻ സാധിക്കുകയും ചെയ്തു. ഈ പുതിയ സമീപനത്തെ സദസ്സ് നിറഞ്ഞ കൈയടികളോടെയാണ് സ്വീകരിച്ചത്.

പൊതുസമ്മേളനം ഒഴിവാക്കിയ തീരുമാനം ഏറെ സ്വാഗതാർഹമാണെന്നും ഭാവിയിലും ഇതേ മാതൃക തുടരണമെന്നും നിരവധി സമുദായാംഗങ്ങൾ അഭിപ്രായപ്പെട്ടു. സമുദായാംഗങ്ങളുടെ താൽപര്യങ്ങൾക്കും കലാപ്രതിഭകൾക്കും മുൻഗണന നൽകുന്ന ഇത്തരം ക്രിയാത്മക മാറ്റങ്ങൾ സമൂഹത്തിന്റെ പുരോഗതിക്ക് അനിവാര്യമാണെന്ന സന്ദേശമാണ് ഈ തീരുമാനം നൽകിയത്.

സമയനിഷ്ഠയിലും സംഘാടനമികവിലും പുതിയ മാതൃക:

ക്നാനായ നൈറ്റ് 2026-നെ വ്യത്യസ്തമാക്കിയ മറ്റൊരു പ്രധാന ഘടകം സംഘാടകരുടെ അസാധാരണമായ സമയനിഷ്ഠയും കാര്യക്ഷമമായ പരിപാടി നിയന്ത്രണവുമായിരുന്നു.

മുൻകൂട്ടി പ്രഖ്യാപിച്ചതുപോലെ കൃത്യം വൈകുന്നേരം 5 മണിക്ക് ആരംഭിച്ച പരിപാടികൾ രാത്രി 9:30-ന് അവസാനിച്ചു. വിവിധ പ്രായവിഭാഗങ്ങളിൽപ്പെട്ട നിരവധി കലാകാരന്മാരെ ഉൾപ്പെടുത്തി ഇത്രയധികം വൈവിധ്യമാർന്ന പരിപാടികൾ സമയബന്ധിതമായി അവതരിപ്പിക്കാൻ കഴിഞ്ഞത് സംഘാടകരുടെ മികച്ച ആസൂത്രണത്തിന്റെയും അച്ചടക്കമുള്ള പ്രവർത്തനത്തിന്റെയും തെളിവായി.

ഓരോ പരിപാടിക്കും ഇടയിലുള്ള സമയനഷ്ടം പരമാവധി കുറച്ചുകൊണ്ട് കലാപരിപാടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ സംഘാടകർക്കു സാധിച്ചു. കൃത്യ സമയത്ത് ആരംഭിക്കുകയും നിശ്ചിതസമയത്ത് അവസാനിക്കുകയും ചെയ്ത ഈ ആഘോഷം സമുദായാംഗങ്ങളിൽനിന്ന് പ്രത്യേക പ്രശംസ നേടി.

സമയനിഷ്ഠയും പൊതുസമ്മേളനം ഒഴിവാക്കിയ











തീരുമാനവും ക്നാനായ നൈറ്റ് 2026-ന്റെ വിജയത്തിന് നിർണായകമായ രണ്ട് ഘടകങ്ങളായി മാറി.

കെ.സി.എസ്. നേതൃത്വത്തിനും കോർഡിനേറ്റർമാർക്കും അഭിനന്ദനപ്രവാഹം

ഈ വർഷത്തെ ക്നാനായ നൈറ്റിന്റെ വൻവിജയത്തിന് പിന്നിൽ പ്രവർത്തിച്ച കെ.സി.എസ്. എക്സിക്യൂട്ടീവ് ബോർഡിനും ക്നാനായ നൈറ്റ് കോർഡിനേറ്റർമാർക്കും വിവിധ സംഘടനാ ഭാരവാഹികൾക്കും സന്നദ്ധപ്രവർത്തകർക്കും സമുദായാംഗങ്ങൾ ഹൃദയപൂർവമായ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചു.

പ്രത്യേകിച്ച് കുട്ടികളെ പരിശീലിപ്പിച്ച് വേദിയിലെത്തിക്കുന്നതിനും വിവിധ പ്രായ വിഭാഗങ്ങളിലെ കലാകാരന്മാരെ ഏകോപിപ്പിക്കുന്നതിനും പരിപാടികളുടെ സമയക്രമം കൃത്യമായി പാലിക്കുന്നതിനും കോർഡിനേറ്റർമാർ നടത്തിയ പരിശ്രമങ്ങൾ ഏറെ പ്രശംസനീയമായിരുന്നു.

കുട്ടികളുടെ കലാപരിപാടികൾക്ക് പിന്നിൽ പ്രവർത്തിച്ച കിഡ്സ് ക്ലബ്, KCJL കോർഡിനേറ്റർമാർ, വിമൻസ് ഫോറം പ്രവർത്തകർ, യുവജനങ്ങൾ, മുതിർന്ന പൗരന്മാരുടെ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളുടെ കൂട്ടായ പ്രവർത്തനമാണ് ഈ ആഘോഷത്തെ ഉന്നത നിലവാരത്തിലെത്തിച്ചത്.

ഓരോ പരിപാടിയുടെയും പിന്നിൽ പ്രവർത്തിച്ച കലാകാരന്മാരുടെയും പരിശീലകരുടെയും മാതാപിതാക്കളുടെയും സന്നദ്ധ പ്രവർത്തകരുടെയും ആത്മാർഥമായ സഹകരണവും സമർപ്പണവും ഈ വിജയത്തിൽ നിർണായക പങ്കുവഹിച്ചു.





തലമുറകളെ ഒന്നിപ്പിച്ച സാംസ്കാരിക മഹോത്സവം:

ക്നാനായ നൈറ്റ് 2026 കേവലം ഒരു കലാപരിപാടി മാത്രമായിരുന്നില്ല; മറിച്ച് വിവിധ തലമുറകളെ ഒരേ വേദിയിൽ ഒന്നിപ്പിച്ച സാംസ്കാരിക സംഗമം കൂടിയായിരുന്നു.

കൊച്ചുകുട്ടികളുടെ നിഷ്കളങ്കമായ



കലാപ്രകടനങ്ങളും യുവജനങ്ങളുടെ ഊർജസ്വലമായ അവതരണങ്ങളും മുതിർന്നവരുടെ അനുഭവസമ്പത്തും കലാപ്രതിഭയും ഒരുമിച്ചപ്പോൾ ക്നാനായ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകവും ഐക്യവും കൂടുതൽ ശക്തമായി പ്രതിഫലിച്ചു.

പുതുതലമുറയ്ക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനും മാതൃസംസ്കാരത്തോടും സമുദായ പാരമ്പര്യങ്ങളോടുമുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും ഈ ആഘോഷം മികച്ച അവസരമൊരുക്കി.

ക്രിയാത്മക മാറ്റങ്ങളുടെ വിജയഗാഥയായി ക്നാനായ നൈറ്റ് 2026:

ക്നാനായ നൈറ്റ് 2026 ഓർമിക്കപ്പെടുക അതിമനോഹരമായ കലാപ്രകടനങ്ങളുടെ പേരിൽ മാത്രമല്ല, മറിച്ച് സംഘാടനരംഗത്ത് കൊണ്ടുവന്ന ക്രിയാത്മക മാറ്റങ്ങളുടെയും മികച്ച സമയനിയന്ത്രണത്തിന്റെയും പേരിലായിരിക്കും.

പൊതുസമ്മേളനം ഒഴിവാക്കി കലാപരിപാടികൾക്ക് പൂർണ പ്രാധാന്യം നൽകിയതും എല്ലാ തലമുറകളെയും ഉൾപ്പെടുത്തി വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിച്ചതും കൃത്യസമയത്ത് പരിപാടികൾ ആരംഭിച്ച് അവസാനിപ്പിച്ചതും ഭാവിയിലെ സമുദായ ആഘോഷങ്ങൾക്ക് അനുകരണീയമായ മാതൃകയായി മാറി.

കാണികളിൽനിന്ന് ലഭിച്ച ആവേശകരമായ പ്രതികരണങ്ങളും അഭിനന്ദനങ്ങളും കെ.സി.എസ്. നേതൃത്വത്തിന്റെ ക്രിയാത്മക മാറ്റങ്ങൾക്കായുള്ള ശ്രമങ്ങൾക്ക് ലഭിച്ച അംഗീകാരമായി വിലയിരുത്താം.

കലയും സംസ്കാരവും പാരമ്പര്യവും സമുദായ ഐക്യവും ക്രിയാത്മക മാറ്റങ്ങളും ഒരുമിച്ചുചേർന്ന ക്നാനായ നൈറ്റ് 2026, ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ മനസ്സിൽ എന്നും മായാത്ത ഓർമയായി നിലനിൽക്കും.

മാറ്റങ്ങൾ വാക്കുകളിൽ മാത്രമല്ല, പ്രവൃത്തിയിലൂടെയും പ്രകടമാക്കാമെന്ന് തെളിയിച്ച ഒരു അവിസ്മരണീയ ആഘോഷരാവായിരുന്നു ക്നാനായ നൈറ്റ് 2026!





ജോസ് ഓച്ചാലിയുടെ എഴുത്തുജീവിതം ചർച്ച സംഘടിപ്പിച്ചു.

ബാജി ഓടംവേലി
സെക്രട്ടറി
കേരള ലിറ്റററി സൊസൈറ്റി, ഡാലസ്



ഡാലസ് :- കേരള ലിറ്റററി സൈസൈറ്റി ജോസ് ഓച്ചാലിയുടെ എഴുത്തിനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ചർച്ചാ സദസ്സ് 2026 നവംബർ 15 ഞായറാഴ്ച വൈകിട്ട് 8 മണിക്ക് സംഘടിപ്പിച്ചു.

ഏവർക്കും സുപരിചിതനായ അമേരിക്കൻ മലയാളി എഴുത്തുകാരനാണ് ജോസ് ഓച്ചാലിൽ. ഇദ്ദേഹം നല്ലൊരു കവിയും കഥാകാരനുമാണ്. അനേകം ഭക്തിഗാനങ്ങളും ആൽബംസോങ്ങ്സും എഴുതിയിട്ടുള്ള ഇദ്ദേഹം ഒരു ഭക്തകവിയായും അറിയപ്പെടുന്നു. കേരള ലിറ്റററി സൊസൈറ്റിയുടെയും ലിറ്റററി സൊസൈറ്റി



ഓഫ് നോർത്ത് അമേരിക്ക ഇളയ മകനായി 1949 ജനി ച്ചു. കഥാപ്രസംഗ കലയുടെ ഉപജ്ഞാതാക്കളിൽ ഒരാളും പ്രചാരകനുമായിരുന്നു പിതാവ്. ഡാലസ്സിലെ FMC യിൽ വളരെക്കാലം ജോലി ചെയ്തു. ഇപ്പോൾ ഡാലസിൽ വിശ്രമജീവിതം നയിക്കുന്നു. ഭാര്യ :- ആൻസി ജോസഫ് , മക്കൾ :- അഞ്ജു, അബു, സാം.

(ലാന) യുടെയും മുൻ പ്രസിഡന്റായ ജോസ് ഓച്ചാലിൽ സാഹിത്യ സാമൂഹ്യ രംഗങ്ങളിലും വിവിധ നിലകളിൽ നേതൃത്വം വഹിച്ചിട്ടുണ്ട്.

ജീവിതം ഒരു തീർത്ഥയാത്ര, പ്രവാസിയുടെ ഗീതങ്ങൾ, നന്മതൻ പൂമരം എന്നീ മൂന്ന് കവിതാസമാഹാരങ്ങളും, പറുദീസയിലെ ചക്രവാകപ്പക്ഷികൾ എന്ന കഥാസമാഹാരവും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുവല്ലയ്ക്കടുത്ത് തിരുവൻവണ്ടൂരിൽ ഓച്ചാലിൽ കുടുംബത്തിൽ വിദ്വാൻ പി. സി. അബ്രഹാമിന്റെയും അന്നമ്മയെന്ന കൊച്ചുപെണ്ണിന്റെയും ഒൻപതു മക്കളിൽ

എഴുത്തുകാരൻ ജോൺ മാത്യു ഹ്യൂസ്റ്റൺ, ജനനി മാസിക ചീഫ് എഡിറ്റർ ജെ. മാത്യൂസ് ന്യൂയോർക്ക്, ലാന പ്രസിഡന്റ് സാമുവേൽ യോഹന്നാൻ, പി. പി. ചെറിയാൻ, സി. വി. ജോർജ്, മീനു എലിസബത്ത് എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. മനോഹർ തോമസ്, രാജു തോമസ്, ഹരിദാസ് തങ്കപ്പൻ, ഷാജു ജോൺ, സന്തോഷ് പിള്ള, പി. സി. മാത്യു, റഫീക്ക് തറയിൽ, തെരേസ ടോം, റോസമ്മ ജോർജ് എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ജോസ് ഓച്ചാലിൽ മറുപടി പ്രസംഗം നടത്തുകയും ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

കേരള ലിറ്ററി സൊസൈറ്റി പ്രസിഡന്റ് അനശ്വരം മാമ്പിള്ളി ആദ്ധ്യക്ഷത വഹിച്ചു.

കെ.എൽ.എസ് ജോയിന്റ് സെക്രട്ടറി ഡോ. ദർശന മനയത്ത് സ്വാഗതവും സെക്രട്ടറി ബാജി ഓടംവേലി കൃതജ്ഞതയും അറിയിച്ച് സംസാരിച്ചു.

Pravasi Channel & eMalayalee
Presents



GlobeON
News

Every Day
10am | 2pm |
6pm & 10pm US EST

Watch all Media Outlets via 'MediaAppUSA'

Download for FREE on all
Streaming Devices and Smart TV's

Also on iPhone
and Android Phone

MediaAppUSA
mediaappusa.com

For more info: 1-917-662-1122 | info@medialogistics.us